ഭാരത സർക്കാർ
ധന മന്ത്രാലയം
റവന്യൂ വകുപ്പ്

# ചരക്ക് സേവന നികുതി

## എം.എസ്.എം.ഇ. മേഖല

**സെൻട്രൽ ടാക്സ്, സെൻട്രൽ എക്സൈസ് & കസ്റ്റംസ്**
**തിരുവനന്തപുരം സോൺ**

150
വർഷം
മഹാത്മാവിനെ
ആഘോഷിക്കുന്നു

| | |
|---|---|
| 1 | രാഷ്ട്രം |
| | നികുതി |
| | വിപണി |

# ഉള്ളടക്കം

## പാർട്ട് - I: ജി.എസ്.ടി. – ഒരു വിഹഗവീക്ഷണം


1. ആമുഖം 4
2. ജി.എസ്.ടി. റെജിസ്ട്രേഷൻ 5 - 6
3. കോമ്പോസിഷൻ ലെവി സ്കീം 7- 8
4. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് 9
5. ജി.എസ്.ടി.യിലെ നികുതി ഇൻവോയിസ് 10
6. സി.എ. നടത്തുന്ന നിർബന്ധിതമായ ഓഡിറ്റിൽ നിന്ന് എം.എസ്.എം.ഇ.മേഖലയെ ഒഴിവാക്കൽ 11
7. റിട്ടേണുകൾ ജി.എസ്.ടി.യിൽ 12 - 13
8. ജി.എസ്.ടി.യ്ക്കു കീഴിൽ എം.എസ്.എം.ഇ. മേഖലയ്ക്കായി എടുത്തിട്ടുള്ള നടപടികൾ 14 - 17


## പാർട്ട് -II : ജി.എസ്.ടി. കൗൺസിലിന്റെ സുപ്രധാന തീരുമാനങ്ങൾ


1. ആമുഖം 19 - 21
2. കോമ്പോസിഷൻ സ്കീം 22 - 23
3. റിട്ടേണുകളുടെ ഫയലിംഗ് 24 - 25
4. ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ വ്യാപ്തി 26
5. കയറ്റുമതികൾ 27 - 28
6. നികുതിയുടെ പേയ്മെന്റ് 29
7. മറ്റുള്ള മാറ്റങ്ങൾ 30
8. കരകൗശല വസ്തുക്കളിന്മേലുള്ള ജി.എസ്.ടി. 31 - 32
9. ടെക്സ്റ്റൈൽസിന്മേലുള്ള ജി.എസ്.ടി. 33 - 34
10. ചരക്കുകൾ – നിരക്കുകളിൽ വരുത്തിയ കുറവ് 35 - 37
11. സേവനങ്ങൾ – നിരക്കുകളിൽ വരുത്തിയ കുറവ് 38 - 39



## പാർട്ട് - III : എം.എസ്.എം.ഇ.കളെ സംബന്ധിച്ച ആവർത്തിച്ച് ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ 40 - 55

# പാർട്ട്-I

## ജി.എസ്.ടി. - ഒരു വിഹഗവീക്ഷണം

### അദ്ധ്യായം 1

# ആമുഖം

മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്മെന്റ് (എം.എസ്.എം.ഇ.ഡി.) ആക്ട് 2006ന്റെ വ്യവസ്ഥകൾ അനുസരിച്ച് മൈക്രോ, സ്മോൾ, മീഡിയം എന്റർപ്രൈസുകളെ (എം.എസ്.എം.ഇ.) അഥവാ സംരംഭങ്ങളെ അവയുടെ ബിസിനസിന്റെ വാർഷിക വരുമാനം (അതായത് വില്പന) അനുസരിച്ചാണ് നിർവചിച്ചിരിക്കുന്നത്. കേന്ദ്ര മന്ത്രിസഭ അംഗീകരിച്ചിട്ടുള്ളത് പ്രകാരം മൈക്രോ സംരംഭം എന്നത് വാർഷിക വിറ്റുവരവ് 5 കോടി രൂപയിൽ അധികരിക്കാത്ത ഒരു സംരംഭമാണ്;സ്മോൾ അഥവാ ചെറുകിട സംരംഭം എന്നത് വാർഷിക വിറ്റുവരവ് 5 കോടി രൂപയെ അധികരിക്കുന്നതും എന്നാൽ 75 കോടി രൂപയിൽ അധികരിക്കാത്തതുമായ ഒരു സംരംഭമാണ്; മീഡിയം അഥവാ ഇടത്തരം സംരംഭം എന്നത് വാർഷിക വിറ്റുവരവ് 75 കോടി രൂപയിൽ അധികരിക്കുന്നതും എന്നാൽ 250 കോടി രൂപയിൽ അധികരിക്കാത്തതുമായ ഒരു സംരംഭമാണ്;

എം.എസ്.എം.ഇ. രംഗം ദേശീയ സമ്പദ് വ്യവസ്ഥയിലേക്ക് ഗണ്യമായ സംഭാവന നല്കുന്നതിനോടൊപ്പം, **സംരംഭകത്വത്തിനും നൈപുണ്യ വികസനത്തിനും വളക്കൂറുള്ള മണ്ണാകുന്നതിനു പുറമേ ഏറ്റവും വലിയ തൊഴിൽദാതാവായിരിക്കുകയും ചെയ്യുന്നു.** എം.എസ്.എം.ഇ.കളുടെ എണ്ണം 30 ദശലക്ഷത്തിലധികവും അവയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം ഏകദേശം 100 ദശലക്ഷവുമാണ്.

വളരുന്നതിനുള്ള സാദ്ധ്യതയും അന്തർലീനമായ ശേഷികളുമുണ്ടെങ്കിലും, ഇന്ത്യയിലെ എം.എസ്.എം.ഇ.കൾ, പരമാവധി ശേഷിയിലും കുറഞ്ഞ തോതിൽ പ്രവർത്തിക്കുക, കാലഹരണപ്പെട്ട സാങ്കേതികവിദ്യ, വിതരണ ശൃംഖലകളിലെ കാര്യക്ഷമതാരാഹിത്യം, വർദ്ധിച്ചുവരുന്ന ആഭ്യന്തരവും ആഗോളവുമായ മത്സരം, ഫണ്ട് കുറവ്, നിർമ്മാണ തന്ത്രങ്ങളിലെ വ്യത്യാസം, പ്രക്ഷുബ്ധവും അനിശ്ചിതവുമായ വിപണി അന്തരീക്ഷം എന്നിങ്ങനെയുള്ള നിരവധി പ്രശ്നങ്ങളെ അഭിമുഖീകരിക്കുകയാണ്.

നിലവിലുള്ള മത്സരാധിഷ്ഠിത രംഗത്ത് എം.എസ്.എം.ഇ.കളുടെ സുസ്ഥിരമായ വളർച്ചയും വികസനവും ഉറപ്പാക്കുന്നതിന്, അതിജീവിക്കുന്നതിനും വമ്പനും ആഗോളവുമായ സംരംഭങ്ങളുമായി മത്സരിക്കുന്നതിനും ഇത്തരമൊരു സ്ഥിതിവിശേഷത്തിൽ ഈ സംരംഭങ്ങൾക്ക് പിന്തുണയും സഹായവും ആവശ്യമാണ്. ചരക്കു സേവന നികുതി അഥവാ ജി.എസ്.ടി.യുടെ കാര്യത്തിൽ, സമയം, ചെലവ്, അതുപോലെതന്നെ ഊർജ്ജം എന്നിവയുടെ കാര്യത്തിലുള്ള അനുവർത്തനം എം.എസ്.എം.ഇ.കളെ സംബന്ധിച്ചിടത്തോളം വലിയ കമ്പനികളുമായി താരതമ്യം ചെയ്യുമ്പോൾ വളരെ ഉയർന്നതാണ്. വലിയ കമ്പനികളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് അവയെ വളരെ കൂടുതൽ ബാധിക്കുന്നു. അതിനാൽ, അനുവർത്തന വെല്ലുവിളികളിൽ പെട്ടെന്നുള്ള വർദ്ധനവുമായി/ മാറ്റവുമായി പൊരുത്തപ്പെടാൻ അവയെ സഹായിക്കുന്നതിന് ചില ഇളവ് ആനുകൂല്യങ്ങൾ ആവശ്യമാണ്.

അതിനനുസരിച്ച്, ജി.എസ്.ടി. നിലവിൽ വന്നപ്പോൾ, ചെറുകിട ഇടത്തരം സംരംഭങ്ങൾക്ക് ത്രെഷ്ഹോൾഡ് ഒഴിവാക്കലുകൾ, കോമ്പോസിഷൻ ലെവി സ്കീമുകൾ, ജി.എസ്.ടി. റിട്ടേണുകളുടെ ത്രൈമാസിക ഫയലിംഗ് എന്നിവയുടെ രൂപത്തിലുള്ള നിരവധി അനുവർത്തന ഇളവുകളുടെ രൂപത്തിൽ ഒട്ടനവധി ആനുകൂല്യങ്ങൾ അനുവദിച്ചിരുന്നു. അങ്ങനെ ചെയ്തപ്പോൾ, അവ മത്സര സ്പർദ്ധഇല്ലാതെയാകരുത്എന്ന കാര്യം മനസ്സിൽ വയ്ക്കുകയും, സപ്ലൈ ചെയിനിൽ ഇടതടവില്ലാത്ത ഐ.ടി.സി. പോലെയുള്ള ജി.എസ്.ടി.യുടെ എല്ലാ നേട്ടങ്ങളും അവയ്ക്ക് നല്കുകയും ചെയ്തിരുന്നു.

**അദ്ധ്യായം 2**

# ജി.എസ്.ടി. റെജിസ്ട്രേഷൻ

| ഏറ്റവുംകൂടുതൽഎം.എസ്.എം.ഇ.കളുള്ള 10 സംസ്ഥാനങ്ങൾ | |
|---|---|
| സംസ്ഥാനം | കോമ്പോസിഷൻ ഡീലർമാരുടെഎണ്ണം |
| ഉത്തർ പ്രദേശ് | 3,54,629 |
| രാജസ്ഥാൻ | 1,59,368 |
| മഹാരാഷ്ട്ര | 1,55,548 |
| ആന്ധ്രാ പ്രദേശ് | 1,12,839 |
| കർണാടക | 1,12,161 |
| ഗുജറാത്ത് | 1,11.198 |
| ബീഹാർ | 94,128 |
| തമിഴ്നാട് | 92,014 |
| പശ്ചിമ ബംഗാൾ | 79,165 |
| മദ്ധ്യ പ്രദേശ് | 63,508 |
| കേരളം | 50,643 |

ജി.എസ്.ടി., സപ്ലൈയിന്മേലുള്ള ഒരു നികുതി ആയതിനാൽ, നികുതിവിധേയമായ ചരക്കുകളുടെയോ സേവനങ്ങളുടെയോ വിതരണം നടത്തുന്ന സംസ്ഥാനത്തെ അല്ലെങ്കിൽ കേന്ദ്ര ഭരണപ്രദേശത്തെ ഓരോ സപ്ലൈയറും, തന്റെ മൊത്തം വിറ്റുവരവ് ഒരു സാമ്പത്തിക വർഷത്തിൽ ത്രെഷ്ഹോൾഡ് ഇളവ് പരിധിയുടെ തുകയെ അധികരിക്കുകയാണെങ്കിൽ, റെജിസ്ട്രേഷൻ എടുക്കാൻ ബാദ്ധ്യസ്ഥനാണ്.ജി.എസ്.ടി. റെജിസ്ട്രേഷനിലും പേയ്മെന്റിലും നിന്ന് ഒഴിവാക്കുന്നതിനു മൊത്തം വിറ്റുവരവിന്റെ ത്രെഷ്ഹോൾഡ് പരിധി സേവനങ്ങളുടെ സപ്ലൈയർമാർക്ക് 20 ലക്ഷം രൂപയാണ് (മണിപ്പൂർ, മിസോറാം, നാഗാലാൻഡ്, ത്രിപുര സംസ്ഥാനങ്ങൾക്ക് 10 ലക്ഷം രൂപ). 01.04.2019 മുതൽ ജി.എസ്.ടി. റെജിസ്ട്രേഷനിലും പേയ്മെന്റിലും നിന്ന് ഒഴിവാക്കുന്നതിനുള്ളമൊത്തം വിറ്റുവരവിന്റെ ത്രെഷ്ഹോൾഡ് പരിധി ചരക്കുകളുടെ സപ്ലൈയർമാർക്ക് 40 ലക്ഷം രൂപയാണ് (അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ മിസോറാം, നാഗാലാൻഡ്, പുതുച്ചേരി, സിക്കിം, തെലങ്കാന, ത്രിപുര, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങൾക്ക് 20 ലക്ഷം രൂപ).

സ്വമേധയാലുള്ള റെജിസ്ട്രേഷൻ: നിശ്ചിത ത്രെഷ്ഹോൾഡ് പരിധിക്ക് താഴെ മൊത്തം വിറ്റുവരവുള്ള വ്യക്തികൾക്ക് സ്വമേധയാ റെജിസ്റ്റർ ചെയ്യാവുന്നതാണ്.

മൊത്തം വിറ്റുവരവ്: മൊത്തം വിറ്റുവരവ് എന്ന പദം അർത്ഥമാക്കുന്നത്, ഒരേ പെർമനന്റ് അക്കൗണ്ട് നമ്പറുള്ള വ്യക്തികളുടെ സപ്ലൈകൾ, ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും കൂടെ കയറ്റുമതികൾ, അന്തർ സംസ്ഥാന സപ്ലൈകൾ എന്നിവ ഒഴികെയുള്ള, എല്ലാ നികുതിവിധേയ സപ്ലൈകളുടെയും,ജി.എസ്.ടി. നിയമങ്ങൾക്കു കീഴിൽ ചുമത്തുന്ന നികുതികൾ ഒഴിച്ച് അഖിലേന്ത്യാ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതായ, മൊത്തം മൂല്യം എന്നാണ്. മൊത്തം വിറ്റുവരവിൽ ഒരു വ്യക്തി തന്റെ പ്രിൻസിപൾമാരുടെ പേരിൽ നടത്തുന്ന സപ്ലൈകൾ ഉൾപ്പെടുന്നതാണ്, എന്നാൽ അയാൾ ഒരു ജോബ് വർക്കർ ആണെങ്കിൽ ജോബ്-വർക്ക് ചെയ്ത ചരക്കുകളുടെ മൂല്യം ഒഴിവാക്കുന്നതാണ്.

റെജിസ്ട്രേഷൻ നടത്തേണ്ടത് ആവശ്യമില്ലാത്ത വ്യക്തികൾ: ചില വിഭാഗങ്ങളിൽ പെടുന്ന വ്യക്തികൾക്ക് റെജിസ്ട്രേഷൻ നടത്തേണ്ട ബാദ്ധ്യതയില്ല. അതായത് (1) ജി.എസ്.ടി. നിയമങ്ങൾക്കു കീഴിൽ നികുതിവിധേയമല്ലാത്ത ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ മാത്രം സപ്ലൈ ചെയ്യുന്ന ബിസിനസ്സിൽ ഏർപ്പെട്ടിരിക്കുന്ന ഏത് വ്യക്തിയും (2) കർഷകൻ, ഭൂമിയിൽ കൃഷി ചെയ്യുന്നതിൽ നിന്നുള്ള ഉല്പന്നങ്ങളുടെ സപ്ലൈയുടെ പരിധിയോളം, കൂടാതെ (3) ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങളുടെ സ്വീകർത്താവ് റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ മുഴുവൻ നികുതിയും അടയ്ക്കാൻ ബാദ്ധ്യസ്ഥമായ ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും നികുതിവിധേയമായ സപ്ലൈകൾ ചെയ്യുന്നതിൽ മാത്രം ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ.

നിർബന്ധമുള്ള റെജിസ്ട്രേഷൻ: തങ്ങളുടെ മൊത്തം വിറ്റുവരവ് ത്രെഷ്ഹോൾഡ് പരിധിയിൽ താഴെയാണെങ്കിലും ചില സപ്ലൈയർമാർ നിർബന്ധമായും റെജിസ്ട്രേഷൻ നടത്തിയിരിക്കണമെന്നും ജി.എസ്.ടി. നിയമം വ്യവസ്ഥ ചെയ്യുന്നു. ഇത്തരത്തിലുള്ള സപ്ലൈയർമാരിൽ ചിലരാണ്: (1) ചരക്കുകളുടെ അന്തർസംസ്ഥാന നികുതിവിധേയ സപ്ലൈ നടത്തുന്ന വ്യക്തികൾ; (2) നികുതിവിധേയ സപ്ലൈ നടത്തുന്ന കാഷ്വൽ നികുതി വിധേയ വ്യക്തികൾ; (3) റിവേഴ്സ് ചാർജിനു കീഴിൽ നികുതി അടയ്ക്കേണ്ടത് ആവശ്യമായിട്ടുള്ള വ്യക്തികൾ; (4) നികുതിവിധേയനായ മറ്റൊരു വ്യക്തിയുടെ പേരിൽ ഒരു ഏജന്റ് എന്ന

നിലയിലോ മറ്റുവിധത്തിലോ നികുതിവിധേയമായ സപ്ലൈ നടത്തുന്ന വ്യക്തികൾ മുതലായവർ. എം.എസ്.എം.ഇ.കൾക്ക് ഈ വ്യവസ്ഥകളെ കുറിച്ച് ബോദ്ധ്യമുണ്ടായിരിക്കണം.

എം.എസ്.എം.ഇ. മേഖലയ്ക്കുള്ള പ്രത്യേക റെജിസ്ട്രേഷൻ വ്യവസ്ഥകൾ: വിറ്റുവരവിന്റെ അടിസ്ഥാനത്തിലുള്ള ഒരു വ്യാപാര പ്രോത്സാഹന നടപടി എന്നുള്ള നിലയിൽ, ചുവടെ പറയുന്ന ചെറുകിട ഇടത്തരം സംരംഭങ്ങൾ ജി.എസ്.ടി. റെജിസ്ട്രേഷൻ കരസ്ഥമാക്കേണ്ട ആവശ്യമില്ല:

(1)ചരക്കുകളുടെ അന്തർസംസ്ഥാന നികുതിവിധേയ സപ്ലൈ നടത്തുന്ന വ്യക്തികൾ, അയാളുടെ ഒരു സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ്,ത്രെഷ്ഹോൾഡ് ഒഴിവാക്കൽ പരിധിയെ, അതായത് 40 ലക്ഷം രൂപ (മുകളിൽ പറഞ്ഞിരിക്കുന്ന ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ 20 ലക്ഷം രൂപ), അധികരിക്കുന്നില്ലെങ്കിൽ.

(2)ഒരു സംസ്ഥാനത്തിനുള്ളിൽസേവനങ്ങൾ നികുതിവിധേയ സപ്ലൈ നടത്തുന്ന വ്യക്തികൾ, അയാളുടെ ഒരു സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ്, ത്രെഷ്ഹോൾഡ് ഒഴിവാക്കൽ പരിധിയെ, അതായത് 40 ലക്ഷം രൂപ (മുകളിൽ പറഞ്ഞിരിക്കുന്ന ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ 20 ലക്ഷം രൂപ), അധികരിക്കുന്നില്ലെങ്കിൽ.

(3) ഒരു സംസ്ഥാനത്തിനുള്ളിൽ സേവനങ്ങൾ മാത്രം (ചരക്കുകൾ അല്ല) നികുതിവിധേയ സപ്ലൈയിൽ ഏർപ്പെട്ടിരിക്കുന്ന വ്യക്തികൾ, അയാളുടെ ഒരു സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവരവ്, ത്രെഷ്ഹോൾഡ് ഒഴിവാക്കൽ പരിധിയെ, അതായത് 20 ലക്ഷം രൂപ (മുകളിൽ പറഞ്ഞിരിക്കുന്ന ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ 10 ലക്ഷം രൂപ), അധികരിക്കുന്നില്ലെങ്കിൽ.

**അദ്ധ്യായം 3**

# കോമ്പോസിഷൻ ലെവി സ്കീം

ജി.എസ്.ടി.യിലെ കോമ്പോസിഷൻ ലെവി സ്കീം, നിർദ്ദിഷ്ട പരിധി വരെ വിറ്റുവരവുള്ള ചെറുകിട ഇടത്തരം നികുതിദായകർക്കായി രൂപകല്പന ചെയ്തിട്ടുള്ള, നികുതി ചുമത്തുന്നതിനുള്ള ഒരു ബദൽ മാർഗ്ഗമാണ്. അത് ചെറിയ നികുതിദായകർക്കുള്ള വളരെ ലളിതവും ആയാസരഹിതവുമായ ഒരു അനുവർത്തന പദ്ധതിയാണ്. അത് സ്വമേധയാലുള്ളതും ഐച്ഛികവുമായ ഒരു പദ്ധതിയാണ്. കോമ്പോസിഷൻ ലെവി സ്കീമിനു കീഴിൽ നികുതി അടയ്ക്കാൻ തീരുമാനിക്കുന്ന ഒരു വ്യക്തിക്ക് ഒന്നുകിൽ ഇൻപുട്ടുകളിന്മേൽ അടച്ച നികുതികളുടെ ക്രെഡിറ്റ് എടുക്കാനോ സ്വീകർത്താവിൽ നിന്ന് നികുതിയൊന്നും ശേഖരിക്കാനോ സാധിക്കില്ല. കോമ്പോസിഷൻ ലെവി സ്കീമിന്റെ പ്രധാന സവിശേഷതകൾ ഇവയാണ്:

(i) ചരക്കുകളുടെ ഒരു സപ്ലെയർ ആയി, തൊട്ടുമുമ്പുള്ള സാമ്പത്തിക വർഷത്തിൽ മൊത്തം വിറ്റുവരവ് 1.50 കോടി രൂപയിൽ(അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറം, നാഗാലാൻഡ്, സിക്കിം, ത്രിപുര, ഉത്തരാഖണ്ഡ് എന്നിവയ്ക്ക് 75 ലക്ഷം രൂപ) അധികരിക്കാത്ത ഒരു റെജിസ്റ്റേർഡ് നികുതിവിധേയനായ വ്യക്തിക്ക്, ഈ സ്കീം തെരഞ്ഞെടുക്കാവുന്നതാണ്.

(ii) എന്നിരുന്നാലും, വാർഷിക വിറ്റുവരവ് 50 ലക്ഷം രൂപ വരെയായിരിക്കുന്ന, സേവനങ്ങളുടെ മാത്രം (അല്ലെങ്കിൽ സേവനങ്ങളും ചരക്കുകളും ഒരുമിച്ച്) സപ്ലെയർക്ക് കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാവുന്നതും, ബാധകമായിരിക്കുന്ന ജി.എസ്.ടി.യുടെ നിരക്ക് അത്തരം സപ്ലെയർക്ക് 6% ആയിരിക്കുന്നതുമാണ്.

(iii) ഐസ്ക്രീം, പാൻ മസാല, പുകയില എന്നിവയുടെ നിർമ്മാതാക്കൾക്ക് ജി.എസ്.ടി. കോമ്പോസിഷൻ സ്കീം തെരഞ്ഞെടുക്കാൻ അർഹതയില്ല.

(iv)കോമ്പോസിഷൻ ലെവി സ്കീമിനു കീഴിൽ റെജിസ്റ്റർ ചെയ്തിട്ടുള്ള ഒരു നികുതിദായകൻ ഒരു നിശ്ചിത ശതമാനത്തിന് തുല്യമായ ഒരു തുക നികുതിയായി സർക്കാറിലേക്ക് അടയ്ക്കേണ്ടതാണ്. നികുതി തുക ജി.എസ്.ടി.യുടെ രൂപത്തിൽ ഉപഭോക്താക്കളിൽ നിന്ന് പിരിക്കാനാവില്ല. കോമ്പോസിഷൻ ലെവി സ്കീമിനു കീഴിലുള്ള നികുതിയുടെ നിരക്ക് ചുവടെ നല്കിയിരിക്കുന്ന പ്രകാരമാണ്:

(a) അർഹതയുള്ള നിർമ്മാതാക്കളുടെ കാര്യത്തിൽ സംസ്ഥാനത്തെ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തെ വിറ്റുവരവിന്റെ 1%.

(b) വ്യാപാരികളുടെ കാര്യത്തിൽ സംസ്ഥാനത്തെ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തെ നികുതിവിധേയമായ വിറ്റുവരവിന്റെ 1%.

(c) ഷെഡ്യൂൾIIന്റെ ഖണ്ഡിക 6 (ബി) യിൽ സൂചിപ്പിച്ചിരിക്കുന്ന സപ്ലൈകളുടെ (അതായത് റെസ്റ്റോറന്റ് സേവനങ്ങളും വർക്ക്സ് കരാർ സേവനങ്ങളും) കാര്യത്തിൽ, സംസ്ഥാനത്തെ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തെ വിറ്റുവരവിന്റെ 5%.

(d) സേവനങ്ങൾ മാത്രം അല്ലെങ്കിൽ സേവനങ്ങളും ചരക്കുകളും ഒരുമിച്ച് കൈകാര്യം ചെയ്യുന്ന സപ്ലെയർമാരുടെ കാര്യത്തിൽ സംസ്ഥാനത്തെ അല്ലെങ്കിൽ കേന്ദ്രഭരണ പ്രദേശത്തെ നികുതിവിധേയമായ വിറ്റുവരവിന്റെ 6%.

(v) നികുതി ത്രൈമാസികാടിസ്ഥാനത്തിൽ അടയ്ക്കേണ്ടതാണ്. അത്തരം നികുതിദായകർ വിപുലമായ കണക്കുകൾ സൂക്ഷിക്കേണ്ട ആവശ്യമില്ല, രണ്ട് പ്രതിമാസ സ്റ്റേറ്റ്മെന്റുകളും ഒരു റിട്ടേണിനും (ഒരു സാധാരണ നികുതിദായകൻ ജി.എസ്.ടി.യ്ക്കു കീഴിൽ ഫയൽ ചെയ്യേണ്ടത്) പകരം, കോമ്പോസിഷൻ നികുതിദായകർ ഒരു ഡിക്ലറേഷന്റെ അടിസ്ഥാനത്തിൽ ത്രൈമാസികമായി നികുതി അടയ്ക്കേണ്ടതാണ്. ഇപ്പോൾ അവർ വാർഷികാടിസ്ഥാനത്തിൽ ഒരു റിട്ടേൺ മാത്രം ഫയൽ ചെയ്താൽ മതിയാവും.

(vi) ഈ സ്കീമിനായി ഓപ്റ്റ് ചെയ്യുന്ന നികുതിവിധേയനായ ഒരു വ്യക്തി ബിൽ ഓഫ് സപ്ലൈ ഇഷ്യൂ ചെയ്യേണ്ടതാണ്. കാരണം ജി.എസ്.ടി.യ്ക്കു കീഴിൽ നികുതിവിധേയമായ ഇൻവോയിസ് ഇഷ്യൂ ചെയ്യാൻ അയാൾക്ക് അർഹതയില്ല. അയാൾ ഇഷ്യൂ ചെയ്യുന്ന ഓരോ ബിൽ ഓഫ് സപ്ലൈയുടെ മുകളിലും "കോമ്പോസിഷൻ നികുതിവിധേയനായ വ്യക്തി, സപ്ലൈകളിന്മേൽ നികുതി പിരിക്കുന്നതിന് അർഹതയില്ല" എന്നു സൂചിപ്പിക്കണം.

**കോമ്പോസിഷൻഡീലർമാരുടെസംസ്ഥാന-തലവിതരണം**

| | |
|---|---|
| ഉത്തർപ്രദേശ് | 20.2% |
| രാജസ്ഥാൻ | 9.0% |
| മഹാരാഷ്ട്ര | 8.8% |
| കർണാടക | 6.3% |
| ഗുജറാത്ത് | 6.3% |
| ആന്ധ്രാ പ്രദേശ് | 6.4% |
| തമിഴ്നാട് | 5.2% |
| ബീഹാർ | 5.4% |
| പശ്ചിമ ബംഗാൾ | 4.5% |
| മദ്ധ്യ പ്രദേശ് | 3.6% |
| മറ്റ്സംസ്ഥാനങ്ങൾ/ കേന്ദ്രഭരണ പ്രദേശങ്ങൾ | 24.3% |
| കേരളം | 2.89% |

# ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്

ജി.എസ്.ടി. വ്യവസ്ഥയിൽ, റെജിസ്റ്റർ ചെയ്തിട്ടുള്ള ഒരു വ്യക്തിക്ക്, തന്റെ ബിസിനസ്സിന്റെ നടത്തിപ്പിൽ അല്ലെങ്കിൽ വളർച്ചയിൽ ഉപയോഗിക്കുന്ന അല്ലെങ്കിൽ ഉപയോഗിക്കാൻ ഉദ്ദേശിക്കുന്ന ഏതെങ്കിലും ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും മേൽ അയാൾക്ക് ചാർജ് ചെയ്തിരിക്കുന്ന ഇൻപുട്ട് ടാക്സിന്റെ ക്രെഡിറ്റ് എടുക്കാൻ അവകാശമുണ്ട്. സ്വീകർത്താവിന് ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ ഇൻവേഡ് സപ്ലൈയുടെയും അതിന്മേൽ അടയ്ക്കേണ്ട നികുതിയുടെയും മൂല്യത്തിലേക്ക് അയാൾ നടത്തിയ പേയ്മെന്റിന്റെ തുകയിന്മേൽ ഇൻപുട്ട് ടാക്സിന്റെ ക്രെഡിറ്റ് പ്രയോജനപ്പെടുത്താൻ അവകാശമുണ്ട്. എന്നിരുന്നാലും, ഒരു കോമ്പോസിഷൻ നികുതിദായകന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്താൻ അവകാശമില്ല.

പുതിയ റെജിസ്ട്രേഷൻ, കോമ്പോസിഷൻ ലെവിയിൽ നിന്ന് സാധാരണ ലെവിയിലേക്കും തിരിച്ചും മാറുന്നത്, ഒഴിവാക്കിയ സപ്ലൈകൾ നികുതിവിധേയമായും തിരിച്ചും മാറുന്നത്, മുതലായ പ്രത്യേക സാഹചര്യങ്ങളിൽ ക്രെഡിറ്റ് ലഭ്യമാക്കുന്നതിന് ചില പ്രത്യേക വ്യവസ്ഥകളുണ്ട്. ഇത് എം.എസ്.എം.ഇ.കളെ അവർ കോമ്പോസിഷൻ സ്കീമിൽ നിന്നും ഒഴിവാക്കപ്പെട്ട വിഭാഗത്തിൽ നിന്നും മാറുന്ന സമയങ്ങളിലെല്ലാം സഹായിക്കുന്നതാണ്.

| **ജി.എസ്.ടി.ആർ-3ബി മുഖേന ക്ലെയിംചെയ്ത മൊത്തം പ്രതിമാസ ഐ.ടി.സി. (കോടിരൂപയിൽ)** | | | |
|---|---|---|---|
| | വർഷം | | |
| മാസം | 2017 | 2018 | 2019 |
| ജനുവരി | | 248491 | 287636 |
| ഫെബ്രുവരി | | 236358 | 276890 |
| മാർച്ച് | | 239004 | 291748 |
| ഏപ്രിൽ | | 277453 | 331077 |
| മേയ് | | 245830 | 273733 |
| ജൂൺ | | 263729 | |
| ജൂലൈ | | 266444 | |
| ഓഗസ്റ്റ് | 141987 | 256838 | |
| സെപ്തംബർ | 188945 | 264403 | |
| ഒക്ടോബർ | 212832 | 300815 | |
| നവംബർ | 219378 | 284672 | |
| ഡിസംബർ | 231983 | 266228 | |
| 21.06.2019ലെ കണക്കനുസരിച്ച് | | | |

അദ്ധ്യായം5

# ജി.എസ്.ടി.യിൽ നികുതി ഇൻവോയിസ്

ജി.എസ്.ടി. നിയമം നിർദ്ദിഷ്ട കാലയളവിനുള്ളിൽ (അതായത് ചരക്കുകളുടെ സപ്ലൈയുടെ കാര്യത്തിൽ സപ്ലൈ ചെയ്യുന്നതിനായി ചരക്കുകൾ നീക്കം ചെയ്യുന്നതിന് മുമ്പും സേവനങ്ങളുടെ സപ്ലൈയുടെ കാര്യത്തിൽ സേവനം നൽകിയ തീയതി മുതൽ പരമാവധി 30 ദിവസങ്ങൾ വരെയും) നിർദ്ദിഷ്ട വിശദാംശങ്ങൾ കാണിച്ചുകൊണ്ട് നികുതി ഇൻവോയിസ് ഇഷ്യു ചെയ്യുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

അതിന് നിശ്ചിത മാതൃക നിഷ്കർഷിച്ചിട്ടില്ല.നികുതി ഇൻവോയിസ്, ഡെലിവറി ചെല്ലാൻ, ബിൽ ഓഫ് സപ്ലൈ, ക്രെഡിറ്റ് നോട്ട്, ഡെബിറ്റ് നോട്ട്, പുതുക്കിയ നികുതി ഇൻവോയിസ്, രസീത് വൗച്ചർ, പേയ്മെന്റ് വൗച്ചർ മുതലായ രേഖകൾ ജി.എസ്.ടി. നിയമങ്ങളിൽ അംഗീകരിക്കപ്പെട്ടിട്ടുണ്ട്.

ചരക്കുകളുടെ വിതരണത്തിന്റെ കാര്യത്തിൽ, നികുതി ഇൻവോയിസ് ട്രിപ്ലിക്കേറ്റായി തയ്യാറാക്കേണ്ടതാണ് (അസ്സൽ വാങ്ങുന്നയാൾക്ക്, ഡ്യൂപ്ലിക്കേറ്റ് ട്രാൻസ്പോർട്ടർക്ക്, ട്രിപ്ലിക്കേറ്റ് സപ്ലൈയർക്ക്); സേവനങ്ങളുടെ കാര്യത്തിൽ, ഇൻവോയിസ് ഡ്യൂപ്ലിക്കേറ്റായി തയ്യാറാക്കേണ്ടതാണ് (അസ്സൽ വാങ്ങുന്നയാൾക്ക്, ഡ്യൂപ്ലിക്കേറ്റ് സപ്ലൈയർക്ക്).

എം.എസ്.എം.ഇ. മേഖലയ്ക്കുള്ള പ്രത്യേക ഇൻവോയിസ് വ്യവസ്ഥകൾ: 1.5 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള നികുതി ദായകർക്ക് നികുതി ഇൻവോയിസിൽ ആവശ്യമായ എച്ച്.എസ്.എൻ. കോഡ് സൂചിപ്പിക്കണമെന്നുള്ള വ്യവസ്ഥ വേണ്ടെന്നുവച്ചിരിക്കുന്നു. മാത്രമല്ല, 1.5 കോടി രൂപ മുതൽ 5 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള നികുതിദായകർ തങ്ങളുടെ നികുതി ഇൻവോയിസുകളിൽ എച്ച്.എസ്.എൻ. കോഡിന്റെ ആദ്യ രണ്ട് അക്കങ്ങളും 5 കോടി രൂപയ്ക്ക് മുകളിൽ വാർഷിക വിറ്റുവരവുള്ള നികുതിദായകർ തങ്ങളുടെ ഇൻവോയിസുകളിൽ എച്ച്.എസ്.എൻ. കോഡിന്റെ എല്ലാ നാല് അക്കങ്ങളും സൂചിപ്പിക്കേണ്ടത് ആവശ്യമാണ്.

# സി.എ. നടത്തുന്ന നിർബന്ധിതമായ ഓഡിറ്റിൽ നിന്ന് എം.എസ്.എം.ഇ. മേഖലയെ ഒഴിവാക്കൽ

ജി.എസ്.ടി. വ്യവസ്ഥയിൽ, ഒരു സാമ്പത്തിക വർഷത്തിൽ വിറ്റുവരവ് നിർദ്ദിഷ്ട പരിധിയെ അധികരിക്കുന്ന ഓരോ റെജിസ്റ്റേർഡ് നികുതിദായകരും തന്റെ അക്കൗണ്ടുകൾ ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് അല്ലെങ്കിൽ ഒരു കോസ്റ്റ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടത് ആവശ്യമാണ്. ഒരു വ്യാപാര പ്രോത്സാഹനന നടപടി എന്നുള്ള നിലയിൽ, രണ്ട് കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള റെജിസ്റ്റേർഡ് വ്യക്തികളെ, തങ്ങളുടെ അക്കൗണ്ടുകൾ ഒരു ചാർട്ടേഡ് അക്കൗണ്ടന്റ് അല്ലെങ്കിൽ ഒരു കോസ്റ്റ് അക്കൗണ്ടന്റിനെ കൊണ്ട് ഓഡിറ്റ് ചെയ്യിക്കേണ്ടതിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

# റിട്ടേണുകൾ ജി.എസ്.ടി.യിൽ

ജി.എസ്.ടി.നിയമം റെജിസ്റ്റർഡ് വ്യക്തികളുടെ ചില പ്രത്യേകകാറ്റഗറികളിൽ ഒഴികെ ഒരു റെജിസ്റ്റേർഡ് വ്യക്തിയുടെ പുറത്തേക്കുള്ള സപ്ലൈകളുടെ വിശദാംശങ്ങൾ സമർപ്പിക്കുന്നതിന്റെ രീതിയും സമയവും, അതുപോലെതന്നെ ബന്ധപ്പെട്ട സ്വീകർത്താക്കൾക്ക് ഈ വിശദാംശങ്ങൾ ആശയവിനിമയം നടത്തുന്നതിന്റെ രീതിയും സമയവും വ്യവസ്ഥ ചെയ്തിരിക്കുന്നു. പിശകുകൾ അല്ലെങ്കിൽ ഒഴിവാക്കലുകളും തിരുത്തുന്നതിനും അതുപോലെതന്നെ നികുതിയുടെയും, പലിശ എന്തെങ്കിലുമുണ്ടെങ്കിൽ അതിന്റെയും പേയ്മെന്റിനുമുള്ള രീതിയും സമയവും നിയമം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

റിട്ടേൺ ഫയലിംഗ് പ്രക്രിയയുടെ നിലവിലുള്ള സംവിധാനം: അർഹരായ എല്ലാ റെജിസ്റ്റേർഡ് നികുതിദായകരും ഒരു നികുതി കാലയളവിൽ നടത്തിയ ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും, പുറത്തേക്കുള്ള സപ്ലൈയുടെ വിശദാംശങ്ങൾ തുടർന്നുവരുന്ന മാസത്തിന്റെ പത്താം ദിവസമോ അതിനു മുമ്പോ, ഫോം ജി.എസ്.ടി.ആർ.-1ൽ ഇലക്ട്രോണിക്കായി സമർപ്പിക്കേണ്ടത് ആവശ്യമാണ്. അതുപോലെതന്നെ, അർഹരായ എല്ലാ റെജിസ്റ്റേർഡ് നികുതിദായകരും, അതത് മാസവുമായി ബന്ധപ്പെട്ട ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്, നികുതി ബാദ്ധ്യത, നികുതി അടച്ചതിന്റെ വിവരങ്ങൾ എന്നിവ അടങ്ങിയ ഒരു സമ്മറി റിട്ടേൺ തുടർന്നവരുന്ന മാസത്തിന്റെ 20ാം ദിവസമോ അതിനു മുമ്പോ ഫോം ജി.എസ്.ടി.ആർ.-3ബി.യിൽ ഇലക്ട്രോണിക്കായി സമർപ്പിക്കേണ്ടത് ആവശ്യമാണ്.

**ജി.എസ്.ടി. റിട്ടേൺസ് ഫയലിംഗ്**

| റിട്ടേണിന്റെതരം | ആകെ ** | കേരളത്തിൽ |
|---|---|---|
| ജി.എസ്.ടി.ആർ.-1 | 9,72,17,256 | 30,19,532 (31.03.2019 വരെ) |
| ജി.എസ്.ടി.ആർ.-3ബി | 17,99,18,813 | 46,28,822 (31.03.2019 വരെ) |
| ജി.എസ്.ടി.ആർ.-4 | 99,99,239 | 2,45,327 (31.03.2019 |

**എം.എസ്.എം.ഇ. മേഖലയ്ക്കുള്ള പ്രത്യേക റിട്ടേൺ ഫയലിംഗ് വ്യവസ്ഥകൾ:** ഒരു വ്യാപാര പ്രോത്സാഹനം നടപടി എന്നുള്ള നിലയിൽ, 1.5 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള അർഹരായ എല്ലാ റെജിസ്റ്റേർഡ് നികുതിദായകരും ഫോം ജി.എസ്.ടി.ആർ.-1ൽ ത്രൈമാസ റിട്ടേൺ (അതായത്, ത്രൈമാസത്തിൽ നടത്തിയ ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും പുറത്തേക്കുള്ള സപ്ലൈകളുടെ വിശദാംശങ്ങൾ) ആ ത്രൈമാസത്തിന്റെ അവസാനത്തിനു ശേഷം പതിനെട്ട് ദിവസങ്ങൾക്കുള്ളിൽ ഫയൽ ചെയ്യുന്നതിന് ഓപ്റ്റ് ചെയ്യാവുന്നതാണ്.

**ലളിതവത്കരിച്ച ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് പ്രക്രിയയുടെ നിർദ്ദിഷ്ട സംവിധാനം:** ലളിതവത്കരിച്ച റിട്ടേണിന്റെ നിർദ്ദിഷ്ട സംവിധാനം അനുസരിച്ച്, ചെറിയ നികുതിദായകർക്ക് ലളിതമാക്കിയ ഒരു റിട്ടേൺ ഫോർമാറ്റിൽ പ്രതിമാസ നികുതി അടവോടെ ത്രൈമാസ റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഓപ്ഷനാണ് സുപ്രധാനമായ മാറ്റം. നിർദ്ദിഷ്ട ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് പ്രക്രിയയുടെ പ്രധാന സവിശേഷതകൾ ചുവടെ നല്കിയിരിക്കുന്നു.

**(1) പ്രതിമാസ റിട്ടേണും നിർദ്ദിഷ്ട-തീയതിയും:** ചെറിയ നികുതിദായകർ, കോമ്പോസിഷൻ ഡീലർ, ഇൻപുട്ട് സർവീസ് ഡിസ്ട്രിബ്യൂട്ടർ (ഐ.എസ്.ഡി.). പ്രവാസിയായ റെജിസ്റ്റേർഡ് വ്യക്തി, 2017ലെ സി.ജി.എസ്.ടി. നിയമത്തിന്റെ വകുപ്പ് 51ന് കീഴിൽ സ്രോതസ്സിൽ നികുതി

കിഴിവ് ചെയ്യാൻ ബാദ്ധ്യസ്ഥരായ വ്യക്തികൾ, 2017ലെ സി.ജി.എസ്.ടി. നിയമത്തിന്റെ വകുപ്പ് 52ന് കീഴിൽ സ്രോതസ്സിൽ നികുതി പിരിക്കാൻ ബാദ്ധ്യസ്ഥരായ വ്യക്തികൾ എന്നിവരെ പോലെയുള്ള ഏതാനും ഒഴിവാക്കലുകൾ ഒഴികെയുള്ള എല്ലാ നികുതിദായകരും ഒരു പ്രതിമാസ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. റിട്ടേൺ ഫയലിംഗിന്റെ തീയതികൾ നികുതിദായകന്റെ വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ വ്യത്യാസപ്പെടുത്താവുന്നതാണ്. വലിയ നികുതിദായകർ റിട്ടേൺ ഫയൽ ചെയ്യേണ്ട നിർദ്ദിഷ്ട തീയതി അടുത്ത മാസത്തിന്റെ 20 ആണ്. ഫോം ജി.എസ്.ടി. ആർ.ഇ.ടി. - 1 ലാണ് (അനക്സ് - 1, അനക്സ്-2 എന്നിവയോടൊപ്പം) റിട്ടേൺ ഫയൽ ചെയ്യേണ്ടത്.

(2) (i) **നിൽ റിട്ടേൺ**: സാമ്പത്തിക വർഷത്തിന്റെ ഏതെങ്കിലും ത്രൈമാസത്തിൽ പർച്ചേസുകളോ, ഔട്ട്പുട്ട് നികുതി ബാദ്ധ്യതയോ, പ്രയോജനപ്പെടുത്തുന്നതിന് ഇൻപുട്ട് ടാക്സ് ക്രെഡിറ്റോ ഇല്ലാത്ത നികുതിദായകർ മൊത്തം ത്രൈമാസത്തിനുമായി ഒരു നിൽ റിട്ടേൺ സമർപ്പിക്കേണ്ടതാണ്. ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഒരു എസ്.എം.എസിലൂടെയും ലഭ്യമാക്കാനാവും.

(ii)**ചെറുകിട നികുതി ദായകർ**: കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 5 കോടി രൂപ വരെയുള്ള വിറ്റുവരവുള്ള നികുതിദായകരെ ചെറുകിട നികുതിദായകരായി പരിഗണിക്കേണ്ടതാണ്. ഈ ചെറുകിട നികുതിദായകർക്ക് പ്രതിമാസ നികുതി അടവുകളോടെ സ്വയം-ഡിക്ലറേഷൻ അടിസ്ഥാനത്തിൽ ത്രൈമാസ റിട്ടേൺ ഫയൽ ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാകും. എന്നിരുന്നാലും, ഈ സൗകര്യം ഐച്ഛികമായിരിക്കുന്നതും ചെറുകിട നികുതിദായകനും ഒരു വലിയ നികുതിദായകനെ പോലെ പ്രതിമാസ റിട്ടേൺ ഫയൽ ചെയ്യാനാവും

രണ്ട് തരം റെജിസ്റ്റേർഡ് വ്യക്തികൾ - അതായത് ബി2സി സപ്ലൈ മാത്രം, അല്ലെങ്കിൽ ബി2ബി + ബി2സി സപ്ലൈ നടത്തുന്ന ചെറിയ വ്യാപാരികൾ ഒഴികയുള്ളവർക്ക് ത്രൈമാസ റിട്ടേൺ, പ്രതിമാസ പേയ്മെന്റ് സൗകര്യത്തോടെ പ്രധാന റിട്ടേണിന് സമാനമായിരിക്കും. അത്തരം നികുതിദായകർക്ക്, ലളിതവത്കരിച്ച റിട്ടേണുകൾ സഹജ്, സുഗം എന്നീ പേരുകളിലാണ് രൂപകല്പന ചെയ്തിരിക്കുന്നത്. ഈ റിട്ടേണുകളിൽ, പൂരിപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്ന വിവരങ്ങളുടെ വിശദാംശങ്ങൾ സാധാരണ റിട്ടേണിലുള്ളതിനേക്കാൾ കുറവായിരിക്കും.

(3)റിട്ടേണിൽ ഫയൽ ചെയ്തിരിക്കുന്ന ഇൻവോയിസും മറ്റ് വിശദാംശങ്ങളും ഭേദഗതി ചെയ്യുന്നതിനുള്ള സൗകര്യം പ്രദാനം ചെയ്യുന്ന രീതിയിലാണ് പുതിയ റിട്ടേൺ രൂപകല്പന ചെയ്തിരിക്കുന്നത് . ഭേദഗതി റിട്ടേൺ എന്നു വിളിക്കുന്ന ഒരു റിട്ടേൺ ഫയൽ ചെയ്ത് ഭേദഗതി നടപ്പിലാക്കാനാവും.ഭേദഗതി റിട്ടേണിലൂടെ പേയ്മെന്റ് നടത്താൻ അനുവദിച്ചിട്ടുള്ളതുകൊണ്ട് നികുതിദായകർക്ക് പലിശ ബാദ്ധ്യത ലാഭിക്കാൻ കഴിയും.

# ജി.എസ്.ടി.യ്ക്കു കീഴിൽ എം.എസ്.എം.ഇ. മേഖയ്ക്കായി എടുത്തിട്ടുള്ള നടപടികൾ

ജി.എസ്.ടി. കൗൺസിൽ അതിന്റെ വിവിധ യോഗങ്ങളിലായി എം.എസ്.എം.ഇ. മേഖലയുടെ നേട്ടത്തിനായി വിവിധ തീരുമാനങ്ങൾ എടുത്തിട്ടുണ്ട്. അത്തരത്തിലുള്ള പ്രധാന തീരുമാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ നല്കിയിരിക്കുന്നത് പ്രകാരമാണ്:

(1) മുഖ്യമായും അസംഘടിതമായ എം.എസ്.എം.ഇ. മേഖലയിൽ നിർമ്മിക്കുകയും കൂടാതെ/അല്ലെങ്കിൽ ഉപയോഗിക്കുകയും ചെയ്യുന്ന ചരക്കുകൾ താഴ്ന്ന നിരക്കുകളിൽ നിർത്തുകയോ ഒഴിവാക്കുകയോ ചെയ്തിട്ടുണ്ട്. ഉദാഹരണത്തിന്, വൈദ്യുതി സ്വിച്ചുകളും വയറുകളും, പൈപ്പ്ലൈൻ, പ്ലാസ്റ്റിക് ഉല്പന്നങ്ങൾ മുതലായവ പ്രധാനമായും എം.എസ്.എം.ഇ.കളാണ് ഉല്പാദിപ്പിക്കുന്നത്, അവർ മുമ്പ് സെൻട്രൽ എക്സൈസ് ഡ്യൂട്ടി നല്കിയിരുന്നില്ല, അതിനാൽ നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറച്ചുകൊണ്ടുവന്നിട്ടുണ്ട്. അതുപോലെതന്നെ, മുഖ്യമായും കുടിൽ വ്യവസായങ്ങളിൽ ചണത്തിൽ നിന്നും കയറിൽ നിന്നും നിർമ്മിക്കുന്ന ഹാൻഡ് ബാഗുകൾ കയറുകൾ മുതലായവയ്ക്കു മേലുള്ള നിരക്കുകൾ 12ൽ നിന്ന് 5 ശതമാനമായി കുറച്ചിട്ടുണ്ട്. ഗണ്യമായ ഐ.ടി.സി.യില്ലാത്ത പ്രധാനമായും തൊഴിൽ പ്രാമുഖ്യമുള്ള വ്യവസായമായതിനാൽ മത്സ്യത്തൊഴിലാളികൾ ഉപയോഗിക്കുന്ന മത്സ്യബന്ധന ഹുക്കുകളിന്മേലുള്ള നിരക്ക് 12ൽ നിന്ന് 5 ശതമാനമായി കുറച്ചിട്ടുണ്ട്.

(2) കോമ്പോസിഷൻ സ്കീമിന് ഓപ്റ്റ് ചെയ്യുന്നതിനുള്ള വിറ്റുവരവിന്റെ ഉയർന്ന പരിധി ഒരു കോടി രൂപയിൽ നിന്ന് ഒന്നര കോടി രൂപയായി ഉയർത്തി.

(3) കോമ്പോസിഷൻ ഡീലർമാരെ സേവനങ്ങൾ വിതരണം ചെയ്യാൻ അനുവദിക്കുന്നതാണ്. 50 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള സേവനദാതാക്കൾക്ക് കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യാവുന്നതും അത്തരം സപ്ലൈകൾക്കുള്ള ബാധകമായ ജി.എസ്.ടി.യുടെ നിരക്ക് 6% ആയിരിക്കുന്നതുമാണ്.

(4) റെജിസ്റ്റർ ചെയ്തിട്ടില്ലാത്ത സപ്ലൈയർമാരിൽ നിന്നുള്ള സപ്ലൈകളുടെ റെസീപ്റ്റിന്മേൽ റിവേഴ്സ് ചാർജ് മെക്കാനിസത്തിന്മേൽ ജി.എസ്.ടി. ഈടാക്കുന്നത്, ജി.എസ്.ടി. കൗൺസിലിന്റെ ശുപാർശകളിന്മേൽ റെജിസ്റ്റർ ചെയ്തിട്ടുള്ള ചില നോട്ടിഫൈഡ് ക്ലാസ്സുകളുടെ കാര്യത്തിൽ നിശ്ചിത ചരക്കുകൾക്കു മാത്രമേ ബാധകമാവുകയുള്ളൂ.

(5) ഇൻവോയിസ് ഇഷ്യു ചെയ്യുന്ന തീയതി മുതലുള്ള 180 ദിവസങ്ങൾക്കുള്ളിൽ സപ്ലൈയർക്ക് നല്കേണ്ട തുക അടയ്ക്കുന്നതിൽ സ്വീകർത്താവ് പരാജയപ്പെടുന്ന സാഹചര്യത്തിൽ, സ്വീകർത്താവ് പ്രയോജനപ്പെടുത്തിയ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് റിവേഴ്സ് ചെയ്യുന്നതാണ്.

(6) നിൽ റിട്ടേണുകളുടെ ഫയലിംഗ് ഒറ്റ ചുവടുള്ള പ്രക്രിയയിലൂടെ ലളിതമാക്കിയിരിക്കുന്നു.

(7) ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ മുഖേന നടത്തുന്ന സപ്ലൈകൾ ഉൾപ്പെടെ, മൊത്തം വാർഷിക വിറ്റുവരവ് 20 ലക്ഷം രൂപയിൽ അധികരിക്കാത്ത, അന്തർ സംസ്ഥാന സപ്ലൈകൾ നടത്തുന്ന സേവന ദാതാക്കളെ ജി.എസ്.ടി.യ്ക്കു കീഴിലുള്ള റെജിസ്ട്രേഷൻ ആവശ്യകതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

(8) അഡ്വാൻസ് ഓതറൈസേഷൻ (എ.എ.)/ എക്സ്പോർട്ട് പ്രൊമോഷൻ ക്യാപിറ്റൽ ഗുഡ്സ് (ഇ.പി.സി.ജി.) / 100% എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റ്സ് (ഇ.ഒ.യു.) സ്കീമുകൾ വിദേശത്ത് നിന്നും അതുപോലെതന്നെ ആഭ്യന്തരവുമായുള്ള സോഴ്സിംഗ് ഇൻപുട്ടുകൾക്ക് വ്യാപിപ്പിച്ചിരിക്കുന്നു. എ.എ./ ഇ.പി.സി.ജി. കൂടാതെ ഇ.ഒ.യു. ഉള്ളവർ ഇറക്കുമതികൾക്ക് ഐ.ജി.എസ്.ടി., സെസ്സ് മുതലായവ അടയ്ക്കേണ്ട ആവശ്യമില്ല. മാത്രമല്ല, എ.എ./ ഇ.പി.സി.ജി. കൂടാതെ ഇ.ഒ.യു. ഉള്ളവർക്കുള്ള ആഭ്യന്തര സപ്ലൈകളെ സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 147നു കീഴിൽ കല്പിത കയറ്റുമതികളായി പരിഗണിക്കുന്നതും, അത്തരം സപ്ലൈകളിന്മേൽ അടച്ച നികുതിയുടെ റീഫണ്ട് 18.10.2017 തീയതിയിലെ 48/2017-സെൻട്രൽ

ടാക്സ് നമ്പർ വിജ്ഞാപനം പ്രകാരം ഒന്നുകിൽ സപ്ലൈകർക്ക് അല്ലെങ്കിൽ സ്വീകർത്താവിന് നല്കുന്നതുമാണ്.

(9) ഒരു കയറ്റുമതി വ്യാപാരിയ്ക്ക് കയറ്റുമതിയ്ക്കായി ഒരു റെജിസ്റ്റേർഡ് സപ്ലൈയർ നികുതിവിധേയമായ ചരക്കുകൾ സപ്ലൈ ചെയ്യുന്നത് 0.1%ന്റെ ഒരു മൊത്തം ജി.എസ്.ടി. നിരക്ക് ആകർഷിക്കുന്നതും, അങ്ങനെ കയറ്റുമതിക്കാർക്കുള്ള പ്രവർത്തന മൂലധന ബ്ലോക്കേജ് കുറയ്ക്കുകയും ചെയ്യുന്നതാണ്. ഈ വ്യവസ്ഥ 23.10.2017 തീയതിയിലെ 40/2017-സെൻട്രൽ ടാക്സ് (റേറ്റ്) നമ്പർ വിജ്ഞാപനം പ്രകാരം പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

(10) ചരക്കുകളുടെ സപ്ലൈ നടത്തുന്ന വ്യക്തികൾ നികുതി അടയ്ക്കേണ്ടത് ഇൻവോയിസ് ഇഷ്യൂ ചെയ്യുന്ന വേളയിലാണ് അല്ലാതെ അഡ്വാൻസുകൾ കൈപ്പറ്റുന്ന സമയത്തല്ല. ഇത് 2017 നവംബർ 15 തീയതിയിലെ 66/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

| ജി.എസ്.ടി.യ്ക്കുകീഴിൽആകെ അടച്ച നികുതി | | |
|---|---|---|
| നികുതി | 2017 ജൂലൈമുതൽ 2019 മേയ്വരെ * | 2017 ജൂലൈമുതൽ 2019 ജൂലൈവരെ ** (കേരളത്തിൽ) |
| ഐ.ജി.എസ്.ടി. (ഇന്ത്യയിലെക്കുള്ളചരക്കുകളുടെഇറക്കുമതിയിന്മേലുള്ളഐ.ജി.എസ്.ടി. ഉൾപ്പെടെ) | 5.57 ലക്ഷംകോടിരൂപ | 3161 കോടി രൂപ |
| സി.ജി.എസ്.ടി. | 3.60 ലക്ഷംകോടിരൂപ | 4899 കോടി രൂപ |
| എസ്.ജി.എസ്.ടി. | 5.03 ലക്ഷംകോടിരൂപ | 7687 കോടി രൂപ |
| കോമ്പൻസേഷൻ സെസ്സ് | 1.58 ലക്ഷംകോടിരൂപ | 50 കോടി രൂപ |

- * 31.05.201 9ലെ കണക്കനുസരിച്ച്
- ** 31.07.2019 ലെ കണക്കനുസരിച്ച്

(11) ജി.എസ്.ടി. കൗൺസിൽ 10.11.2017ൽ നടത്തിയ അതിന്റെ 23ാമത് യോഗത്തിൽ, ഒരു മാസത്തിലെ നികുതി ബാദ്ധ്യത പൂജ്യം ആയിട്ടുള്ള ഒരു നികുതിദായകൻ ഫോം ജി.എസ്.ടി.ആർ.-3ബി.യിൽ ഫയൽ ചെയ്യേണ്ട റിട്ടേൺ വൈകി ഫയൽ ചെയ്യുന്നതിന് 2017 നവംബർ 15 തീയതിയിലെ 64/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം പ്രകാരമുള്ള പ്രതിദിനം 200 രൂപയിൽ നിന്ന്, പ്രതിദിനം 20 രൂപയായി (സി.ജി.എസ്.ടി. & എസ്.ജി.എസ്.ടി. ആക്ടുകൾ പ്രകാരം പ്രകാരം പ്രതിദിനം 10/- രൂപ വീതം), ഓരോ ആക്ടിനു കീഴിലും പരമാവധി 5000/- രൂപ വീതം എന്നതിനു വിധേയമായി 2017 ഒക്ടോബർ മുതൽ കുറവ് ചെയ്തു. മറ്റെല്ലാ കേസുകളിലും,ഫോം ജി.എസ്.ടി.ആർ.-3ബി.യിൽ ഫയൽ ചെയ്യേണ്ട റിട്ടേൺ വൈകി ഫയൽ ചെയ്യുന്നതിനുള്ള ലേറ്റ് ഫീ, പ്രതിദിനം 50 രൂപയായി (സി.ജി.എസ്.ടി. & എസ്.ജി.എസ്.ടി. ആക്ടുകൾ പ്രകാരം പ്രതിദിനം 25/- രൂപ വീതം) 2017 ഒക്ടോബർ മുതൽ

ഓരോആക്ടിനു കീഴിലും പരമാവധി 5000/- രൂപ വീതം എന്നതിനു വിധേയമായി കുറവ് ചെയ്തിട്ടുണ്ട്.

(12) 1% എന്ന ഏകീകൃത നിരക്കിലുള്ള (സി.ജി.എസ്.ടി. ആക്ടിനു കീഴിൽ 0.5 ശതമാനവും ബന്ധപ്പെട്ട എസ്.ജി.എസ്.ടി. ആക്ടിനു കീഴിൽ 0.5 ശതമാനവും) നികുതി 2018 ജനുവരി 01 മുതൽ പ്രാബല്യത്തോടെ ഉല്പാദകർക്കും വ്യാപാരികൾക്കുമുള്ള കോമ്പോസിഷൻ സ്കീമിനു കീഴിൽ അടയ്ക്കാവുന്നതാണ്. ഇത് 2018 ജനുവരി ഒന്നാം തീയതിയിലെ 1/2018-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചത് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(13) കോമ്പോസിഷൻ സ്കീമിന് അർഹതയുള്ള ഒരു വ്യക്തിക്ക്, അയാൾ പലിശ അല്ലെങ്കിൽ കിഴിവ് എന്നിവയിലൂടെ പ്രതിഫലം ലഭിക്കുന്ന നിക്ഷേപങ്ങൾ, വായ്പകൾ അല്ലെങ്കിൽ അഡ്വാൻസുകൾ എന്നീ മാർഗ്ഗത്തിലുള്ള സേവനങ്ങൾ ഉൾപ്പെടെയുള്ള ഒഴിവാക്കപ്പെട്ട സേവനങ്ങളും സപ്ലൈ ചെയ്യുകയാണെങ്കിൽ, കോമ്പോസിഷൻ സ്കീമിനുള്ള അർഹത നഷ്ടപ്പെടുന്നതല്ല. മാത്രമല്ല, സ്കീമിനുള്ള അർഹതയ്ക്കുള്ള മൊത്തം വിറ്റുവരവ് കണക്കാക്കുന്നതിന്, ഒരു നികുതി ദായകൻ സപ്ലൈ ചെയ്ത, പലിശ അല്ലെങ്കിൽ കിഴിവ് എന്നിവയിലൂടെ പ്രതിഫലം ലഭിക്കുന്ന നിക്ഷേപങ്ങൾ, വായ്പകൾ അല്ലെങ്കിൽ അഡ്വാൻസുകൾ എന്നീ മാർഗ്ഗത്തിലുള്ള സേവനങ്ങൾ ഉൾപ്പെടെയുള്ള ഒഴിവാക്കപ്പെട്ട സേവനങ്ങളുടെ വിറ്റുവരവ് ഉൾപ്പെടുത്തുന്നതല്ല. ഇത് 13.10.2017 തീയതിയിലെ 1/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചത് മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

(14) ജി.എസ്.ടി. കൗൺസിൽ 18.01.2018ൽ നടത്തിയ അതിന്റെ 25ാമത് യോഗത്തിൽ, സ്വമേധയാലുള്ള റെജിസ്ട്രേഷൻ കരസ്ഥമാക്കിയ നികുതിവിധേയരായ വ്യക്തികളെ, റെജിസ്ട്രേഷന്റെ പ്രാബല്യത്തീയതി മുതലുള്ള ഒരു വർഷം കഴിയുന്നതിനു മുമ്പ് തന്നെ റെജിസ്ട്രേഷൻ റദ്ദാക്കുന്നതിനായി അപേക്ഷിക്കുന്നതിന് അനുവദിച്ചു.

## ഉപസംഹാരം:

2020ഓടു കൂടി കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്യും എന്ന് പ്രതീക്ഷിക്കുന്നതിനാൽ, ഭാരത സർക്കാറിനെ സംബന്ധിച്ചിടത്തോളം മൈക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ (എം.എസ്.എം.ഇ.കൾ) ഗണ്യമായ പ്രാധാന്യമുള്ളവയാണ്. എം.എസ്.എം.ഇ. മേഖലയോടുള്ള പ്രതിബദ്ധതയ്ക്ക് അനുരൂപമായി, അവയ്ക്ക് ഇളവുകൾ നല്കിയിട്ടുണ്ട് അല്ലെങ്കിൽ നല്കിക്കൊണ്ടിരിക്കുകയാണ്.എം.എസ്.എം.ഇ.കൾ വിശാലമായ അനുവർത്തന സാഹചര്യങ്ങളുമായി ഇണങ്ങിച്ചേർന്നിട്ടുള്ളതിനാൽ, ബിസിനസ്സ് നടത്തുന്നതിൽ മെച്ചപ്പെട്ട തലത്തിലുള്ള തയ്യാറെടുപ്പും അച്ചടക്കവും ക്രമേണ നടത്തിപ്പിന്റെ ഭാഗമായി മാറുന്നതാണ്. ജി.എസ്.ടി. ഉൾപ്പെടെയുള്ള എല്ലാ രംഗങ്ങളിലും എം.എസ്.എം.ഇ.കളെ ശക്തിപ്പെടുത്തുന്നതിനുള്ള സർക്കാറിന്റെ പ്രതിബദ്ധതയുമൊത്ത്, നിലവിലുള്ള വെല്ലുവിളികൾ സമതുലനം കൈവരിക്കുമെന്നും, രാഷ്ട്രത്തിന്റെ ദർശനം പൂർത്തീകരിക്കുന്നതിനായി വ്യവസായം ക്രമേണ ഒരു ക്രിയാത്മക സമീപനം കൈക്കൊള്ളുമെന്നു പ്രതീക്ഷിക്കുന്നു.

## കേരളത്തിൽ എം.എസ്.എം.ഇ. മേഖലയ്ക്കായി എടുത്തിട്ടുള്ള നടപടികൾ

ഇന്ത്യയിലൊട്ടാകെ 100 ജില്ലകളിൽ എം.എസ്.എം.ഇ.കളുടെ ഉന്നമനത്തിനും, വളർച്ചയ്ക്കും വേണ്ടി ധനമന്ത്രാലയം ഒരു ലോൺ സ്കീം (വായ്പാ പദ്ധതി) ആവിഷ്കരിച്ചു. അതു പ്രകാരം 59 മിനിട്ടിനുള്ളിൽ വായ്പ ലഭിക്കുന്ന ഒരു സ്കീമിന് രൂപം നല്കി. ഇതു പ്രകാരം സിഡ്ബി ഒരു ഓൺലൈൻ പ്ലാറ്റ്ഫോം സൃഷ്ടിക്കുകയും അതിൽ എം.എസ്.എം.ഇ.കൾ അപേക്ഷ റജിസ്റ്റർ ചെയ്യേണ്ടതായ ഒരു സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു.

ഈ അപേക്ഷ സമർപ്പിക്കാനുള്ള നിർബന്ധമായ നിബന്ധന ജി.എസ്.ടി റജിസ്ട്രേഷൻ ഉണ്ടാവുക എന്നുള്ളതായിരുന്നു. സി.ജി.എസ്.ടി. ഡിപാർട്ട്മെന്റിന്റെ പ്രധാന പങ്ക് ജി.എസ്.ടി. റജിസ്ട്രേഷൻ സുഗമമാക്കുകയും, അതിനു പുറമേ മറ്റുള്ള ബന്ധപ്പെട്ട ഏജൻസികളായ ബാങ്കുകൾ, സംസ്ഥാന വ്യവസായ വകുപ്പ്, കേരള ജി.എസ്.ടി. ഉദ്യോഗസ്ഥർ, വ്യാപാര സംഘടനകൾ, ഡി.ജി.എഫ്.ടി., എഫ്.എസ്.എസ്.എ.ഐ., റബ്ബർ ബോർഡ് എന്നിവയുമായി നല്ല ബന്ധം പുലർത്തുകയും, എം.എസ്.എം.ഇ. സംരംഭകരുടെ സഹായത്തിനായി നിലകൊള്ളുകയുമായിരുന്നു.

കേരളത്തിലെ ഇടുക്കി, കോട്ടയം എന്നീ രണ്ട് ജില്ലകൾ ഈ 59 മിനിട്ട് വായ്പ പദ്ധതിയ്ക്കു വേണ്ടി തെരഞ്ഞെടുക്കപ്പെട്ടു. ഇടുക്കിയിൽ ഭക്ഷ്യ സംസ്കരണവും കോട്ടയത്ത് റബർ ഉല്പന്നങ്ങളും കേന്ദ്രീകരിച്ചായിരുന്നു ഈ സ്കീം ആവിഷ്കരിച്ചത്. ഈ രണ്ട് ജില്ലകളുടെ ഡിവിഷണൽ മേധാവികളെ എം.എസ്.എം.ഇ.കളുടെ ജി.എസ്.ടി.യുമായി ബന്ധപ്പെട്ട വിഷയങ്ങൾക്കായി നോഡൽ ഓഫീസർമാരായി നിയോഗിച്ചിരുന്നു.

ഇതിനു പുറമേ സോണൽ തലത്തിൽ ചീഫ് കമ്മീഷണർ ഓഫീസിലെ അസിസ്റ്റന്റ് കമ്മീഷണറെ സംസ്ഥാന ഒട്ടാകെ ഉള്ള അനുബന്ധ വകുപ്പുകളുമായും ഏജൻസികളുമായും വ്യാപാര സംഘടനകളുമായും തത്സമയ ഏകോപനത്തിനു വേണ്ടി നിയമിച്ചിരുന്നു. ഇതു പ്രകാരം സാമൂഹ്യ മാധ്യമങ്ങൾ വഴി മേൽപറഞ്ഞ അനുബന്ധ കക്ഷികളുമായി ഇപ്പോഴും നിരന്തര സമ്പർക്കം പുലർത്തിവരുന്നു.

സി.ജി.എസ്.ടി. ഉദ്യാഗസ്ഥർ എം.എസ്.എം.ഇ.കൾക്കുള്ള എല്ലാ അനുബന്ധ പരിപാടികളിലും പങ്കെടുക്കുകയും സജീവമായി എം.എസ്.എം.ഇ.കളുടെ ഭാഗത്തു നിന്നുകൊണ്ട് മറ്റുള്ള ഏജൻസികളുമായി നിരന്തരം ബന്ധപ്പെട്ടുകൊണ്ടിരിക്കയാണ്. കോട്ടയം ജില്ലയിൽ ഇത്തരത്തിലുള്ള മുപ്പതോളം പരിപാടികൾ നടത്തപ്പെടുകയും അതിൽ ഏകദേശം ആയിരത്തോളം എം.എസ്.എം.ഇ. സംരംഭകർ പങ്കെടുക്കുകയും ചെയ്തു. ഇടുക്കി ജില്ലയിൽ ഇതുപോലെയുള്ള ഇരുപത്തഞ്ചോളം പരിപാടികൾ നടത്തപ്പെടുകയും അതിൽ എണ്ണൂറിലധികം എം.എസ്.എം.ഇ. സംരംഭകർ പങ്കെടുത്തു.

സി.ജി.എസ്.ടി. വകുപ്പിന്റെ ഈ ശക്തമായ പ്രവർത്തനം എല്ലാ തുറകളിമുള്ള അനുബന്ധ പ്രസ്ഥാനങ്ങൾ അംഗീകരിക്കുകയും അഭിനന്ദിക്കുകയും ചെയ്തു.

# പാർട്ട് - II

## ജി.എസ്.ടി. കൗൺസിലിന്റെ സുപ്രധാന തീരുമാനങ്ങൾ

**അദ്ധ്യായം 1**

# ആമുഖം

മൈക്രോ, സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസ് (എം.എസ്.എം.ഇ.) മേഖല കഴിഞ്ഞ അഞ്ച് ദശകങ്ങളായി ഇന്ത്യൻ സാമ്പത്തിക വ്യവസ്ഥയുടെ വളരെ ഉയർന്ന ഊർജ്ജസ്വലതയും ചലനാത്മകതയുമുള്ള ഒരു മേഖലയായി ആവിർഭവിച്ചിട്ടുണ്ട്. സംരംഭകത്വം ഊട്ടിവളർത്തിയും, താരതമ്യേന കുറഞ്ഞ ചെലവിൽ, കാർഷിക മേഖലയ്ക്ക് തൊട്ടടുത്ത സ്ഥാനത്ത് രണ്ടാമതായി ഏറ്റവും കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിച്ചും രാജ്യത്തിന്റെ സാമ്പത്തിക സാമൂഹ്യ വികസനത്തിന് ഗണ്യമായ സംഭാവന നല്കിവരുന്നു. എം.എസ്.എം.ഇ.കൾ അനുബന്ധ യൂണിറ്റുകൾ എന്ന നിലയിൽ വമ്പൻ വ്യവസായങ്ങൾക്ക് പരിപൂരകങ്ങളാണ്. ഈ മേഖല രാജ്യത്തിന്റെ ഉൾക്കൊള്ളിച്ചുള്ള വ്യാവസായിക വികസനത്തിന് ഗണ്യമായ സംഭാവന നല്കുന്നു. ഈ മേഖലപരമ്പരാഗത നൈപുണ്യങ്ങളുടെ സംയോജനത്തിലൂടെയും സാങ്കേതികവിദ്യയുടെ നിവേശിപ്പിക്കലിലൂടെയും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും ഗ്രാമീണ മേഖലയുടെ വ്യവസായവത്കരണത്തിലും ഗണ്യമായ സംഭാവന നല്കിയിരിക്കുന്നു. എം.എസ്.എം.ഇ.കൾ തങ്ങളുടെ പ്രവർത്തനം സമ്പദ് വ്യവസ്ഥയിലെ വിവിധ മേഖലകളിലേക്ക് വ്യാപിപ്പിച്ച്, ആഭ്യന്തരവും അതുപോലെതന്നെ ആഗോളതലത്തിലുമുള്ള വിപണികളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി വൈവിദ്ധ്യമാർന്ന ശ്രേണിയിലുള്ള ഉല്പന്നങ്ങളും സേവനങ്ങളും ഉല്പാദിപ്പിച്ചുവരുന്നു.

എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ പക്കൽ ലഭ്യമായിട്ടുള്ള വിവരങ്ങൾ അനുസരിച്ച്, ഉല്പാദനം, സേവനം, വ്യാപാരം എന്നിവയിൽ ഏർപ്പെട്ടിരിക്കുന്ന 63 ദശലക്ഷത്തിലേറെ എം.എസ്.എം.ഇ.കളാണ് രാജ്യത്തുള്ളത്. ഇവയിൽ പകുതിയിൽ കൂടുതൽ ഗ്രാമീണ മേഖലയിലാണ്. 2015 – 2016ൽ നടത്തിയ നാഷണൽ സാമ്പിൾ സർവേ (എൻ.എസ്.എസ്.) 73ാം റൗണ്ട് പ്രകാരം, ഈ സംരംഭങ്ങൾ 110 ദശലക്ഷത്തിലേറെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും രാജ്യത്തിന്റെ സാമ്പത്തിക ഉല്പാദനത്തിൽ 29% സംഭാവന നല്കുകയും ചെയ്യുന്നു.തൊഴിലവസരം സൃഷ്ടിക്കുന്നതിലും സമ്പദ് വ്യവസ്ഥയുടെ വികസനത്തിലും എം.എസ്.എം.ഇ.കളുടെ പങ്ക് കണക്കിലെടുത്ത്, അവർക്ക് ബിസിനസ് നടത്തുന്നത് സുഗമമാക്കുന്നതിനും ചട്ടങ്ങൾ അനുവർത്തിക്കുന്നത് എളുപ്പമാക്കുന്നതിനുമായി, സർക്കാർ അതിനെ ഒരു മുൻഗണനാ മേഖലയാക്കിയിരിക്കയാണ്.

അത് അംഗീകിച്ച്, ജി.എസ്.ടി. നിയമങ്ങൾ, നടപടിക്രമങ്ങൾ, നിരക്കുകൾ എന്നിവയിൽ ഈ മേഖലയ്ക്കുള്ള ഇളവുകൾക്ക് ഒരു മുൻഗണനനൽകിയിട്ടുണ്ട്.ഈപശ്ചാത്തലത്തിൽ, ജി.എസ്.ടി. കൗൺസിലിന്റെ ഇതേ വരെ നടന്ന വിവിധ യോഗങ്ങളിൽ എം.എസ്.എം.ഇ. മേഖലയുടെ പ്രയോജനത്തിനായി നിരവധി തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.സുപ്രധാനമായ തീരുമാനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചർച്ച ചെയ്യുന്നു.

ജി.എസ്.ടി. കൗൺസിൽ 2018 ഓഗസ്റ്റ് 4ന് നടന്ന അതിന്റെ 29ാം യോഗത്തിൽ വച്ച് എം.എസ്.എം.ഇ. മേഖലയുടെ അനുവർത്തന ഭാരം ഗണ്യമായി കുറയ്ക്കുന്നതിനായി ചുവടുകളുടെ ഒരുശ്രേണിതന്നെ കൈക്കൊണ്ടു. ഈ യോഗത്തിൽ വച്ചെടുത്ത സുപ്രധാന തീരുമാനങ്ങളിലൊന്ന്, എം.എസ്.എം.ഇ. മേഖലയുമായി ബന്ധപ്പെട്ട വിവധ കക്ഷികളിൽ നിന്നു ലഭിച്ച നിവേദനങ്ങളും നിർദേശങ്ങളും സംബന്ധിച്ചുള്ള കമ്മീഷൻ, ഫിറ്റ്മെന്റ് കമ്മിറ്റി, ഐ.ടി. കമ്മിറ്റി എന്നിവരുടെ ശുപാർശകൾ പരിശോധിച്ച ശേഷം എം.എസ്.എം.ഇ.കളുടെ വളർച്ചയ്ക്ക് അനുരൂപമായ ഒരു പരിസ്ഥിതി പ്രദാനം ചെയ്യുന്നതിനായി സ്വീകരിക്കേണ്ട നടപടികൾ കണ്ടെത്തുന്നതിന് എം.എസ്.എം.ഇ.കൾക്കായി ഒരു മന്ത്രതല സംഘം അഥവാ ഗ്രൂപ്പ് ഓഫ് മിനിസ്റ്റേഴ്സ് (ജി.ഒ.എം.) രൂപീകരിക്കുക എന്നതാണ്.

ജി.എസ്.ടി. കൗൺസിൽ 2019 ജനുവരി 10ന് നടന്ന അതിന്റെ 32ാം യോഗത്തിൽ വച്ച് മറ്റ് കാര്യങ്ങളുടെ കൂട്ടത്തിൽ എം.എസ്.എം.ഇ. മേഖലയുടെ പ്രയോജനത്തിനായി 01.04.2019 മുതൽ പ്രാബല്യത്തിലാക്കിയ ചുവടെ പറയുന്ന തീരുമാനങ്ങൾ എടുത്തിരുന്നു:

- ജി.എസ്.ടി. റെജിസ്ട്രേഷനിൽ നിന്നും പേയ്മെന്റിൽ നിന്നും സേവനങ്ങളുടെ സപ്ലൈയർമാരെ ഒഴിവാക്കുന്നതിനുള്ള മൊത്തം വിറ്റുവരവിന്റെ ത്രെഷ്ഹോൾഡ് പരിധി 20 ലക്ഷം രൂപയായി നിജപ്പെടുത്തി. പ്രസ്തുത പരിധി മണിപ്പൂർ, മിസോറാം, നാഗാലാൻഡ്, ത്രിപുര എന്നീ സംസ്ഥാനങ്ങൾക്ക് 10 ലക്ഷം രൂപയായിരിക്കും (01.04.2019 മുതൽ).

- ജി.എസ്.ടി. റെജിസ്ട്രേഷനിൽ നിന്നും പേയ്മെന്റിൽ നിന്നും ചരക്കുകളുടെ സപ്ലൈയർമാരെ ഒഴിവാക്കുന്നതിനുള്ള മൊത്തം വിറ്റുവരവിന്റെ ത്രെഷ്ഹോൾഡ് പരിധി 40 ലക്ഷം രൂപയായി നിജപ്പെടുത്തി. പ്രസ്തുത പരിധി അരുണാചൽ പ്രദേശ്, മണിപ്പൂർ, മിസോറാം, നാഗാലാൻഡ്, പുതുച്ചേരി, സിക്കിം, തെലങ്കാന, ത്രിപുര, ഉത്തരാഖണ്ട് എന്നീ സംസ്ഥാനങ്ങൾക്ക് 20 ലക്ഷം രൂപയായിരിക്കും(01.04.2019 മുതൽ).

- പ്രത്യേക കാറ്റഗറി സംസ്ഥാനങ്ങളിൽ (ജമ്മു കാശ്മീർ ഒഴികെയുള്ള സംസ്ഥാനങ്ങൾ) നിന്നുള്ള10 ലക്ഷം രൂപ വരെയും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള 20 ലക്ഷം രൂപ വരെയും വാർഷിക വിറ്റുവരവുള്ള കരകൗശലവസ്തുക്കളുടെ അന്തർ സംസ്ഥാന സപ്ലൈകൾ നടത്തുകയും, അതുപോലെ ഒരു സാധാരണ നികുതിവിധേയനായ വ്യക്തിയായി സപ്ലൈകൾ നടത്തുകയും ചെയ്യുന്ന സപ്ലൈയർമാരെ ജി.എസ്.ടി.യ്ക്ക് കീഴിലുള്ള റെജിസ്ട്രേഷൻ ആവശ്യകതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

- ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർ മുഖേന സപ്ലൈ ചെയ്യുന്നവർ ഉൾപ്പെടെ, 20 ലക്ഷം രൂപയെ അധികരിക്കാത്ത മൊത്തം വാർഷിക വിറ്റുവരവുള്ള അന്തർ സംസ്ഥാന സപ്ലൈകൾ നടത്തുന്ന സേവന ദാതാക്കളെ, ജി.എസ്.ടി.യ്ക്ക് കീഴിലുള്ള റെജിസ്ട്രേഷൻ ആവശ്യകതയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്.

- സ്വമേധയാലുള്ള റെജിസ്ട്രേഷൻ കരസ്ഥമാക്കിയിട്ടുള്ള നികുതിവിധേയരായ വ്യക്തികൾക്ക് റെജിസ്ട്രേഷന്റെ പ്രാബല്യത്തീയതി മുതലുള്ള ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പ് തന്നെ റെജിസ്ട്രേഷൻ റദ്ദാക്കുന്നതിനായി അപേക്ഷിക്കാവുന്നതാണ്.

- ജി.എസ്.ടി. കൗൺസിൽ 21.07.2018ന് നടന്ന അതിന്റെ 28ാം യോഗത്തിൽ വച്ച്, എം.എസ്.എം.ഇ. മേഖലയ്ക്ക് പ്രയോജനപ്രദമാകുന്ന, സി.ജി.എസ്.ടി. ആക്ട്, 2017, ഐ.ജി.എസ്.ടി. ആക്ട്, 2017 എന്നിവയിൽ വരുത്തേണ്ട ചില ഭേദഗതികൾ ശുപാർശ ചെയ്യുകയുണ്ടായി.

ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള ഗണ്യമായ ശുപാർശകൾ ചുവടെ പറയുന്നത് പ്രകാരമാണ്:

എ. അസ്സം, അരുണാചൽ പ്രദേശ്, ഹിമാചൽ പ്രദേശ്, മേഘാലയ, സിക്കിം, ഉത്തരാഖണ്ഡ് എന്നീ സംസ്ഥാനങ്ങളിൽ റെജിസ്ട്രേഷനുള്ള ത്രെഷ്ഹോൾഡ് ഒഴിവാക്കൽ പരിധി 10 ലക്ഷം രൂപയിൽ നിന്ന് 20 ലക്ഷം രൂപയായി ഉയർത്തി;

ബി. ഒരേ സംസ്ഥാനത്തിനുള്ളിൽ അല്ലെങ്കിൽ ഒരേ കേന്ദ്രഭരണ പ്രദേശത്തിനുള്ളിൽ ബിസിനസ്സ് നടത്തുന്ന വ്യത്യസ്ത സ്ഥലങ്ങൾക്ക് ഒന്നിലധികം റെജിസ്ട്രേഷനുകൾക്ക് ഓപ്റ്റ് ചെയ്യാൻ നികുതിദായകരെ അനുവദിക്കുക;

**ജി.എസ്.ടി. കൗൺസിൽ പ്രവർത്തനത്തിൽ**

| | |
|---|---|
| ജി.എസ്.ടി. കൗൺസിൽയോഗങ്ങൾകുടിയതിന്റെഎണ്ണം | 35 |
| ജി.എസ്.ടി. കൗൺസിൽയോഗങ്ങളിൽവിനിയോഗിക്കപ്പെട്ട മനുഷ്യപ്രയത്ന മണിക്കൂറുകൾ | 25200 |
| ജി.എസ്.ടി. കൗൺസിൽയോഗങ്ങളിലുംഉദ്ദ്യോഗസ്ഥരുടെയോഗങ്ങളിലുംഉദ്യാഗസ്ഥർവിനിയോഗിച്ച മനുഷ്യപ്രയത്ന മണിക്കൂറുകൾ | 28000 |

*ജി.എസ്.ടി. കൗൺസിലിന്റെ 35ാമത് യോഗംവരെ*

സി. നിർബന്ധിത റെജിസ്ട്രേഷൻ, സി.ജി.എസ്.ടി. ആക്ട്, 2017ന്റെ സെക്ഷൻ 52നു കീഴിൽ സ്രോതസ്സിൽ നികുതി പിരിക്കുന്നത് ആവശ്യമായിട്ടുള്ള ഇ-കൊമേഴ്സ് ഓപ്പറേറ്റർമാർക്ക് മാത്രമേ ആവശ്യമായിട്ടുള്ളൂ;

ഡി. റെജിസ്ട്രേഷൻ റദ്ദാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുമ്പോൾ റെജിസ്ട്രേഷന്റെ താല്ക്കാലിക റദ്ദാക്കൽഅനുവദിക്കുന്നതാണ്.

മേൽപറഞ്ഞ ഭേദഗതികൾ നിയമത്തിൽ ഉൾച്ചേർക്കുകയും 01.02.2019 മുതൽ പ്രാബല്യത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

**നികുതിഅടിത്തറ**

| | ഇന്ത്യയിലൊട്ടാകെ ((15.06.2019ലെ കണക്കനുസരിച്ച്) | കേരളത്തിൽ (31.07.2019 ലെ കണക്കനുസരിച്ച്) |
|---|---|---|
| പുതിയറെജിസ്ട്രേഷനുകളുടെഎണ്ണം | 1,22,47,629 | 1,35,966 |
| മൈഗ്രേറ്റ്ചെയ്ത നികുതിദായകരുടെഎണ്ണം | 58,48,375 | 1,79,563 |
| കോമ്പോസിഷൻ ഡീലർമാരുടെഎണ്ണം | 17,55,832 | 50,643 |
| 5 കോടിരൂപയിൽകുറവ്വിറ്റുവരവുള്ള നികുതിദായകരുടെശതമാനം | 93% | 92.63 |

# കോമ്പോസിഷൻ സ്കീം

11.06.2017ൽ നടത്തിയ ജി.എസ്.ടി. കൗൺസിലിന്റെ 16ാമത് യോഗത്തിന്റെ ശുപാർശകൾ അനുസരിച്ച്, കോമ്പോസിഷൻ സ്കീമിനു (നിർമ്മാതാക്കൾ, റെസ്റ്റോറന്റുകൾ, വ്യാപാരി ഡീലർമാർ എന്നിവർക്ക് യഥാക്രമം 2%, 5%, 1% ജി.എസ്.ടി. ആകർഷിക്കുന്നത്) കീഴിലുള്ള വാർഷിക വിറ്റുവരവ് ത്രെഷ്ഹോൾഡ്, സ്കീമിന് അർഹരായ എല്ലാ നികുതിദായകർക്കും 50 ലക്ഷം രൂപയിൽ നിന്ന് 75 ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.

- ജി.എസ്.ടി. കൗൺസിൽ, 06.10.2017ൽ നടത്തിയ അതിന്റെ 22ാമത് യോഗത്തിൽ വച്ച്, കോമ്പോസിഷൻ സ്കീമിനു കീഴിൽ അർഹതയ്ക്കുള്ള മൊത്തം വാർഷിക വിറ്റുവരവ് പരിധി 27 സംസ്ഥാനങ്ങൾക്ക് (ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങൾ ഉൾപ്പെടെ) 75 ലക്ഷം രൂപയിൽ നിന്ന് ഒരു കോടി രൂപയായും; ജമ്മു കാശ്മീർ, ഉത്തരാഖണ്ഡ് സംസ്ഥാനങ്ങൾ അല്ലാതെയുള്ള സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങൾക്ക് (ഭരണഘടനയുടെ 279 അനുഛേദത്തിന്റെ ക്ലോസ് (4) ന്റെ സബ്-ക്ലോസ് (ജി)യിൽ വ്യക്തമാക്കിയിരിക്കുന്നത് പ്രകാരം) 50 ലക്ഷം രൂപയിൽ നിന്ന് 75 ലക്ഷം രൂപയായും വർദ്ധിപ്പിക്കാൻ തീരുമാനിച്ചു.ഇത് 2017 ഒക്ടോബർ 13 തീയതിയിലെ 46/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

- കോമ്പോസിഷൻ സ്കീമിന് അർഹതയുള്ള ഒരു വ്യക്തിക്ക്, അയാൾ പലിശ അല്ലെങ്കിൽ കിഴിവ് എന്നിവയിലൂടെ പ്രതിഫലം ലഭിക്കുന്ന നിക്ഷേപങ്ങൾ, വായ്പകൾ അല്ലെങ്കിൽ അഡ്വാൻസുകൾ എന്നീ മാർഗ്ഗത്തിലുള്ള സേവനങ്ങൾ ഉൾപ്പെടെയുള്ള ഒഴിവാക്കപ്പെട്ട സേവനങ്ങളും സപ്ലൈ ചെയ്യുകയാണെങ്കിൽ, കോമ്പോസിഷൻ സ്കീമിനുള്ള അർഹത നഷ്ടപ്പെടുന്നതല്ല. മാത്രമല്ല, സ്കീമിനുള്ള അർഹതയ്ക്കുള്ള മൊത്തം വിറ്റുവരവ് കണക്കാക്കുന്നതിന്, ഒരു നികുതി ദായകൻ സപ്ലൈ ചെയ്ത, പലിശ അല്ലെങ്കിൽ കിഴിവ് എന്നിവയിലൂടെ പ്രതിഫലം ലഭിക്കുന്ന നിക്ഷേപങ്ങൾ, വായ്പകൾ അല്ലെങ്കിൽ അഡ്വാൻസുകൾ എന്നീ മാർഗ്ഗത്തിലുള്ള സേവനങ്ങൾ ഉൾപ്പെടെയുള്ള ഒഴിവാക്കപ്പെട്ട സേവനങ്ങളുടെ വിറ്റുവരവ് ഉൾപ്പെടുത്തുന്നതല്ല. ഇത് 13.10.2017 തീയതിയിലെ 1/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

- 10.11.2017 ൽ നടത്തിയ ജി.എസ്.ടി. കൗൺസിലിന്റെ 23ാമത് യോഗത്തിന്റെ ശുപാർശകൾ അനുസരിച്ച്, 1% എന്ന ഏകീകൃത നിരക്കിലുള്ള (സി.ജി.എസ്.ടി. ആക്ടിനു കീഴിൽ 0.5 ശതമാനവും ബന്ധപ്പെട്ട എസ്.ജി.എസ്.ടി. ആക്ടിനു കീഴിൽ 0.5 ശതമാനവും) നികുതി 2018 ജനുവരി 01 മുതൽ പ്രാബല്യത്തോടെ നിർമ്മാതാക്കൾക്കും വ്യാപാരികൾക്കുമുള്ള (വ്യാപാരികൾക്ക് വിറ്റുവരവ് നികുതിവിധേയമായ ചരക്കുകളുടെ സപ്ലൈയ്ക്ക് മാത്രമേ കണക്കാക്കുകയുള്ളൂ) കോമ്പോസിഷൻ സ്കീമിനു കീഴിൽ അടയ്ക്കാവുന്നതാണ് (ബാധകമായിരിക്കുന്ന നിരക്ക് 5% ആയിരിക്കുന്ന റെസ്റ്റോറന്റുകൾക്ക് സ്കീമിനു കീഴിൽ നിരക്കിൽ മാറ്റമൊന്നുമില്ലാതെ). ഇത് 2018 ജനുവരി ഒന്നാം തീയതിയിലെ 1/2018-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

- ജി.എസ്.ടി. കൗൺസിൽ 2018 ജൂലൈ 21ന് നടന്ന അതിന്റെ 28ാമത് യോഗത്തിൽ വച്ച് കോമ്പോസിഷന് സ്കീമിന് ഓപ്റ്റ് ചെയ്യുന്നതിനുള്ള വിറ്റുവരവിന്റെ ഉയർന്ന പരിധി ഒരു കോടി രൂപയിൽ നിന്ന് 1.5 കോടി രൂപയാക്കാൻ ശുപാർശ ചെയ്തു. കൂടാതെ, കോമ്പോസിഷൻ ഡീലർമാരെ, കഴിഞ്ഞ ധനകാര്യ വർഷത്തിലെ വിറ്റുവരവിന്റെ 10 ശതമാനത്തെ അധികരിക്കാത്ത ഒരു മൂല്യം അല്ലെങ്കിൽ 5 ലക്ഷം രൂപ, ഇതിൽ ഏതാണോ കൂടുതൽ അതുവരെ മൂല്യമുള്ള സേവനങ്ങൾ (റെസ്റ്റോറൻസ് സേവനങ്ങൾ അല്ലാതെയുള്ളത്) സപ്ലൈചെയ്യാൻ അനുവദിക്കുന്നതാണ്. ഈ നടപടി 01.02.2019ൽ പ്രാബല്യത്തോടെ സി.ജി.എസ്.ടി. (ഭേദഗതി) നിയമം, 2018 മുഖേന നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

- ജി.എസ്.ടി. കൗൺസിൽ 10.01.2019ന് നടന്ന അതിന്റെ 32ാമത് യോഗത്തിൽ വച്ച്, ചരക്കുകളുടെ വിതരണക്കാർക്ക് കോമ്പോസിഷൻ സ്കീം പ്രയോജനപ്പെടുത്തുന്നതിനുള്ള കഴിഞ്ഞ ധനകാര്യ വർഷത്തെ വാർഷിക വിറ്റുവരവിന്റെ പരിധി 1.5 കോടി രൂപയായി വർദ്ധിപ്പിച്ചിരുന്നു. പ്രസ്തുത പരിധി അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം,

നാഗാലാൻഡ്, സിക്കിം, ത്രിപുര, ഉത്തരാഖണ്ട് എന്നീ പ്രത്യേക കാറ്റഗറി സംസ്ഥാനങ്ങൾക്ക് 75 ലക്ഷം രൂപയായിരിക്കും. കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള അനുവർത്തനം, നികുതികളുടെ ത്രൈമാസ പേയ്മെന്റോടെ ഒരു വാർഷിക റിട്ടേൺ (ലളിതമായ ഒരു പ്രസ്താവയോടൊപ്പം) സമർപ്പിച്ചാൽ മതിയാകും എന്ന രീതിയിൽ ലളിതമാക്കിയിട്ടുണ്ട്. ഇത് 14/2019-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ച് 01.04.2019 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

- തൊട്ടുമുമ്പത്തെ ധനകാര്യ വർഷത്തിൽ 50 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള, സേവനങ്ങളുടെ സപ്ലൈയർമാർക്ക് (നിലവിൽ ലഭ്യമായ കോമ്പോസിഷൻ സ്കീമിന് അർഹതയില്ലാത്തവർക്ക്) 6% നികുതി നിരക്കിൽ (3% സി.ജി.എസ്.ടി. + 3% എസ്.ജി.എസ്.ടി.)ഒരു കോമ്പോസിഷൻ സ്കീം ലഭ്യമാക്കിയിട്ടുണ്ട്. അവർ നികുതികളുടെ ത്രൈമാസ പേയ്മെന്റോടെ ഒരു വാർഷിക റിട്ടേൺ (ലളിതമായ ഒരു പ്രസ്താവയോടൊപ്പം) സമർപ്പിക്കാൻ ബാദ്ധ്യസ്ഥരാണ്. ഇത് 2/2019-സെൻട്രൽ ടാക്സ് (റേറ്റ്) നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ച് 01.04.2019 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

- കോമ്പോസിഷൻ സ്കീമിന് കീഴിലുള്ള നികുതിദായകരെ ഒരു ത്രൈമാസിക അടിസ്ഥാനത്തിൽ, ആ ത്രൈമാസത്തെ തുടർന്നുള്ള മാസത്തെ 18ാം തീയതി വരെ 'സ്വയം-കണക്കാക്കിയ നികുതി' അടയ്ക്കുന്നതിനും മുൻ ധനകാര്യ വർഷത്തേക്ക് ഏപ്രിൽ 30 വരെ ഒരു റിട്ടേൺ സമർപ്പിക്കുന്നതിനും അനുവദിച്ചിട്ടുണ്ട്. ഇത് 20/2019-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ച് 01.04.2019 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

## അദ്ധ്യായം 3

# റിട്ടേണുകളുടെ ഫയലിംഗ്

ജി.എസ്.ടി. കൗൺസിൽ 10.11.2017ന് നടന്ന അതിന്റെ 23ാമത് യോഗത്തിൽ, മുൻ വർഷത്തിൽ 1.5 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള നികുതിദായകർക്ക് ത്രൈമാസിക റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള ഓപ്ഷൻ ഉണ്ടായിരിക്കുന്നതാണെന്ന് തീരുമാനിച്ചു. ഇത് 2017 നവംബർ 15 തീയതിയിലെ 57/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

- ജി.എസ്.ടി. കൗൺസിൽ 21.07.2018ന് നടന്ന അതിന്റെ 28ാമത് യോഗത്തിൽ, മുൻ ധനകാര്യ വർഷത്തിൽ 5 കോടി രൂപ വരെ വാർഷിക വിറ്റുവരവുള്ള നികുതിദായകർക്ക് റിട്ടേണുകളുടെ ത്രൈമാസിക ഫയലിംഗ് നടത്തുന്നതിനുള്ള ഓപ്ഷൻ അവതരിപ്പിക്കുന്നതിനായുള്ള ഭേദഗതികൾ ജി.എസ്.ടി. നിയമത്തിൽ വരുത്താൻ ശുപാർശ ചെയ്തു. കൂടുതലായി, ഒരു പുതിയ ലളിതവത്കരിച്ച റിട്ടേൺ ഫയലിംഗ് സംവിധാനം അവതരിപ്പിക്കുന്നതിന് നിയമത്തിൽ വ്യവസ്ഥകൾ കൊണ്ടുവരുന്നതാണ്. നിർദ്ദിഷ്ട പുതിയ റിട്ടേൺ ഫയലിംഗ് സംവിധാനം 2019 ഒക്ടോബർ മുതൽ ഘട്ടംഘട്ടമായി അവതരിപ്പിക്കുന്നതാണ്.

- ജി.എസ്.ടി. കൗൺസിൽ 10.01.2019ന് നടന്ന അതിന്റെ 32ാമത് യോഗത്തിൽ, കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള അനുവർത്തനം ലളിതവത്കരിക്കാൻ തീരുമാനിച്ചതിനാൽ അവർ ഒരു വാർഷിക റിട്ടേൺ മാത്രം ഫയൽ ചെയ്താൽ മതിയാകും, എന്നാൽ നികുതികളുടെ പേയ്മെന്റ് ത്രൈമാസികമായി തുടരുന്നതാണ് (ലളിതമായ ഒരു പ്രസ്താവനയോടൊപ്പം).ഇത് 23.04.2019തീയതിയിലെ 21/2019-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

റിട്ടേണുകളുടെ വൈകിയുള്ള ഫയലിംഗിനുള്ള ലേറ്റ് ഫീസിലെ ഇളവുകൾ

- ജി.എസ്.ടി. കൗൺസിൽ 10.11.2017ൽ നടത്തിയ അതിന്റെ 23ാമത് യോഗത്തിൽ, ഫോം ജി.എസ്.ടി.ആർ.-3ബി.യിൽ ഫയൽ ചെയ്യേണ്ട റിട്ടേൺ വൈകി ഫയൽ ചെയ്യുന്നതിനുള്ള 2017 നവംബർ 15 തീയതിയിലെ 64/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം പ്രകാരമുള്ള പിഴ പ്രതിദിനം 200 രൂപയിൽ നിന്ന് കുറവ് ചെയ്തു. ഒരു മാസത്തിലെ നികുതി ബാദ്ധ്യത പൂജ്യം ആയിട്ടുള്ള ഒരു നികുതിദായകൻ പ്രതിദിനം 20 രൂപ (സി.ജി.എസ്.ടി. & എസ്.ജി.എസ്.ടി. ആക്ടുകൾ പ്രകാരം പ്രകാരം പ്രതിദിനം 10/- രൂപ വീതം), ഓരോ ആക്ടിനു കീഴിലും പരമാവധി 5000/- രൂപ വീതം എന്നതിനു വിധേയമായി 2017 ഒക്ടോബർ മുതൽ ലേറ്റ് ഫീ അടയ്ക്കാൻ ബാദ്ധ്യസ്ഥനാണ്. മറ്റെല്ലാ കേസുകളിലും,ഫോം ജി.എസ്.ടി.ആർ.-3ബി.യിൽ ഫയൽ ചെയ്യേണ്ട റിട്ടേൺ വൈകി ഫയൽ ചെയ്യുന്നതിനുള്ള ലേറ്റ് ഫീ, പ്രതിദിനം 50 രൂപയായി (സി.ജി.എസ്.ടി. & എസ്.ജി.എസ്.ടി. ആക്ടുകൾ പ്രകാരം പ്രതിദിനം 25/- രൂപ വീതം) 2017 ഒക്ടോബർ മുതൽ ഓരോആക്ടിനു കീഴിലും പരമാവധി 5000/- രൂപ വീതം എന്നതിനു വിധേയമായി കുറവ് ചെയ്തിട്ടുണ്ട്

- ജി.എസ്.ടി. കൗൺസിൽ 18.01.2018ൽ നടത്തിയ അതിന്റെ 25ാമത് യോഗത്തിൽ, ഫാം ജി.എസ്.ടി.ആർ.-1 (സപ്ലൈ വിശദാംശങ്ങൾ) ഫയൽ ചെയ്യുന്നതിൽ പരാജയപ്പെടുന്ന ഏത് റെജിസ്റ്റേർഡ് വ്യക്തിയും അടയ്ക്കേണ്ട ലേറ്റ് ഫീ 50 രൂപ (സി.ജി.എസ്.ടി. & എസ്.ജി.എസ്.ടി. ആക്ടുകൾ പ്രകാരം പ്രകാരം പ്രതിദിനം 25/- രൂപ വീതം) ആയും നിൽ ഫയൽ ചെയ്യുന്നവർക്ക് പ്രതിദിനം 20 രൂപ (സി.ജി.എസ്.ടി. & എസ്.ജി.എസ്.ടി. ആക്ടുകൾ പ്രകാരം പ്രകാരം പ്രതിദിനം 10/- രൂപ വീതം) ആയും കുറവ് ചെയ്തു.

- 2017 ജൂലൈ മുതൽ 2018 സെപ്തംബർ വരെയുള്ള മാസങ്ങൾക്ക്/ ത്രൈമാസങ്ങൾക്കായുള്ള ഔട്ട്വേർഡ് സപ്ലൈകളുടെ വിശദാംശങ്ങൾ ഫോം ജി.എസ്.ടി.ആർ.-1ൽ നിശ്ചിത തീയതിക്ക് മുമ്പ് സമർപ്പിക്കുന്നതിൽ പരാജയപ്പെടുകയും, എന്നാൽ പ്രസ്തുത വിശദാംശങ്ങൾ 22.12.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിനുള്ളിൽ

ജി.എസ്.ടി.ആർ.-1ൽ സമർപ്പിക്കുകയും ചെയ്ത റെജിസ്റ്റേർഡ് വ്യക്തികൾ പ്രസ്തുത ആക്ടിന്റെ സെക്ഷൻ 47നു കീഴിൽ അടയ്ക്കേണ്ട ലേറ്റ് ഫീ തുക ഒഴിവാക്കിയിരിക്കുന്നു. ഇത് 31.12.2018തീയതിയിലെ 75/2018-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

- 2017 ജൂലൈ മുതൽ 2018 സെപ്തംബർ വരെയുള്ള മാസങ്ങൾക്ക്/ ത്രൈമാസങ്ങൾക്കായുള്ള ഔട്ട്വേർഡ് സപ്ലൈകളുടെ വിശദാംശങ്ങൾ ഫോം ജി.എസ്.ടി.ആർ.-3ബി.യിൽ നിശ്ചിത തീയതിക്ക് മുമ്പ് സമർപ്പിക്കുന്നതിൽ പരാജയപ്പെടുകയും, എന്നാൽ പ്രസ്തുത വിശദാംശങ്ങൾ 22.12.2018 മുതൽ 31.03.2019 വരെയുള്ള കാലയളവിനുള്ളിൽ ജി.എസ്.ടി.ആർ.-3ബി.യിൽ സമർപ്പിക്കുകയും ചെയ്ത റെജിസ്റ്റേർഡ് വ്യക്തികൾ പ്രസ്തുത ആക്ടിന്റെ സെക്ഷൻ 47നു കീഴിൽ അടയ്ക്കേണ്ട ലേറ്റ് ഫീ തുക ഒഴിവാക്കിയിരിക്കുന്നു. ഇത് 31.12.2018തീയതിയിലെ 76/2018-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം മുഖേന നടപ്പിലാക്കിയിട്ടുണ്ട്.

അദ്ധ്യായം 4

# ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ വ്യാപ്തി

ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ വ്യാപ്തി വിപുലമാക്കിയിരിക്കുന്നു; അതിപ്പോൾ ചുവടെ പറയുന്നവയ്ക്ക് ലഭ്യമാണ്:

(i) ഡ്രൈവർ ഉൾപ്പെടെ 13ൽ കൂടുതൽ ആളുകളെ ഇരുത്താൻ ശേഷിയുള്ള, വ്യക്തികളെ കൊണ്ടുപോകാൻ ഉപയോഗിക്കുന്ന മോട്ടോർ വാഹനങ്ങൾ, യാനങ്ങൾ, വിമാനങ്ങൾ എന്നിവ അത്തരം മോട്ടോർ വാഹനങ്ങളുടെ ഉദ്ദേശ്യങ്ങൾക്കായി, യാത്രക്കാരെ കൊണ്ടുപോകുന്നതിനായി ഉപയോഗിക്കുമ്പോൾ, അല്ലെങ്കിൽ അത്തരം മോട്ടോർ വാഹനങ്ങൾ ഡ്രൈവ് ചെയ്യാനുള്ള പരിശീലനം നല്കുമ്പോൾ/ അത്തരം യാത്രക്കാരെ നാവിഗേറ്റ് അല്ലെങ്കിൽ പറപ്പിക്കുകയോ ചെയ്യുമ്പോൾ മാത്രം.

(ii) (i)ൽ സൂചിപ്പിച്ചിരിക്കുന്ന മോട്ടോർ വാഹനങ്ങൾ, യാനങ്ങൾ, വിമാനങ്ങൾ എന്നിവ അതിൽ വ്യക്തമാക്കിയിട്ടുള്ള ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കുകയാണെങ്കിൽ, കൂടാതെ ഏർപ്പെട്ടിരിക്കുന്ന നികുതിവിധേയനായ വ്യക്തി അത് സ്വീകരിക്കുകയും ചെയ്യുമ്പോൾ, അവയുമായി ബന്ധപ്പെട്ട ജനറൽ ഇൻഷുറൻസ്, റിപ്പയർ, പരിപാലനം എന്നിവയുടെ സേവനങ്ങൾക്കും ക്രെഡിറ്റ് ലഭ്യമാണ്.

(iii) ഒരു തൊഴിൽദാതാവ് നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിനു കീഴിൽ ജീവനക്കാർക്ക് നല്കാൻ ബാദ്ധ്യസ്ഥമായ ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ.

ഈ നടപടികൾ കേന്ദ്ര ചരക്ക് സേവന നികുതി (ഭേദഗതി) നിയമം, 2018 നടപ്പിലാക്കിയതോടെ 01.02.2019 മുതൽ പ്രാബല്യത്തിയായിട്ടുണ്ട്.2. നികുതിദായകർക്ക് സൗകര്യമൊരുക്കുന്നതിനായി 2017-18 ധനകാര്യ വർഷത്തിനുള്ള ഇൻവോയിസുകൾ അല്ലെങ്കിൽ ഡെബിറ്റ് നോട്ടുകളിന്മേൽ ഐ.ടി.സി.പ്രയോജനപ്പെടുത്തുന്നതിനുള്ള അവസാന തീയതി ദീർഘിപ്പിച്ചുകൊണ്ട് ഒരു റിമൂവൽ ഓഫ് ഡിഫിക്കൽറ്റി ഓർഡർ പുറത്തിറക്കി.

**അദ്ധ്യായം 5**

# കയറ്റുമതികൾ

അഡ്വാൻസ് ഓതറൈസേഷൻ (എ.എ.)/ എക്സ്പോർട്ട് പ്രൊമോഷൻ ക്യാപിറ്റൽ ഗുഡ്സ് (ഇ.പി.സി.ജി.) / 100% എക്സ്പോർട്ട് ഓറിയന്റഡ് യൂണിറ്റ്സ് (ഇ.ഒ.യു.) സ്കീമുകൾ വിദേശത്ത് നിന്നും അതുപോലെതന്നെ ആഭ്യന്തരവുമായുള്ള സോഴ്സിംഗ് ഇൻപുട്ടുകൾക്ക് വ്യാപിപ്പിച്ചു. എ.എ./ ഇ.പി.സി.ജി. കൂടാതെ ഇ.ഒ.യു. ഉള്ളവർ ഇറക്കുമതികൾക്ക് ഐ.ജി.എസ്.ടി., സെസ്സ് മുതലായവ അടയ്ക്കേണ്ട ആവശ്യമില്ല. മാത്രമല്ല, എ.എ./ ഇ.പി.സി.ജി. കൂടാതെ ഇ.ഒ.യു. എന്നിവർക്കു ചെയ്യുന്ന ആഭ്യന്തര സപ്ലൈകളെ സി.ജി.എസ്.ടി./എസ്.ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 147നു കീഴിൽ കല്പിത കയറ്റുമതികളായി പരിഗണിക്കുന്നതും, അത്തരം സപ്ലൈകളിന്മേൽ അടച്ച നികുതിയുടെ റീഫണ്ട് ഒന്നുകിൽ സപ്ലൈകർക്ക് അല്ലെങ്കിൽ സ്വീകർത്താവിന് നല്കുന്നതുമാണ്.

**തീർപ്പാക്കിയ ജി.എസ്.ടി. റീഫണ്ടുകൾ**

| റീഫണ്ട് | ക്ലെയിമുകളുടെ എണ്ണം | 2017 ജൂലൈ മുതൽ 2019 മേയ് വരെ (കോടി രൂപയിൽ) |
|---|---|---|
| മൊത്തം റീഫണ്ടുകൾ (സി.ജി.എസ്.ടി. + എസ്.ജി.എസ്.ടി. + യു.ജി.എസ്.ടി. + സെസ്സ് + ഐ.ജി.എസ്.ടി.) | 25,74,452 | 1,54,828 |
| കേരളം * | 3657 | 375.05 |

* 26.082019 വരെ

*23.06.2019ലെ സ്ഥിതി അനുസരിച്ച്*

• ഒരു കയറ്റുമതി വ്യാപാരിയ്ക്ക് കയറ്റുമതിയ്ക്കായി ഒരു റെജിസ്റ്റേർഡ് സപ്ലൈയർ നികുതിവിധേയമായ ചരക്കുകൾ സപ്ലൈ ചെയ്യുന്നത് 0.1%ന്റെ ഒരു മൊത്തം ജി.എസ്.ടി. നിരക്ക് ആകർഷിക്കുന്നതും, അങ്ങനെ കയറ്റുമതിക്കാർക്കുള്ള പ്രവർത്തന മൂലധന ബ്ലോക്കേജ് കുറയ്ക്കുകയും ചെയ്യുന്നതാണ്.

• ജി.എസ്.ടി. കൗൺസിൽ 21.07.2018ന് നടന്ന അതിന്റെ 28ാമത് യോഗത്തിൽ വച്ച്, മറ്റുള്ളവയോടൊപ്പം ചുവടെ പറയുന്ന കാര്യങ്ങളും ശുപാർശ ചെയ്തു:

എ. ആർ.ബി.ഐ. അനുവദിച്ചിട്ടുള്ളിടത്ത്, പേയ്മെന്റ് സ്വീകരിക്കുന്നത് ഇന്ത്യൻ രൂപയിലാണെങ്കിൽ പോലും സേവനങ്ങളുടെ സപ്ലൈ കയറ്റുമതി എന്ന നിലയ്ക്ക് അർഹമാകുന്നതാണ്;

ബി. താല്ക്കാലികമായി ഇന്ത്യയിലേക്ക് ഇറക്കുമതി ചെയ്തചരക്കുകളിന്മേൽ ഏതെങ്കിലും ട്രീറ്റ്മെന്റ് അല്ലെങ്കിൽ പ്രോസസ്സ് മുതലായ ജോബ് വർക്കിനു ശേഷം, ഇന്ത്യയിൽ മറ്റൊരു ഉപയോഗത്തിനും വിധേയമാക്കാതെ കയറ്റുമതി ചെയ്യുകയും ചെയ്ത സാഹചര്യത്തിൽ സപ്ലൈയുടെ സ്ഥലം ഇന്ത്യയ്ക്ക് പുറത്ത് ആയി കരുതുന്നതാണ്.

ഈ ഭേദഗതികൾ ജി.എസ്.ടി. നിയമത്തിൽ ഉൾച്ചേർക്കുകയും 01.02.2019 മുതൽ പ്രാബല്യത്തിലാക്കുകയും ചെയ്തിട്ടുണ്ട്.

- ഫോം ജി.എസ്.ടി. ആർ.എഫ്.ഡി.-01എയിൽ റീഫണ്ടിനുള്ള ക്ലെയിമുമായി ബന്ധപ്പെട്ടുള്ള എല്ലാ സപ്പോർട്ടിംഗ് ഡോക്കുമെന്റുകളും/ഇൻവോയിസുകളും, റീഫണ്ട് അപേക്ഷ ഫയൽ ചെയ്യുന്ന സമയത്ത് തന്നെ പൊതു പോർട്ടലിൽ ഇലക്ട്രോണിക്കായി അപ്ലോഡ് ചെയ്യേണ്ടതാണ്. അതിലൂടെ ഒരു റീഫണ്ട് അപേക്ഷ സമർപ്പിക്കുന്നതിനായി നികുതി ഓഫീസിലേക്ക് നേരിട്ട് സന്ദർശനം നടത്തേണ്ട ആവശ്യകത ഒഴിവാക്കുന്നു.

അദ്ധ്യായം 6

# നികുതിയുടെ പേയ്മെന്റ്

ചരക്കുകളുടെ സപ്ലൈ നടത്തുന്ന റെജിസ്റ്റേർഡ് വ്യക്തികൾ നികുതി അടയ്ക്കേണ്ടത് ഇൻവോയിസ് ഇഷ്യു ചെയ്യുന്ന സമയത്താണ്, അല്ലാതെ അഡ്വാൻസുകൾ കൈപ്പറ്റുന്ന സമയത്തല്ല. ഇത് 2017 നവംബർ 15തീയതിയിലെ 66/2017-സെൻട്രൽ ടാക്സ് നമ്പർ വിജ്ഞാപനം പുറപ്പെടുവിച്ചുകൊണ്ട് നടപ്പിലാക്കിയിട്ടുണ്ട്.

• ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും നിശ്ചിത കാറ്റഗറികളുമായി ബന്ധപ്പെട്ട് റിവേഴ്സ് ചാർജിനു കീഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥലായ വ്യക്തികളുടെ ഒരു ക്ലാസ്സിനെ നോട്ടിഫൈ ചെയ്യുന്നതിന് സർക്കാറിനെ അധികാരപ്പെടുത്തുന്നതിനായി

സി.ജി.എസ്.ടി. ആക്ട്, 2017ന്റെ സെക്ഷൻ 9ന്റെ സബ്-സെക്ഷൻ (4), ഐ.ജി.എസ്.ടി. ആക്ട്, 2017ന്റെ സെക്ഷൻ 5ന്റെ സബ്-സെക്ഷൻ (4), യൂണിയൻ ടെറിട്ടറി ഗുഡ്സ് ആന്റ് സർവീസസ് ടാക്സ് ആക്ട്, 2017 (യു.ടി.ജി.എസ്.ടി. ആക്ട്, 2017) ന്റെ സെക്ഷൻ 7ന്റെ സബ്-സെക്ഷൻ (4) എന്നിവയ്ക്ക് കീഴിലുള്ള റിവേഴ്സ് ചാർജ് മെക്കാനിസത്തിന്റെ വ്യവസ്ഥകൾ ഭേദഗതി ചെയ്തിട്ടുണ്ട്. പ്രസ്തുത വ്യവസ്ഥയ്ക്കു കീഴിൽ ഇതേവരെ വിജ്ഞാപനമൊന്നും പുറത്തിറക്കിയിട്ടില്ല.

# മറ്റുള്ള മാറ്റങ്ങൾ

ജി.എസ്.ടി. കൗൺസിൽ 2018 ജൂലൈ 21ന് നടത്തിയ അതിന്റെ 28ാമത് യോഗത്തിൽ വച്ച്, സി.ജി.എസ്.ടി.ആക്ട്, 2017, ഐ.ജി.എസ്.ടി. ആക്ട്, 2017 എന്നിവയിൽ, എം.എസ്.എം.ഇ. മേഖലയുടെ പ്രയോജനം ഉദ്ദേശിച്ചുള്ള വ്യാപാര സൗഹൃദ നടപടികളായ, ചുവടെ പറയുന്ന മറ്റ് ഭേദഗതികൾ ശുപാർശ ചെയ്തിരുന്നു:

- ഒരു ധനകാര്യ വർഷത്തിൽ ഇഷ്യു ചെയ്ത ഒന്നിലധികം ഇൻവോയിസുകളുമായി ബന്ധപ്പെട്ട് കൺസോളിഡേറ്റഡ് ക്രെഡിറ്റ്/ഡെബിറ്റ് നോട്ടുകൾ ഇഷ്യൂ ചെയ്യാൻ റെജിസ്റ്റേർഡ് വ്യക്തികളെ അനുവദിക്കുന്നതാണ്.

- ജോബ് വർക്കിന്മേൽ അയയ്ക്കുന്ന ഇൻപുട്ടുകളുടെയും മൂലധനത്തിന്റെയും തിരികെ നൽകുവാനുള്ള സമയപരിധി യഥാക്രമം ഒരു വർഷമായും രണ്ടു വർഷമായും ദീർഘിപ്പിക്കുന്നതിനായി കമ്മീഷണറെ അധികാരപ്പെടുത്തുന്നതാണ്.

- സി.ജി.എസ്.ടി. ആക്ട്, 2017നു കീഴിൽ അപ്പലേറ്റ് അധികൃതർക്കും അപ്പലേറ്റ് ട്രൈബ്യൂണലിനും അപ്പീൽ ഫയൽ ചെയ്യുന്നതിനായി അടയ്ക്കേണ്ട പ്രീ-ഡിപോസിറ്റ് തുക യഥാക്രമം 25 കോടി രൂപയിലും 50 കോടി രൂപയിലും പരിമിതപ്പെടുത്തണം

ഈ നടപടികൾ 01.02.2019 മുതൽ പ്രാബല്യത്തോടെ നടപ്പിലാക്കിയിട്ടുണ്ട്.

അദ്ധ്യായം 8

# കരകൗശല വസ്തുക്കളിന്മേലുള്ള ജി.എസ്.ടി.

09.09.2017ന് നടന്ന ജി.എസ്.ടി. കൗൺസിലിന്റെ 21ാമത് യോഗത്തിന്റെ ശുപാർശകൾ അനുസരിച്ച്, കരകൗശല മേഖലയുമായി ബന്ധപ്പെട്ട് ചുവടെപറയുന്ന മാറ്റങ്ങൾ വരുത്തി:

- പ്രത്യേക കാറ്റഗറി സംസ്ഥാനങ്ങൾക്ക് (ജമ്മു കാശ്മീർ അല്ലാതെയുള്ളത്) 10 ലക്ഷം രൂപ വരെയും മറ്റ് സംസ്ഥാനങ്ങൾക്ക് 20 ലക്ഷം രൂപ വരെയും വാർഷിക വിറ്റുവരവുള്ളതും, ഒരു സാധാരണ നികുതിവിധേയനായ വ്യക്തിയെ പോലെ, അന്തർ സംസ്ഥാന സപ്ലൈ നടത്തുന്ന, കരകൗശലവസ്തുക്കളുടെ സപ്ലൈയർമാരെ റെജിസ്ട്രേഷനിൽ നിന്ന് ഒഴിവാക്കിയിരിക്കുന്നു.

- ചുവടെപറയുന്നവയ്ക്കുള്ള ജി.എസ്.ടി. നിരക്ക് 28%ൽ നിന്ന് 12% ആയി കുറച്ചു:
  - ○ പ്രതിമകൾ, വിഗ്രഹങ്ങൾ, പീഠങ്ങൾ; പൊക്കം കൂടിയതോ കുറഞ്ഞതോ ആയ ശില്പങ്ങൾ; കുരിശുകൾ; മൃഗങ്ങളുടെ രൂപങ്ങൾ; ബൗളുകൾ, വേസുകൾ, കപ്പുകൾ; കാഷൂ ബോക്സുകൾ; റൈറ്റിംഗ് സെറ്റുകൾ; ആഷ്ട്രേകൾ; പേപ്പർ വെയ്റ്റുകൾ; കൃത്രിമ പഴങ്ങങ്ങൾ, ഫോളിയേജ് മുതലായവ; പ്രധാനമായും കല്ലിൽ നിർമ്മിച്ച അലങ്കാരവസ്തുക്കൾ
  - ○ സ്റ്റോൺസ് ഇൻലേ വർക്ക്
  - ○ ആനക്കൊമ്പ്, അസ്ഥി, ആമത്തോട്, കൊമ്പ്, മാൻകൊമ്പുകൾ, പവിഴം, മദർ ഓഫ് പേൾ, എന്നിവയിൽ നിന്നും മൃഗങ്ങളിൽ നിന്നുള്ള മറ്റ് വസ്തുക്കളിൽ നിന്നുമുള്ള കൊത്തുപണികളും ഈ വസ്തുക്കളിൽ നിന്നുള്ള മറ്റ് നിർമ്മിതികളും (മോൾഡിംഗിൽ നിന്ന് കരസ്ഥമാക്കുന്ന വസ്തുക്കൾ ഉൾപ്പെടെ)
  - ○ സിറാമിക് വസ്തുക്കളിൽ നിന്ന് നിർമ്മിക്കുന്ന കുടങ്ങൾ, ജാറുകൾ എന്നിവയും സാധനങ്ങൾ സംഭരിക്കാനും കൊണ്ടുപോകാനും ഉപയോഗിക്കുന്ന സമാന സാമഗ്രികളും
  - ○ പോർസെലെയ്ൻ അല്ലെങ്കിൽ ചൈന അല്ലാതെയുള്ളവയിൽ നിന്ന് നിർമ്മിച്ച ടേബിൾവെയർ, കിച്ചൺവെയർ, മറ്റ് ഗാർഹിക സാമഗ്രികൾ, ടോയിലറ്റ് സാമഗ്രികൾ എന്നിവ (സോപ്പ് ഡിഷുകൾ, സ്പോഞ്ച് ബാസ്ക്കറ്റുകൾ, ടൂത്ത്ബ്രഷ് ഹോൾഡറുകൾ, ടവ്വൽ ഹുക്കുകൾ, ടോയിലറ്റ് പേപ്പർ ഹോൾഡറുകൾ എന്നിങ്ങനെയുള്ള ചെറിയ അക്സസ്സറികൾ ഉൾപ്പെടെ)

- ഈറ/ചൂരൽ ഫർണിച്ചറിന്മേലുള്ള ജി.എസ്.ടി. നിരക്ക് 28%ൽ നിന്ന് 18% ആയി കുറച്ചു.

- പേപ്പർ മാഷ് വസ്തുക്കളിന്മേലുള്ള ജി.എസ്.ടി. നിരക്ക് 18%ൽ നിന്ന് 5% ആയി കുറച്ചു.
- ചുവടെ പറയുന്ന വസ്തുക്കളിന്മേലുള്ള ജി.എസ്.ടി. നിരക്ക് 18%ൽ നിന്ന് 12% ആയി കുറച്ചു:
  - ○ ഗ്ലാസ്സ് പ്രതിമകൾ;
  - ○ തടി കൊണ്ട് നിർമ്മിച്ച മേശയും കിച്ചൺവെയറും
  - ○ ബോക്സുകൾ, ഇൻലേ വർക്ക് കേസുകൾ, കാസ്കുകൾ മുതലായവ പോലെയുള്ള കൊത്തുപണി ചെയ്ത തടി ഉല്പന്നങ്ങൾ.

○ ഇലക്ട്രിക് അല്ലാത്ത, ബേസ് മെറ്റൽ കൊണ്ടുള്ള മണികൾ, ചേങ്ങിലകൾ മുതലായവ, ബേസ് മെറ്റൽ കൊണ്ടുള്ള വിഗ്രഹങ്ങളും മറ്റ് ആഭരണങ്ങളും; ഫോട്ടോഗ്രാഫുകളുടെ,ചിത്രങ്ങളുടെ അല്ലെങ്കിൽ സമാന വസ്തുക്കളുടെ ബേസ് മെറ്റൽ കൊണ്ടുള്ള ഫ്രെയിമുകൾ; ബേസ് മെറ്റൽ കൊണ്ടുള്ള കണ്ണാടികൾ; മെറ്റൽ ബിദ്രിവെയർ

- ദുപ്ബത്തി, ദൂപ്, സാമ്പ്രാണി, മറ്റ് സമാന വസ്തുക്കൾ, പുല്ല്, ഇല, ഈറ, നാറ് എന്നിവ കൊണ്ടുള്ള പായകൾ, പൗച്ചുകൾ, വാലറ്റുകൾ എന്നിവ ഉൾപ്പെടെയുള്ള ഉല്പന്നങ്ങൾക്ക് ജി.എസ്.ടി. നിരക്ക് 12%ൽ നിന്ന് 5% ആയി കുറച്ചു..

• 21.07.2018ന് നടന്ന ജി.എസ്.ടി. കൗൺസിലിന്റെ 28ാമത് യോഗത്തിന്റെ ശുപാർശകൾഅനുസരിച്ച്, കരകൗശല മേഖലയുമായി ബന്ധപ്പെട്ട് ചുവടെപറയുന്ന മാറ്റങ്ങൾ വരുത്തി:

- ചുവടെപറയുന്ന കരകൗശല വസ്തുക്കളിന്മേലുള്ള ജി.എസ്.ടി. നിരക്കുകൾ 18%ൽ നിന്ന് 12% ആയി കുറച്ചു:
  ○ പൗച്ചുകളും പേഴ്സുകളും ഉൾപ്പെടെയുള്ള ഹാൻഡ്ബാഗുകള്; ആഭരണ പെട്ടി
  ○ പെയിന്റിംഗ്, ഫോട്ടോഗ്രാഫുകൾ, കണ്ണാടികൾ മുതലായവയുടെ തടികൊണ്ടുള്ള ഫ്രെയിമുകൾ
  ○ കോർക്കിന്റെ ആർട്ട് വെയർ (ശോലാപീതിന്റെ വസ്തുക്കൾ ഉൾപ്പെടെ)
  ○ സ്റ്റോൺ ആർട്ട് വെർ, സ്റ്റോൺ ഇൻലേ വർക്ക്
  ○ അലങ്കാരപ്പണി ചെയ്ത ഫ്രെയിമുകളോടെയുള്ള കണ്ണാടികൾ
  ○ ഗ്ലാസ്സ് പ്രതിമുകൾ (ക്രിസ്റ്റൽ നിർമ്മിതം അല്ലാതെയുള്ളത്)
  ○ ഗ്ലാസ്സ് ആർട്ട് വെയർ (കുടങ്ങൾ, ജാറുകൾ, കാസ്ക്, കേക്ക് കവർ, ടൂലിപ് ബോട്ടിൽ, വേസ് എന്നിവ ഉൾപ്പെടെ)
  ○ ഇരുമ്പിന്റെ ആർട്ട് വെയർ
  ○ നിക്കൽ/വെള്ളി കൊണ്ട് ഇല്കട്രോപ്ലേറ്റ് ചെയ്ത വെങ്കലും, ചെമ്പ്/ ചെമ്പിന്റെ അലോയികൾ എന്നിവയുടെ ആർട്ട് വെയർ
  ○ അലുമിനിയം ആർട്ട് വെയർ
  ○ കരനിർമ്മിതമായ വിളക്കുകൾ (പഞ്ചലോഹ വിളക്ക് ഉൾപ്പെടെ)
  ○ വെജിറ്റബിൾ അല്ലെങ്കിൽ മിനറൽ കാർവിംഗ്, അതിൽ നിന്നുള്ള വസ്തുക്കൾ, മെഴുക്, സ്റ്റിയറിൻ, പ്രകൃതിദത്ത പശകൾ അല്ലെങ്കിൽ പ്രകൃതിദത്ത മരക്കറകൾ അല്ലെങ്കിൽ മോഡലിംഗ് പേസ്റ്റുകൾ എന്നിവ കൊണ്ടുള്ള വസ്തുക്കൾ (ലാക്, ഷെല്ലോക് കൊണ്ടുള്ള വസ്തുക്കൾ ഉൾപ്പെടെ)
  ○ ഗഞ്ചിഫ കാർഡ്

- ചുവടെപറയുന്ന കരകൗശല വസ്തുക്കളിന്മേലുള്ള ജി.എസ്.ടി. നിരക്കുകൾ 12%ൽ നിന്ന് 5% ആയി കുറച്ചു:

  ○ കരനിർമ്മിത പരവതാനികൾ മറ്റ് കരനിർമ്മിത ടെക്സ്റ്റൈൽ ഫ്ളോർ കവറിംഗുകൾ (നംദ/ഗബ്ബ ഉൾപ്പെടെ)
  ○ ഗൃഹനിർമ്മിതമായ ലേസ്
  ○ കൈകൊണ്ട് തുന്നിയ ചിത്രകമ്പളങ്ങൾ
  ○ കരനിർമ്മിത ബ്രെയിഡുകളും അവയിലെ അലങ്കാരപരമായ ട്രിമ്മിംഗും
  ○ തോരൺ

**അദ്ധ്യായം 9**

# ടെക്സ്റ്റൈൽസിന്മേലുള്ള ജി.എസ്.ടി.

ടെക്സ്റ്റൈൽ വാല്യൂ ചെയിനിന്റെ എല്ലാ ചരക്കുകൾക്കുമുള്ള ജി.എസ്.ടി. നിരക്ക് ഘടന 03.06.2017ന് നടന്ന ജി.എസ്.ടി കൗൺസിലിന്റെ 15ാമത് യോഗത്തിൽ വിശദമായി ചർച്ച ചെയ്തിരുന്നു. ജി.എസ്.ടി. പൂർവ്വ നികുതി ഘടനയെ അടിസ്ഥാനപ്പെടുത്തി, മനുഷ്യ നിർമ്മിത ഫിലമെന്റുകൾക്കും നൂലുകൾക്കും കൗൺസിൽ 18% ജി.എസ്.ടി. ശുപാർശ ചെയ്തിരുന്നു. കൂടാതെ, മനുഷ്യ നിർമ്മിത തുണിത്തരങ്ങൾക്ക് ജി.എസ്.ടി. പൂർവ്വ നികുതി സംവിധാനത്തിൽ നികുതി ഇല്ലാതിരുന്നതിനാൽ (സെൻട്രൽ എക്സൈസ് ഡ്യൂട്ടിയുടെയും വാറ്റിന്റെയും കണക്കിലുള്ള എംബെഡഡ് നികുതികൾ 11 ശതമാനത്തിൽ കൂടുതലായിരുന്നെങ്കിലും), മനുഷ്യനിർമ്മിത തുണിത്തരങ്ങൾ ഉൾപ്പെടെ എല്ലാ തുണിത്തരങ്ങളിന്മേലും 5% ജി.എസ്.ടി. നിരക്ക് നിജപ്പെടുത്താൻ കൗൺസിൽ ശുപാർശ ചെയ്തു.മാത്രമല്ല, റീഫണ്ടുകളുടെ വൻ തുകകൾ ഉളവാകുന്നത് തടയുന്നതിനായി, മനുഷ്യ നിർമ്മിത തുണിത്തരങ്ങളുടെ ഉല്പാദനത്തിന്മേൽ സ്വരൂപിക്കപ്പെട്ടിട്ടുള്ള ഐ.ടി.സി.യുടെ റീഫണ്ട് നിയന്ത്രിക്കാനും കൗൺസിൽ ശുപാർശ ചെയ്തിരുന്നു.

• അനന്തരഫലമായി, ടെക്സ്റ്റൈൽസിനു മേലുള്ള ജി.എസ്.ടി നിരക്കുകളെ സംബന്ധിച്ച് ചുവടെ പറയുന്ന മാറ്റങ്ങൾ വരുത്തുകയുണ്ടായി:

- 09.09.2017ന് നടന്ന ജി.എസ്.ടി. കൗൺസിലിന്റെ 21ാമത് യോഗത്തിന്റെ ശുപാർശകൾ അനുസരിച്ച്, എം.എസ്.എം.ഇ. മേഖലയ്ക്ക് ആശ്വാസം പ്രദാനം ചെയ്യുന്നതിനായി ഖാദി ഗ്രാമ വ്യവസായ കമ്മീഷന്റെ സാക്ഷ്യപ്പെടുത്തിയിട്ടുള്ള ഔട്ട്ലെറ്റുകളിലൂടെ വില്ക്കുന്ന ഖാദി തുണിത്തരങ്ങളെ ജി.എസ്.ടി.യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല, സാരീ ഫാൾ എം.എസ്.എം.ഇ. മേഖലയിൽ ഉപയോഗിക്കുന്നതായതിനാൽ അതിന്മേലുള്ള ജി.എസ്.ടി. നിരക്ക് 12%ൽ നിന്ന് 5% ആയി കുറയ്ക്കുകയും ചെയ്തു.
- 16.10.2017ന് നടന്ന ജി.എസ്.ടി കൗൺസിലിന്റെ 22ാമത് യോഗത്തിന്റെ ശുപാർശകൾ അനുസരിച്ച്, എല്ലാ എം.എം.എഫ്.ഫിലമെന്റുകൾക്കും നൂലുകൾക്കും മേലുള്ള ജി.എസ്.ടി. നിരക്ക് 18%ൽ നിന്ന് 12% ആയി കുറയ്ക്കുകയുണ്ടായി, കാരണം അത് ഉപയോഗിക്കുന്നത് എം.എസ്.എം.ഇ. മേഖലയിലെ തുണി ഉല്പാദകരാണ്. കൂടാതെ, സൂററ്റ് ജാരി മാനുഫ്ക്ചറേഴ്സ് അസോസിയേഷന്റെ അഭ്യർത്ഥന പ്രകാരം യഥാർത്ഥ ജെറിയിന്മേലുള്ള ജി.എസ്.ടി. നിരക്ക് 12%ൽ നിന്ന് 5% ആയി കുറയ്ക്കുകയും ചെയ്തു.

- 10.11.2017ന് നടന്ന ജി.എസ്.ടി കൗൺസിലിന്റെ 23ാമത് യോഗത്തിന്റെ ശുപാർശകൾ അനുസരിച്ച്, എം.എസ്.എം.ഇ. മേഖലയുടെ ടെക്സ്റ്റൈൽ ഉല്പന്നങ്ങളുടെ മേലുള്ള ജി.എസ്.ടി. നിരക്ക് 12%ൽ നിന്ന് 5% ആയി കുറയ്ക്കുകയുണ്ടായി:-

Oചണ ട്വയിൻ, വടം അല്ലെങ്കിൽ കയർ

Oട്വയിൻ, വടം അല്ലെങ്കിൽ കയറിന്റെ കെട്ടുള്ള നെറ്റിംഗ്; ടെക്സ്റ്റൈൽ മെറ്റീരിയൽ കൊണ്ടുള്ള മെയ്ഡ് അപ് മത്സ്യബന്ധന വലകളും മറ്റ് മെയ്ഡ് അപ് വലകളും

Oകയർ ഉല്പന്നങ്ങൾ

Oഹെഡിംഗ് 5807ന്റെ ചരക്കുകളല്ലാത്തതായ ഇടുക്കത്തിൽ നെയ്ത തുണിത്തരങ്ങൾ; ഊടില്ലാതെ ഏതെങ്കിലും പശ ഉപയോഗിച്ച് യോജിപ്പിച്ച പാവ് അടങ്ങിയഇടുങ്ങിയ തുണിത്തരങ്ങൾ

Oഉപയോഗിച്ച വസ്ത്രങ്ങളും അണിഞ്ഞ മറ്റ് വസ്തുക്കളും; പഴന്തുണികൾ

- 21.07.2018ന് നടന്ന ജി.എസ്.ടി കൗൺസിലിന്റെ 28ാമത് യോഗത്തിന്റെ ശുപാർശകൾ അനുസരിച്ച്, ചെന്നൈൽ തുണിത്തരങ്ങളുടെയുംഹെഡിംഗ് 5801നു കീഴിലുള്ള മറ്റ് തുണിത്തരങ്ങളുടെയും ജി.എസ്.ടി. നിരക്ക് 12%ൽ നിന്ന് 5% ആയി കുറയ്ക്കുകയുണ്ടായി.

- ജി.എസ്.ടി.യ്ക്ക് കീഴിലുള്ള നിലവിലുള്ള ടെക്സ്റ്റൈൽ നിരക്ക് ഘടന ചുവടെ പറയുന്നത് പ്രകാരമാണ്:

- പരുത്തിയുടെ എല്ലാ നൂലുകളും മറ്റ് പ്രകൃതിദത്ത നാരുകളും 5%ൽ

- മനുഷ്യനിർമ്മിത നാര് 18%

- മനുഷ്യനിർമ്മിത നാരിന്റെ നൂലുകൾ 12%,

- പൊതുവിൽഅദ്ധ്യായങ്ങൾ 50 മുതൽ 55 വരെയും 60ലുമുള്ള തുണിത്തരങ്ങൾക്ക് 5%, സ്വരൂപിക്കപ്പെട്ട ഐ.ടി.സി.യുടെ റീഫണ്ട് ഇല്ലാതെ

- മറ്റെല്ലാ തുണിത്തരങ്ങളും (അതായത്, വാഡ്ഡിംഗ്, ഫെൽറ്റ്, നെയ്തെടുക്കാത്തവ എന്നിവ; സ്പെഷ്യൽ നൂലുകൾ; ട്വൈൻ, വടം, കയറുകൾ, കേബിളുകൾ എന്നിവയും അവയിൽ നിന്ന് നിർമ്മിച്ച വസ്തുക്കളും; പരവതാനികളും മറ്റ് ടെക്സ്റ്റൈൽ ഫ്ളോർ കവറിംഗുകളും; പ്രത്യേകം നെയ്ത തുണിത്തരങ്ങൾ; ടഫ്റ്റഡ് ടെക്സ്റ്റൈൽ തുണിത്തരങ്ങൾ; ലേസ്; ടേപ്സ്ട്രികൾ; ട്രിമ്മിംഗുകൾ; എംബ്രോയിഡറി; ഇംപ്രെഗ്നേറ്റഡ്, കോട്ടഡ്, കവേർഡ് അല്ലെങ്കിൽ ലാമിനേറ്റഡ് ടെക്സ്റ്റൈൽ തുണിത്തരങ്ങൾ; വ്യാവസായിക ആവശ്യത്തിന് അനുയോജ്യമായ തരത്തിലുള്ള ടെക്സ്റ്റൈൽ വസ്തുക്കൾ) 12% ജി.എസ്.ടി. നിരക്കിൽ.

- റെഡിമെയ്ഡ് വസ്ത്രങ്ങളും ടെക്സ്റ്റൈൽസിന്റെ മെയ്ഡ് അപ് വസ്തുക്കളും:

o ഒരു പീസിന് 1000 രൂപയിൽ അധികരിക്കാത്ത വിപണന മൂല്യത്തിന് - 5%

- ഒരു പീസിന് 1000 രൂപയിൽ കൂടുതലായ വിപണന മൂല്യത്തിന് - 12%

- തുണിത്തരങ്ങളുടെ നിർമ്മാതാക്കൾക്കുള്ള ഇൻവേർട്ടഡ് ഡ്യൂട്ടി ഘടനയുടെ കണക്കിൽ സ്വരൂപിക്കപ്പെട്ട ക്രെഡിറ്റിന്റെ റീഫണ്ട്:

ഇൻവേർഷന്റെ കണക്കിൽ സ്വരൂപിക്കപ്പെട്ട ഐ.ടി.സി.യുടെ റീഫണ്ട് അനുവദിക്കില്ല എന്ന വ്യവസ്ഥയ്ക്ക് വിധേയമായി 5% നിരക്കിൽ തുണിത്തരങ്ങൾക്ക് ജി.എസ്.ടി. ഈടാക്കുന്നതാണ്. ഈ സാഹചര്യം മൂലം ഫാബ്രിക് മേഖല അഭിമുഖീകരിക്കുന്ന ബുദ്ധിമുട്ട് പരിഗണനയിലെടുത്ത ശേഷം, 21.07.2018 നടത്തിയ ജി.എസ്.ടി. കൗൺസിലിന്റെ 28ാമത് യോഗം,27.07.2018 മുതൽ പിൽക്കാല പ്രാബല്യത്തോടെ ഇൻവേർട്ടഡ് ഡ്യൂട്ടി ഘടനയുടെ കണക്കിൽ തുണിത്തരങ്ങൾക്ക് റീഫണ്ട് അനുവദിക്കണമെന്ന് ശുപാർശ ചെയ്തിരുന്നു. ഇതുമായി ബന്ധത്തിൽ, തുണിത്തരങ്ങളുടെ റീഫണ്ടിലുള്ള നിയന്ത്രണങ്ങൾ നീക്കം ചെയ്യുന്നതിനെ സംബന്ധിച്ച ഒരു സ്പഷ്ടീകരണ സർക്കുലർ വ്യാപാര വ്യവസായത്തിനു വേണ്ടി 24.08.2019 തീയതിയിൽ 56/30/2018-ജി.എസ്.ടി. നമ്പർ സർക്കുലർ പുറത്തിറിക്കുന്നതാണ്.

# ചരക്കുകൾ - നിരക്കുകളിൽ വരുത്തിയ കുറവ്

എം.എസ്.എം.ഇ. ഇനങ്ങളിന്മേൽ ജി.എസ്.ടി. നിരക്കുകളിൽ വരുത്തിയ മാറ്റങ്ങൾ

| ക്ര. നം. | വിവരണം | ജി.എസ്.ടി. നിരക്കിൽ ശുപാർശ ചെയ്തിരിക്കുന്ന / വരുത്തിയ മാറ്റങ്ങൾ | |
|---|---|---|---|
| | | പഴയത് | പുതിയത് |
| 2017 സെപ്തംബർ 9ന് നടന്ന 21-ാമത് യോഗം | | | |
| 1 | റബ്ബർ ബാൻഡുകൾ | 28% | 12% |
| 2 | പ്ലാസ്റ്റിക് റെയിൻകോട്ടുകൾ | 28% | 18% |
| 3 | തടി, കല്ല് (മാർബിൾ ഉൾപ്പെടെ), ലോഹം (വിലയേറിയ ലോഹങ്ങൾ അല്ലാതെയുള്ളവയിൽ നിന്ന് നിർമ്മിച്ചവ) എന്നിവയിൽ നിർമ്മിച്ച വിഗ്രഹങ്ങൾ | | |
| 4 | കളിമണ്ണിൽ നിർമ്മിച്ച വിഗ്രഹങ്ങൾ | 28% | ഇല്ല |
| 5 | ടെക്സ്റ്റൈൽ ക്യാപുകൾ | 18% | 12% |
| 6 | തടി കൊണ്ട് നിർമ്മിച്ച മേശയും കിച്ചൺവെയറും | 18% | 12% |
| 7 | പോർസെലെയ്ൻ അല്ലെങ്കിൽ ചൈന അല്ലാതെയുള്ളവയിൽ നിന്ന് നിർമ്മിച്ച ടേബിൾവെയർ, കിച്ചൺവെയർ, മറ്റ് ഗാർഹിക സാമഗ്രികൾ, ടോയിലറ്റ് സാമഗ്രികൾ എന്നിവ (സോപ്പ് ഡിഷുകൾ, സ്പോഞ്ച് ബാസ്ക്കറ്റുകൾ, ടൂത്ത്ബ്രഷ് ഹോൾഡറുകൾ, ടവ്വൽ ഹുക്കുകൾ, ടോയിലറ്റ് പേപ്പർ ഹോൾഡറുകൾ എന്നിങ്ങനെയുള്ള ചെറിയ അക്സസ്സറികൾ ഉൾപ്പെടെ) | 18% | 12% |
| 8 | കോട്ടൺ ക്വിൽറ്റുകൾ | 18% | ഒരു പീസിന് 1000 രൂപയിൽ കൂടാത്തതിന് 5%, ഒരു പീസിന് 1000 രൂപയിൽ കൂടുതലായതിന് 12%, |
| 9 | സാരീ ഫാൾ | 12% | 5% |
| 10 | അൺസോർട്ടഡ് ഡയമണ്ട് ഉൾപ്പെടെ പരുക്കനായി വ്യാവസായിക ഡയമണ്ടുകൾ | 3% | 0.25% |
| 2017 ഒക്ടോബർ 6ന് നടന്ന 22-ാമത് യോഗം | | | |
| 1 | ഖാക്ര | 12% | 5% |
| 2 | ബെസ് മെറ്റൽ കൊണ്ടുള്ള ലൂസ്-ലീഫ് ബൈൻഡറുകൾ അല്ലെങ്കിൽ ഫയലുകൾക്കുള്ള ഫിറ്റിംഗുകൾ, ലെറ്റർ ക്ലിപ്പുകൾ, ലെറ്റർ കോർണറുകൾ, പേപ്പർ ക്ലിപ്പുകൾ, ഇൻഡക്സിംഗ് ടാഗുകൾ, സമാന ഓഫീസ് സാമഗ്രികൾ എന്നിവ; ബെസ് മെറ്റൽ കൊണ്ടുള്ള സ്റ്റേപിൾസ് ഇൻ സ്ട്രിപ്സ് (ഉദാഹരണത്തിന് ഓഫീസുകൾ, അപ്ഹോൾസ്ട്രി, പാക്കേജിംഗ് എന്നിവയ്ക്ക്) | 28% | 18% |
| 3 | പോസ്റ്റർ കളർ | 28% | 18% |
| 4 | കുട്ടികളുടെ വിനോദത്തിനായുള്ള മോഡലിംഗ് പേസ്റ്റ് | 28% | 18% |
| 2017 നവംബർ 10ന് നടന്ന 23-ാമത് യോഗം | | | |
| 1 | പടക്കങ്ങൾ, സിഗ്നലിംഗ് ഫ്ളെയറുകൾ, റെയിൻ റോക്കറ്റുകൾ, ഫോഗ് സിഗ്നലുകൾ, മറ്റ് കരിമരുന്ന് | 28% | 18% |

| | | | |
|---|---|---|---|
| | പ്രയോഗ സാമഗ്രികൾ | | |
| 2 | ട്രങ്കുകൾ, സ്യൂട്ട്-കേസുകൾ, വാനിറ്റി കേസുകൾ, എക്സിക്യൂട്ടീവ് കേസുകൾ, ബ്രീഫ് കേസുകൾ, സ്കൂൾ സാഷലുകൾ, സ്പെക്റ്റകിൾ കേസുകൾ, ബൈനോക്കുലർ കേസുകൾ, ക്യാമറ കേസുകൾ, സംഗീതോപകരണ കേസുകൾ, ഗൺ കേസുകൾ, ഹോൾസ്റ്ററുകളും സമാന കണ്ടെയിനറുകളും; ട്രാവലിംഗ് ബാഗുകൾ, ഇൻസുലേറ്റ് ചെയ്ത ഭക്ഷണ അല്ലെങ്കിൽ ബിവറേജസ് ബാഗുകൾ, ടോയിലറ്റ് ബാഗുകൾ, റക്ക്സാക്കുകൾ, ഹാൻഡ്ബാഗുകൾ, ഷോപ്പിംഗ് ബാഗുകൾ, വാലറ്റുകൾ, പേഴ്സുകൾ, മാപ്പ്-കേസുകൾ, സിഗററ്റ് കേസുകൾ, ടുബാക്കോ പൗച്ചുകൾ, ടൂൾ ബാഗുകൾ, സ്പോർട്സ് ബാഗുകൾ, ബോട്ടിൽ കേസുകൾ, ജുവലറി ബോക്സുകൾ, പൗഡർ ബോക്സുകൾ, കട്‌ലറി കേസുകൾ എന്നിവയും ലെതർ, പ്ലാസ്റ്റിക്കിന്റെ ഷീറ്റിംഗ്, ടെക്സ്റ്റയിൽ സാമഗ്രികൾ, വൾക്കനൈസ് ചെയ്ത ഫൈബർ, പേപ്പർബോർഡ് എന്നിവയാൽ നിർമ്മിച്ചതോ അല്ലെങ്കിൽ പുർണ്ണമായോ മുഖ്യമായോ അത്തരം സാമഗ്രികൾ കൊണ്ടോ പേപ്പർ കൊണ്ടോ പൊതിഞ്ഞിട്ടുള്ളതോ ആയ സമാനമായ കണ്ടെയിനറുകളും | 28% | 18% |
| 3 | ഫയലിംഗ് ക്യാബിനറ്റുകൾ, കാർഡ് ഇൻഡക്സ് ക്യാബിനറ്റുകൾ, പേപ്പർ ട്രേകൾ, പേപ്പർ റെസ്റ്റുകൾ, പെൻ ട്രേകൾ, ഓഫീസ് സ്റ്റാമ്പ് സ്റ്റാൻഡുകൾ എന്നിവയും ബേസ് മെറ്റൽ കൊണ്ടുള്ള സമാനമായ ഓഫീസ് അല്ലെങ്കിൽ ഡെസ്ക് എകിപ്മെന്റും | 28% | 18% |
| 4 | ഒരു ഗ്രൈൻഡർ ആയി കല്ല് അടങ്ങിയിട്ടുള്ള വെറ്റ് ഗ്രൈൻഡർ | 28% | 12% |
| 5 | 5% അല്ലെങ്കിൽ പൂജ്യം ജി.എസ്.ടി. ഈടാക്കപ്പെടുന്നവ ഒഴികെയുള്ള റിഫൈൻഡ് ഷുഗർ, രുചിയും നിറവും ചേർക്കുന്ന വസ്തു, ഷുഗർ ക്യൂബുകൾ എന്നിവ അടങ്ങിയ എല്ലാ ചരക്കുകളും | 18% | 12% |
| 6 | കോട്ടൺ നിർമ്മിതമായ ഹാൻഡ് ബാഗുകളും ഷോപ്പിംഗ് ബാഗുകളും | 18% | 12% |
| 7 | ചണ നിർമ്മിതമായ ഹാൻഡ് ബാഗുകളും ഷോപ്പിംഗ് ബാഗുകളും | 18% | 12% |
| 8 | സ്പഗെറ്റി, മാകറോണി, നൂഡിൽസ്, ലസാന്യ, ന്യോക്കി, റാവിയോളി, കാനലോണി എന്നിങ്ങനെയുള്ള പാചകം ചെയ്തതോ അല്ലെങ്കിൽ സ്റ്റഫ് ചെയ്തതോ ആയതോ അല്ലാത്തതോ ആയ പാസ്ത; തയ്യാറാക്കിയതോ അല്ലാത്തതോ ആയ കൂസ്കൂസ് | 18% | 12% |
| 9 | കറി പേസ്റ്റ്, മയോണൈയ്സ്, സലാഡ് ഡ്രെസ്സിംഗ്സ്, മിക്സ്ഡ് കോൺഡിമെന്റ്സ്, മികസ്ഡ് സീസണിംഗ് | 18% | 12% |
| 10 | പഫ്ഡ് റൈസ് ചിക്കി, പീനട്ട് ചിക്കി, സിസേം ചിക്കി ടിൽ ചിക്കി, ടിൽ പട്ടി, ടിൽ റെവ്ഡി, ഷുഗർ മഖാന, ഗജക്, ഗ്രൗണ്ട്നട്ട് സ്വീറ്റ്സ്, ഖാജ, ഖജൂളി, അനാർസ, സക്കർ, ഖാദി സക്കർ, ഹർദ, സക്കറിയ, ഗാട്ട, കുലിയ, ഇലൈചിദാനാ, ലുകുംദാന | 18% | 5% |
| 11 | ഫിനിഷ്ഡ് ലെതർ/ കോമ്പോസിഷൻ ലെതർ | 12% | 5% |
| 12 | ഇഡലി, ദോശ മാവ് | 12% | 5% |
| 13 | ഫ്ളൈ ആഷ് ഇഷ്ടികകളും 90% അല്ലെങ്കിൽ അതിൽ കൂടുതൽ ഫ്ളൈ ആഷ് അടങ്ങിയിട്ടുള്ള ഫ്ളൈ ആഷ് അഗ്രഗേറ് | 12% | 5% |

| | | | |
|---|---|---|---|
| 14 | ലാക് / ഷെല്ലാക് നിർമ്മിതമായ വളകൾ | 3% | ഇല്ല |
| 2018 ജനുവരി 18ന് നടന്ന 25-ാമത് യോഗം | | | |
| 1 | മുള, തടി കെട്ടിട ജോയിനറി | 18% | 12% |
| 2 | ഷുഗർ ബോയിൽഡ് കൺഫെക്ഷനറി | 18% | 12% |
| 3 | പുളിങ്കുരു പൊടി | 18% | 5% |
| 4 | കോണുകളിലുള്ള മെഹന്ദി പേസ്റ്റ് | 18% | 5% |
| 5 | വൈക്കോൽ, എസ്പാർടോ അല്ലെങ്കിൽ മറ്റ് പ്ലെയിറ്റിംഗ് സാമഗ്രികൾ കൊണ്ടുള്ള വസ്തുക്കൾ, ബാസ്കറ്റ്വെയർ വിക്കർവർക്ക് എന്നിവ | 12% | 5% |
| 2018 ജൂലൈ 21ന് നടന്ന 28-ാമത് യോഗം | | | |
| 1 | ○ കല്ല്/മാർബിൾ/തടി വിഗ്രഹങ്ങൾ<br>○ രാഖി (അദ്ധ്യായം 71ന്റെ പ്രഷ്യസ് അല്ലെങ്കിൽ സെമി-പ്രഷ്യസ് വസ്തുക്കൾ കൊണ്ടുള്ളവയല്ലാത്തത്)<br>○ സാനിട്ടറി നാപ്കിനുകൾ<br>○ ചകിരിച്ചോറ് കമ്പോസ്റ്റ്<br>○ സാൽ ഇലകൾ, സിയാലി ഇലകൾ എന്നിവയും അവയുടെ ഉല്പന്നങ്ങളും സബായി കയറും<br>○ ഫൂൽ ഭാരി ജാദൂ (ജാദൂവിനുള്ള അസംസ്കൃത വസ്തുക്കൾ)<br>○ ഖാലി ദോന | 18%, 12%/5% | 5% |
| 2 | ○ ഹാൻഡ്ലൂം ദാരി<br>○ 1000 രൂപയിൽ അധികരിക്കാത്ത റീട്ടെയ്ൽ വില്പന മൂല്യമുള്ള തയ്ച്ച് തൊപ്പി | 12% | 5% |
| 3 | ബ്രാസ്സ് മണ്ണെണ്ണ പ്രഷർ സ്റ്റൗ | 18% | 12% |
| 4 | സോളിഡ് ബയോഫ്യൂവൽ പെല്ലറ്റുകൾ | 18% | 5% |
| 5 | ഒരു ജോടിക്ക് 1000 രുപ വരെ റീട്ടെയ്ൽ വില്പന വിലയുള്ള പാദരക്ഷകൾക്ക് 5% ജി.എസ്.ടി.യും ഒരു ജോടിക്ക് 1000 രുപയ്ക്കു മുകളിൽ റീട്ടെയ്ൽ വില്പന വിലയുള്ള പാദരക്ഷകൾക്ക് 18% ജി.എസ്.ടി.യും | 18% | 5% |
| 2018 ഡിസംബർ 22ന് നടന്ന 31-ാമത് യോഗം | | | |
| 1 | റീട്രെഡ് ചെയ്ത അല്ലെങ്കിൽ ഉപയോഗിച്ച ന്യൂമാറ്റിക് റബ്ബർ ടയറുകൾ | 28% | 18% |
| 2 | ○ റഫ്ലി സ്ക്വയർഡ് അല്ലെങ്കിൽ ഡിബാഗ്ഡ് കോർക്ക്<br>○ പ്രകൃതിദത്ത കോർക്ക് കൊണ്ടുള്ള വസ്തുക്കൾ<br>○ അഗ്ലോമെറേറ്റഡ് കോർക്ക് | 18% | 12% |
| 3 | പ്രകൃതിദത്ത കോർക്ക്<br>വാക്കിംഗ് സ്റ്റിക്ക് | 12% | 5% |

# സേവനങ്ങൾ - നിരക്കുകളിൽ വരുത്തിയ കുറവ്

എം.എസ്.എം.ഇ. സേവന മേഖലയുടെ താല്പര്യത്തിൽ സ്വീകരിച്ച നടപടികൾ

മിക്ക ജോബ് വർക്ക് സേവനങ്ങളുടെയും, വിശേഷിച്ച് ടെക്സ്റ്റൈൽ, തുകൽ, ഭക്ഷ്യ സംസ്കരണം, പ്രിന്റിംഗ്, ജൂവലറിയും ഡയമണ്ടും, കരകൗശല വസ്തുക്കൾ എന്നിവയുടേത്, 18%ൽ നിന്ന് 5% ആയി കുറച്ചിട്ടുണ്ട്.

- റോഡുകൾ, പാലങ്ങൾ, കനാലുകൾ, അണക്കെട്ടുകൾ, വാണിജ്യ അല്ലെങ്കിൽ വ്യാവസായിക ഉപയോഗത്തിനല്ലാതെയുള്ള ഓഫീസുകൾ, സ്കൂളുകൾ, ആശുപത്രികൾ എന്നിങ്ങനെയുള്ള സിവിൽ നിർമ്മിതികൾ എന്നിവയുടെ നിർമ്മാണത്തിനുള്ള സർക്കാർ കോൺട്രാക്റ്റുകൾക്കുള്ള ജി.എസ്.ടി. നിരക്ക് 18%ൽ നിന്ന് 12% ആയി കുറച്ചിട്ടുണ്ട്. ഇത് ഇത്തരം വർക്ക് കോൺട്രാക്റ്റുകൾ ഏറ്റെടുത്ത് നടത്തുന്ന സബ്-കോൺട്രാക്ടർമാർക്കും വ്യാപിപ്പിച്ചിട്ടുണ്ട്. മിക്ക സർക്കാർ ്-കോൺട്രാക്ടർമാരും സബ്-കോൺട്രാക്ടർമാരും എം.എസ്.എം.ഇ. മേഖലയിലാണുള്ളത്.

- പ്രധാൻ മന്ത്രിആവാസ് യോജന (പി.എം.ആ.വൈ.) യ്ക്ക് കീഴിൽദരിദ്രർക്കുള്ളഭവനനിർമ്മാണത്തിനുള്ള യഥാർത്ഥജി.എസ്.ടി.നിരക്ക് 01.04.2019 മുതൽ പ്രാബല്യത്തോടെ8%ൽ നിന്ന് 1% ആയി കുറച്ചിട്ടുണ്ട്
- റെസ്റ്റോറന്റുകൾനൽകുന്ന സേവനങ്ങളുടെ നിരക്ക് 18%ൽ നിന്ന് 5% ആയി കുറച്ചിട്ടുണ്ട് (പ്രതിദിന താരിഫ് ഒരു യൂണിറ്റിന് 7500 രൂപയോ അതിൽ കൂടുതലോ ആയ ഹോട്ടുലകളിലുള്ള റെസ്റ്റോറന്റുകൾക്ക് ഒഴികെ)

- പ്രതിദിന താരിഫ് 1000 രൂപയിൽ കുറവുള്ള ഹോട്ടൽ താമസത്തെ ജി.എസ്.ടി. യിൽ നിന്ന് ഒഴിവാക്കുകയും 2500 രൂപ വരെ താരിഫുള്ളവയുടെ നിരക്ക് 12% ആയി കുറയ്ക്കുകയും ചെയ്തിട്ടുണ്ട്. ഈ രണ്ട് തരത്തിലുള്ള താമസസൗകര്യങ്ങളും പ്രധാനമായും പ്രദാനം ചെയ്യുന്നത് എം.എസ്.എം.ഇ. മേഖലയിലുള്ള ഹോട്ടലുകളാണ്.

- വളരെയധികം എം.എസ്.എം.ഇ.കൾ ഉൾപ്പെട്ടിരിക്കുന്ന രണ്ട് പ്രധാന സേവനങ്ങൾ, അതായത് ക്ലിനിക്കൽ സ്ഥാപനങ്ങൾ പ്രദാനം ചെയ്യുന്ന ആരോഗ്യ പരിചരണ സേവനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങൾ പ്രദാനം ചെയ്യുന്ന വിദ്യാഭ്യാസ സേവനങ്ങളും ഒഴിവാക്കപ്പെട്ടിരിക്കുന്നത് തുടരുന്നതാണ്.

- വാർഷിക വിറ്റുവരവ് 20 ലക്ഷം (ജമ്മു കാശ്മീർ ഒഴികെയുള്ള പ്രത്യേക കാറ്റഗറി സംസ്ഥാനങ്ങളിൽ 10 ലക്ഷം) രൂപയിൽ കുറവായിട്ടുള്ള സേവന ദാതാക്കളെ, അവർ സേവനങ്ങളുടെ അന്തർ സംസ്ഥാന നികുതിവിധേയ സപ്ലൈകളിൽ ഏർപ്പെട്ടിരിക്കുകയാണെങ്കിൽ പോലും റെജിസ്ട്രേഷൻ കരസ്ഥമാക്കുന്നതിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. ഈ നടപടി ചെറിയ സേവന ദാതാക്കളുടെ അനുവർത്തന ചെലവ് ഗണ്യമായി കുറച്ചിട്ടുണ്ട്.

- പ്രധാനമായും എം.എസ്.എം.ഇ. മേഖലയിലുള്ള ഗുഡ്സ് ട്രാൻസ്പോർട്ട് ഏജൻസിയുടെ സേവനം ആർ.സി.എം.നു കീഴിലാക്കിയിരിക്കുന്നതിനാൽ അനുവർത്തന ഭാരം സേവനങ്ങളുടെ സ്വീകർത്താക്കളിലേക്ക് മാറ്റിയിരിക്കുന്നു. ഫോർവേഡ് ചാർജിനു കീഴിൽ പൂർണ്ണ ഐ.ടി.സി.യോടെ 12% നിരക്കിൽ ജി.എസ്.ടി. അടയ്ക്കുന്നതിനുള്ള ഓപ്ഷനും ജി.ടി.എ.കൾക്ക് നല്കിയിട്ടുണ്ട്.

- ഒരു ഇൻഷുറൻസ് ഏജന്റ്, റിക്കവറി ഏജന്റ് അല്ലെങ്കിൽ വ്യക്തിഗത ഡയറക്ട് സെല്ലിംഗ് ഏജന്റ് സപ്ലൈ ചെയ്യുന്ന സേവനങ്ങളെ ആർ.സി.എം.നു കീഴിലാക്കിയിരിക്കുന്നതിനാൽ അനുവർത്തന ഭാരം സേവനങ്ങളുടെ സ്വീകർത്താക്കളിലേക്ക് മാറ്റിയിരിക്കുന്നു.

- ഇന്ത്യൻ റെയിൽവേസ് അല്ലെങ്കിൽ ഇന്ത്യൻ റെയിൽവേസ് കേറ്ററിംഗ് ആന്റ് ടൂറിസം കോർപ്പറേഷൻ ലിമിറ്റഡ് അല്ലെങ്കിൽ അവരുടെ ലൈസൻസീകൾ നടത്തുന്ന, ട്രെയിനുകളിലായാലും പ്ലാറ്റ്ഫോമുകളിലായാലും, വിതരണം ചെയ്യുന്ന ഭക്ഷണത്തിന്റെയും അല്ലെങ്കിൽ മനുഷ്യ ഉപഭോഗത്തിനുള്ള മറ്റേത് വസ്തുക്കളുടെയും അല്ലെങ്കിൽ ഏത് പാനീയങ്ങളുടെയും വിതരണത്തിന്മേലുള്ള ജി.എസ്.ടി. നിരക്ക് 5% ആയി കുറച്ചിട്ടുണ്ട്.

- ബിസിനസ്സ് കറസ്പോണ്ടന്റ് (ബി.സി.), ബിസിനസ്സ് ഫെസിലിറ്റേറ്റർ (ബി.എഫ്.) ന്റെ ഏജന്റ് സപ്ലൈ ചെയ്യുന്ന സേവനങ്ങൾ, ബോഡി കോർപറേറ്റ് അല്ലാതെയുള്ള ഏത് വ്യക്തിയും ഒരു റെജിസ്റ്റേർഡ് വ്യക്തിക്ക് സെക്യൂരിറ്റി ജീവനക്കാരെ സപ്ലൈ ചെയ്യുന്നത് എന്നിവ ആർ.സി.എം.നു കീഴിലാക്കിയിരിക്കുന്നതിനാൽ അനുവർത്തന ഭാരം സേവനങ്ങളുടെ സ്വീകർത്താക്കളിലേക്ക് മാറ്റിയിരിക്കുന്നു.

- ചരക്ക് വഹിക്കുന്ന വാഹനങ്ങളുടെ തേഡ് പാർട്ടി ഇൻഷുറൻസ് പ്രീമിയത്തിന്മേലുള്ള ജി.എസ്.ടി. നിരക്ക് 18% ൽ നിന്നും 12% ആയി കുറച്ചിട്ടുണ്ട്.

- ഇ-ബുക്ക് മാത്രം അടങ്ങിയ സപ്ലൈയിന്മേലുള്ള ജി.എസ്.ടി. നിരക്ക് 5% ആയി കുറച്ചിട്ടുണ്ട്.

- എം.എസ്.എം.ഇ. മേഖലയ്ക്ക് കൂടുതൽ കരുത്ത് പകരുന്നതിനായി 01.04.2019 മുതൽ പ്രാബല്യത്തോടെ, സേവന ദാതാക്കൾക്കുള്ള കോമ്പോസിഷൻ സ്കീം അവതരിപ്പിച്ചിരിക്കുന്നു. മുൻ ധനകാര്യ വർഷത്തിൽ 50 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള ഒരു റെജിസ്റ്റേർഡ് വ്യക്തിക്ക് ഈ സ്കീം പ്രയോജനപ്പെടുത്താനാവും. പുതിയ കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യുന്ന സേവന ദാതാക്കൾക്ക് ഇപ്പോൾ 6% നിരക്കിൽ ജി.എസ്.ടി. അടയ്ക്കാനാവുന്നതും, ഇൻപുട്ട് നികുതിയൊന്നും പ്രയോജനപ്പെടുത്താൻ അർഹയില്ലാതാകുന്നതുമാണ്.

# പാർട്ട്-III

## എം.എസ്.എം.ഇ.യെ കുറിച്ചുള്ള ആവർത്തിച്ച് ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ

## എം.എസ്.എം.ഇ.യെ കുറിച്ചുള്ള ആവർത്തിച്ച് ഉന്നയിക്കപ്പെടുന്ന ചോദ്യങ്ങൾ

ചോ:: എന്താണ് ജി.എസ്.ടി.?

ഉ:ജി.എസ്.ടി. എന്നത്, ചരക്കുകളുടെയോ സേവനങ്ങളുടെയോ അല്ലെങ്കിൽ അവ രണ്ടിന്റെയുമോ സപ്ലൈയിന്മേൽ ചുമത്തപ്പെടുന്നതായ ഗുഡ്സ് ആൻഡ് സർവീസസ് ടാക്സിന്റെ ചുരുക്കപ്പേരാണ്. "സപ്ലൈ" എന്നത് വളരെ വിശാലമായ അർത്ഥങ്ങളുള്ളതും വിവിധ തരത്തിലുള്ള സാമ്പത്തിക പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു നിയമപരമായ പദമാണ്. മറിച്ച് എടുത്തുപറഞ്ഞിട്ടില്ലാത്തപക്ഷം. സപ്ലൈ നടത്തുന്നത് പ്രതിഫലത്തിനു വേണ്ടിയും ബിസിനസ്സിന്റെ വ്യാപനത്തിനു വേണ്ടിയും ആയിരിക്കേണ്ടതാണ്. ഉദാഹരണത്തിന്, ഒരു മൊത്തവ്യാപാരി ഒരു ചില്ലറവ്യാപാരിക്ക് സമ്മതിച്ച ഒരു വിലയ്ക്ക് സാധനങ്ങൾ വില്ക്കുന്നത് ഒരു തരത്തിലുള്ള സപ്ലൈ ആണ്.

ചോ: എന്തു സപ്ലൈയിന്മേലാണ് ജി.എസ്.ടി. ചുമത്തപ്പെടുന്നത്?

ഉ:ചുവടെ പറയുന്ന എല്ലാത്തരം സപ്ലൈകളിന്മേലും ജി.എസ്.ടി. ചുമത്തപ്പെടുന്നുണ്ട് - (i)ഒരു പ്രതിഫലത്തിനായും (ii)ബിസിനസ്സിന്റെ വ്യാപനം എന്ന ഉദ്ദേശ്യത്തോടെയും നടത്തപ്പെടുന്നവ. എന്നാലും ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടില്ലെങ്കിലും സപ്ലൈ നടന്നതായി കണക്കാക്കപ്പെടുന്ന ഏതാനും അപൂർവ്വ സാഹചര്യങ്ങളുണ്ട്, ഉദാഹരണത്തിന്, പ്രതിഫലം കൂടാതെ പോലും ബിസിനസ്സിന്റെ വ്യാപനത്തിനായി നടത്തുന്ന അന്തർ-സംസ്ഥാന സ്റ്റോക്ക് കൈമാറ്റം.

ചോ: എല്ലാ ചരക്കുകളിന്മേലും അല്ലെങ്കിൽ എല്ലാ സേവനങ്ങളിന്മേലും അല്ലെങ്കിൽ അവ രണ്ടിന്മേലുമോ ജി.എസ്.ടി. ചുമത്തപ്പെടുമോ?

ഉ: ഇല്ല, മനുഷ്യോപഭോഗത്തിനുള്ള മദ്യത്തിന്മേൽ ജി.എസ്.ടി. ചുമത്തുന്നത് ഭരണഘടനാപരമായി നിരോധിച്ചിട്ടുണ്ട്. ക്രൂഡ്, മോട്ടോർ സ്പിരിറ്റ് (പെട്രോൾ), ഹൈ സ്പീഡ് ഡീസൽ, ഏവിയേഷൻ ടർബൈൻ ഇന്ധനം, പ്രകൃതിവാതകം എന്നിവയിന്മേൽ ജി.എസ്.ടി. കൗൺസിൽ തീരുമാനിക്കുന്ന ഒരു തീയതി മുതൽ ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതാണ്. ജി.എസ്.ടി. ചുമത്തുന്നതിൽ നിന്നും വിദ്യുച്ഛക്തിയെ ഒഴിവാക്കിയിട്ടുണ്ട്. ഈ ആക്ടിന്റെ ഉദ്ദേശ്യങ്ങൾക്കായി, സെക്യൂരിറ്റികൾ ചരക്കുകളോ സേവനങ്ങളോ അല്ലാത്തതിനാൽ സെക്യൂരിറ്റികളുടെ സപ്ലൈ നികുതിവിധേയമല്ല. മറ്റനേകം ചരക്കുകളും സേവനങ്ങളും ജി.എസ്.ടി. ചുമത്തുന്നതിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

ചോ: ചരക്കുകളുടെയോ സേവനങ്ങളുടെയോ വിവിധ തരത്തിലുള്ള സപ്ലൈയിന്മേൽ എത്ര തരം ജി.എസ്.ടി. ചുമത്തപ്പെടും?

ഉ:കേന്ദ്രത്താലും സംസ്ഥാനത്താലും ഒരേ സമയം ചുമത്തപ്പെടേണ്ട ഒരു ദ്വിവിധ നികുതിയാണ് ജി.എസ്.ടി. ഒരു സംസ്ഥാനം / കേന്ദ്രഭരണ പ്രദേശത്തിനുള്ളിലുള്ള ഓരോ സപ്ലൈയിന്മേലും (സംസ്ഥാനത്തിനുള്ളിലുള്ള സപ്ലൈ), ചുമത്തപ്പെടുന്ന ജി.എസ്.ടി. ക്ക് രണ്ടു ഘടകങ്ങളുണ്ടായിരിക്കും - യഥാക്രമം സി.ജി.എസ്.ടി. എന്നും എസ്.ജി.എസ്.ടി. / യു.ടി.ജി.എസ്.ടി. എന്നും സാധാരണയായി വിളിക്കപ്പെടുന്ന കേന്ദ്ര നികുതിയും സംസ്ഥാന / കേന്ദ്രഭരണ പ്രദേശ നികുതിയും. സംസ്ഥാനങ്ങൾ / കേന്ദ്രഭരണ പ്രദേശങ്ങൾക്ക് മധ്യേയുള്ള (അന്തർ-സംസ്ഥാന) ഓരോ സപ്ലൈയിലും, ഐ.ജി.എസ്.ടി. എന്നു സാധാരണയായി വിളിക്കപ്പെടുന്ന ഇന്റഗ്രേറ്റഡ് നികുതി ചുമത്തപ്പെടും. സി.ജി.എസ്.ടി. യുടെയും എസ്.ജി.എസ്.ടി. / യു.ടി.ജി.എസ്.ടി. യുടെയും നിരക്ക് തുല്യമാണ്. ഐ.ജി.എസ്.ടി. ചുമത്തപ്പെടുന്നത് പൊതുവെ സി.ജി.എസ്.ടി. യുടെയും എസ്.ജി.എസ്.ടി. / യു.ടി.ജി.എസ്.ടി. യുടെയും നിരക്കിന്റെ ആകെത്തുകയ്ക്ക് തുല്യമായാണ്.

ചോ: ഈ ആക്ടിനു കീഴിലുള്ള വിവിധ അനുവാദങ്ങൾ, ഓഡിറ്റുകൾ ആദിയായവയ്ക്കു വേണ്ടി രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യക്തിക്ക് രണ്ട് അധികൃതരെ - കേന്ദ്രത്തെയും സംസ്ഥാനത്തെയും, സമീപിക്കേണ്ടി വരുമോ?

ഉ:ഇല്ല, രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യക്തിക്ക് എല്ലാ പ്രായോഗിക കാര്യങ്ങൾക്കും ഒരു നികുതി അധികൃതരെ സമീപിച്ചാൽ മതിയാവും. രജിസ്റ്റർ ചെയ്യപ്പെട്ട ഓരോ വ്യക്തിയ്ക്കും കേന്ദ്രത്തിന്റെയോ അല്ലെങ്കിൽ സംസ്ഥാനത്തിന്റെയോ, ഒരു നികുതി നിർവ്വഹണ ഓഫീസ് ഉണ്ടാവും. രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യക്തിയെ സംബന്ധിക്കുന്ന സി.ജി.എസ്.ടി., എസ്.ജി.എസ്.ടി. / ഐ.ജി.എസ്.ടി. / യു.ടി.ജി.എസ്.ടി. ആക്ടിനു കീഴിലുള്ള എല്ലാ ചുമതലകളും നിറവേറ്റുവാൻ ഒരു നികുതി അധികൃതർക്കു സാധിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിന് നിയമപരമായ വ്യവസ്ഥകൾ (ക്രോസ്സ്-എംപവർമെന്റ് എന്നു വിളിക്കപ്പെടുന്നു) ഉണ്ടാക്കപ്പെട്ടിട്ടുണ്ട്. രജിസ്റ്റർ ചെയ്യപ്പെട്ട ഒരു വ്യക്തിയെ അയാളെ ബാധിക്കുന്ന നികുതി നിർവ്വഹണം അറിയിക്കുന്നതായിരിക്കും. സി.ജി.എസ്.ടി., എസ്.ജി.എസ്.ടി. / യു.ടി.ജി.എസ്.ടി., ഐ.ജി.എസ്.ടി. ഇവയുടെ ഉദ്ദേശ്യങ്ങൾക്കായി ഒരു പൊതു രജിസ്ട്രേഷൻ അനുവദിക്കപ്പെട്ടിട്ടുണ്ട്.

ചോ: എന്താണ് ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഉപഭോഗ നികുതി?

ഉ:ഒരു സപ്ലൈ ഒരു സംസ്ഥാനത്ത് ആരംഭിക്കുകയും മറ്റൊരു സംസ്ഥാനത്ത് ഉപയോഗിക്കപ്പെടുകയും ചെയ്യുമ്പോൾ, രണ്ടിൽ ഏതെങ്കിലും ഒരു സംസ്ഥാനത്തിന് നികുതി ലഭിക്കാം. ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഉപഭോഗ നികുതിയിൽ, നികുതികൾ സപ്ലൈ ഉപയോഗിക്കപ്പെടുന്ന സംസ്ഥാനത്തിന് ലഭിക്കുന്നു. പ്രാരംഭസ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള നികുതിയിൽ, സപ്ലൈ ആരംഭിച്ചത് ഏതു സംസ്ഥാനത്തതാണോ അതിന് നികുതി ലഭിക്കുന്നു. ജി.എസ്.ടി. അടിസ്ഥാനപരമായി ലക്ഷ്യസ്ഥാനത്തെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു ഉപഭോഗ നികുതിയാണ്. ഉദാഹരണത്തിന്, ഒരു കാർ

ചെന്നൈയിൽ ഉല്പാദിപ്പിക്കപ്പെടുകയും എന്നാൽ അന്തിമമായി അതു വാങ്ങിയത് മുംബൈയിലുള്ള ഒരു ഉപഭോക്താവുമാണെങ്കിൽ, എസ്.ജി.എസ്.ടി. (അഥവാ ഐ.ജി.എസ്.ടി. യുടെ സംസ്ഥാന ഘടകം) മഹാരാഷ്ട്രക്കാണ് ലഭിക്കുക, തമിഴ്നാടിനല്ല.

ചോ: സർക്കാരിന് ആര് ജി.എസ്.ടി. അടയ്ക്കും?

ഉ:സാധാരണയായി സപ്ലൈയറാണ് സർക്കാരിന് ജി.എസ്.ടി. അടയ്ക്കുന്നത്, അതായത്, സപ്ലൈ നടത്തുന്ന ആൾ, സ്വീകർത്താവിൽ നിന്നും അത് ശേഖരിച്ചതിനു ശേഷം. സപ്ലൈയർ അത് സപ്ലൈയുടെ സ്വീകർത്താവിൽ നിന്നും പ്രതിഫലത്തിന്റെ ഭാഗമായി ശേഖരിക്കുന്നു. എന്നിരുന്നാലും, ഏതാനും അപൂർവ്വ സാഹചര്യങ്ങളിൽ, സ്വീകർത്താവ് റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ സർക്കാരിന് ജി.എസ്.ടി. നല്കുന്നതിന് ബാദ്ധ്യസ്ഥനായിരിക്കും.

ചോ: എന്താണ് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ്?

ഉ:ബിസിനസ്സ് ചെയ്യുന്ന ഒരു വ്യക്തി ബിസിനസ്സ് നടത്തുന്ന സമയത്ത് അല്ലെങ്കിൽ അത് വിപുലീകരിക്കുന്നതിന്റെ ഭാഗമായി കൂടുതൽ സപ്ലൈ നടത്തുവാനായി സാധനങ്ങൾ വാങ്ങുകയോ / സേവനങ്ങൾ പ്രയോജനപ്പെടുത്തുകയോ ചെയ്യും. അത്തരം വാങ്ങലുകൾ അയാൾ നടത്തുമ്പോൾ, അയാളുടെ സപ്ലൈയർക്ക് നികുതി ചാർജ് ചെയ്യപ്പെടുകയും അത് അയാളിൽ നിന്ന് ശേഖരിക്കപ്പെടുകയും ചെയ്തിട്ടുണ്ടാവാം. അയാളിൽ നിന്ന് നികുതി ശേഖരിക്കപ്പെട്ടതിനാൽ, അയാളുടെ സപ്ലൈയർക്ക് അയാൾ അടച്ച നികുതിയുടെ ക്രെഡിറ്റ് അയാൾക്ക് പ്രയോജനപ്പെടുത്താം (അതായത്, അതിനുശേഷം അയാൾ നടത്തുന്ന സപ്ലൈയ്ക്ക് അയാൾ അടയ്ക്കേണ്ടതായ നികുതി അടയ്ക്കുന്നതിനായി അയാൾക്ക് ഈ തുക ഉപയോഗിക്കാം). ഇതിനെയാണ് സ്വീകർത്താവിനുവേണ്ടിയുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എന്നു പറയുന്നത്.

ചോ: ജി.എസ്.ടി. വ്യാപാരത്തിന്മേലുള്ള അനുവർത്തന ഭാരം വർദ്ധിപ്പിക്കാൻ പോകുകയാണോ?

ഉ:ഇല്ല. മറിച്ച്. ജി.എസ്.ടി. നടപടിക്രമങ്ങൾ സുഗമമാക്കുന്നതിനും അനുവർത്തന ഭാരം കുറയ്ക്കുന്നതിനും ഇടയാക്കും. ജി.എസ്.ടി. എന്നത് രാജ്യത്താകമാനം ഏകീകൃതമായി ബാധകമായ ലളിതമായ ഒരു നികുതിയാണ്. ജി.എസ്.ടി. രൂപകല്പന ചെയ്തിരിക്കുന്നത് മാനുഷിക ഇടപെടൽ പരമാവധി കുറയ്ക്കുന്ന വിധത്തിലാണ്. അത് ജി.എസ്.ടി.എൻ. നടത്തുന്ന ശക്തമായ ഐ.ടി. പ്ലാറ്റ്ഫോം മുഖേനയാണ് നടപ്പിലാക്കുന്നത്. മാത്രമല്ല, മുമ്പുണ്ടായിരുന്ന സംവിധാനത്തിൽ കേന്ദ്രവുമായും സംസ്ഥാനവുമായും ബന്ധപ്പെട്ട, സെൻട്രൽ എക്സൈസ്, സേവന നികുതി, വാറ്റ് എന്നിങ്ങനെ നികുതികൾക്കുള്ള നിരവധി അനുവർത്തനങ്ങൾ ആവശ്യമായിരുന്നു. ജി.എസ്.ടി. രാജ്യത്തെമ്പാടും പരോക്ഷ നികുതികൾക്ക് ഒറ്റ ഏകീകൃത അനുവർത്തനം സാദ്ധ്യമാക്കുന്നു. ജി.എസ്.ടി.യ്ക്കു കീഴിൽ, നികുതിദായകരും നികുതി അധികൃതരും തമ്മിൽ മുഖാമുഖ കൂടിക്കാഴ്ച്ചയില്ലാത്ത ഒരു

ഇന്റർഫേസ് മാത്രമേയുള്ളൂ. പ്രായോഗികകമായി എല്ലാ നടപടികളും ഓൺലൈനായാണ് നടത്തപ്പെടുന്നത്.

ചോ: ജി.എസ്.ടി.യിലെ റെജിസ്ട്രേഷനുള്ള ത്രെഷ്ഹോൾഡ് പരിധി എത്രയാണ്?

ഉ:ഒരു നിശ്ചിത പാൻ നമ്പറിൽ രാജ്യത്തെമ്പാടുമായി നടത്തുന്ന കണക്കുകൂട്ടലിൽ 40 ലക്ഷം രൂപയ്ക്ക് മുകളിൽ മൊത്തം വിറ്റുവരവുള്ള (ചരക്കുകളുടെ സപ്ലൈയ്ക്ക്) ബിസിനസ്സുള്ള വ്യക്തി ജി.എസ്.ടി.യ്ക്ക് കീഴിൽ റെജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണ്. ഈ നിയമത്തിന് ചില ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 24ൽ സൂചിപ്പിച്ചിട്ടുള്ളത് പോലെ ചില ഒഴിവാക്കലുകളുണ്ട്. പ്രസ്തുക ആക്ടിന്റെ സെക്ഷൻ 2(6)ൽ മൊത്തം വിറ്റുവരവ് നിർവചിക്കപ്പെട്ടിരിക്കുന്നു. സേവനങ്ങളുട സപ്ലൈയുടെ കാര്യത്തിൽ, മൊത്തം വിറ്റുവരവ് പരിധി 20 ലക്ഷം രൂപയാണ്. ചില സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങളുടെ കാര്യത്തിൽ ത്രെഷ്ഹോൾഡ് വിറ്റുവരവുകൾ കുറവാണ്.

ചോ: കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തി റെജിസ്ട്രേഷൻ നടത്താൻ ബാദ്ധ്യസ്ഥനാണോ?

ഉ: അല്ല. കാർഷികവൃത്തിയിൽ ഏർപ്പെട്ടിരിക്കുന്ന ഒരു വ്യക്തി, ഭൂമിയുടെ കൃഷിയിൽ നിന്നുള്ള ഉല്പന്നത്തിന്റെ സപ്ലൈയുടെ പരിധിയോളംറെജിസ്ട്രേഷൻ നടത്താൻ ബാദ്ധ്യസ്ഥനല്ല.

ചോ:ത്രെഷ്ഹോൾഡ് ഒഴിവാക്കലിന്റെ സൗകര്യം പ്രയോജനപ്പെടുത്തുന്നതിന് എടുക്കേണ്ട എറ്റവും പ്രധാനപ്പെട്ട മുൻകരുതൽ എന്താണ്?

ഉ:ത്രെഷ്ഹോൾഡ് ഒഴിവാക്കലിന്റെ സൗകര്യം പ്രയോജനപ്പെടുത്തുന്ന ഒരു എം.എസ്.എം.ഇ. ചരക്കുകളുടെ അന്തർ-സംസ്ഥാന സപ്ലൈ നടത്താൻ പാടുള്ളതല്ല, എന്നാൽ ആ എം.എസ്.എം.ഇ.യ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് സപ്ലൈ സ്വീകരിക്കാനാവും.

ചോ:ഞാൻ പൂർണ്ണമായും ഏർപ്പെട്ടിരിക്കുന്നത് ജി.എസ്.ടി.യിൽ നിന്നും ഒഴിവാക്കപ്പെട്ടിട്ടുള്ള ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ മാത്രം സപ്ലൈ ചെയ്യുന്ന ബിസിനസ്സിലാണ്. ഞാൻ റെജിസ്ട്രേഷൻ നടത്താൻ ബാദ്ധ്യസ്ഥനാണോ?

ഉ: അല്ല

ചോ:ഞാൻ റെജിസ്ട്രേഷന് അപേക്ഷിച്ചിട്ടില്ലെങ്കിൽ, ഞാൻ എങ്ങനെയാണ് സപ്ലൈ നടത്തുക?

ഉ: നിങ്ങൾ എത്രയും പെട്ടെന്ന് ജി.എസ്.ടി. കോമൺ പോർട്ടലിൽ റെജിസ്ട്രേഷന് അപേക്ഷിക്കുകയും ആപ്ലിക്കേഷൻ റെഫറൻസ് നമ്പർ (എ.ആർ.എൻ.) കരസ്ഥമാക്കുകയും വേണം.നിങ്ങൾ നിങ്ങളുടെ ബിസിനസ്സ് തടസപ്പെടുത്തേണ്ട ആവശ്യമില്ല.നിങ്ങൾക്ക് ജി.എസ്.ടി.ഐ.എൻ. കൂടാതെയുള്ള ഇൻവോയിസുകളിന്മേൽ സപ്ലൈകൾ നടത്തുന്നത് തുടരാവുന്നതുമാണ്. റെജിസ്ട്രേഷനുള്ള അപേക്ഷ വിറ്റുവരവ് 20 ലക്ഷം രൂപ കഴിയുന്നതിന്റെ അല്ലെങ്കിൽ സെക്ഷൻ 24ൽ സൂചിപ്പിച്ചിരിക്കുന്ന വ്യവസ്ഥകകൾ ഏതെങ്കിലും ബാധകമാകുന്നതിന്റെ 30 ദിവസങ്ങൾക്കുള്ളിൽ നടത്തേണ്ടതാണ്. റെജിസ്ട്രേഷനു ശേഷം, നിങ്ങൾക്ക് റെജിസ്ട്രേഷന്റെ പ്രാബല്യ തീയതിക്കും, ജി.എസ്.ടി.ഐ.എൻ. ജനറേഷന്റെ തീയതിയ്ക്കും ഇടയിൽ നടത്തിയ സപ്ലൈകൾക്ക്, ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 31 (3)(എ)യ്ക്ക് കീഴിൽ അനുവദിക്കപ്പെട്ടിട്ടുള്ള പ്രകാരം, പുതുക്കിയ ഇൻവോയിസുകൾ ഇഷ്യൂ ചെയ്യാനാകും. ഈ സപ്ലൈകൾക്ക് റെജിസ്ട്രേഷനു ശേഷം ഫയൽ ചെയ്യുന്ന ആദ്യ റിട്ടേണിൽ കാണിക്കുകയും അവയ്ക്ക് നിരുതികൾ അടയ്ക്കുകയും വേണം.

ചോ: ജി.എസ്.ടി.യ്ക്കു കീഴിൽ പുതിയ റെജിസ്ട്രേഷനുള്ള ഒരു അപേക്ഷ എങ്ങനെയാണ് നടത്താനാവുക? എത്ര സമയത്തിനുള്ളിൽ റെജിസ്ട്രേഷൻ അനുവദിക്കപ്പെടും?

ഉ:പുതിയ റെജിസ്ട്രേഷനുള്ള ഒരു അപേക്ഷ ജി.എസ്.ടി. കോമൺ പോർട്ടലിൽ (www.gst.gov.in) ഫോം ജി.എസ്.ടി. ആർ.ഇ.ജി--1 ൽ ഇലക്ട്രോണിക്കായി നടത്തേണ്ടതാണ്. വിശദാംശങ്ങളും രേഖകളും ക്രമത്തിലാണെങ്കിൽ, തടസ്സവാദങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ള കേസുകളിൽ ഒഴികെ, റെജിസ്ട്രേഷൻ 3 പ്രവൃത്തി ദിവസങ്ങൾക്കുള്ളിൽ അനുവദിക്കുന്നതാണ്.

ചോ: ഞാൻ അച്ചടിക്കു ശേഷം അച്ചടിച്ച പുസ്തകങ്ങൾ വില്ക്കുന്ന ഒരു എസ്.എം.ഇ. ആണ്. വിറ്റുവരവ് പ്രതിവർഷം 45 ലക്ഷം രൂപയാണുള്ളത്. ഞാൻ ജി.എസ്.ടി.യിൽ നിന്ന് ഒഴിവാക്കപ്പെട്ടിട്ടുള്ള കുട്ടികളുടെ ചിത്രങ്ങൾ, ഡ്രോയിംഗ് അല്ലെങ്കിൽ കളറിംഗ് ബുക്കുകൾ എന്നിവ മാത്രമേ അച്ചടിക്കുന്നുള്ളൂ. ഞാൻ റെജിസ്റ്റർ ചെയ്യേണ്ട ആവശ്യമുണ്ടോ?

ഉ: ഇല്ല. ഒഴിവാക്കിയിട്ടുള്ള സപ്ലൈകൾ മാത്രം ഇടപാട് നടത്തുന്ന ഒരു വ്യക്തി, അയാളുടെ വിറ്റുവരവ് എത്രയായിരുന്നാലും റെജിസ്ട്രേഷൻ നടത്താൻ ബാദ്ധ്യസ്ഥനല്ല. ജി.എസ്.ടി. ആക്ടിന്റെ സെക്ഷൻ 23(1)(എ) കാണുക.

ചോ: എന്റെ വിറ്റുവരവ് നിർദ്ദിഷ്ട ത്രെഷ്ഹോൾഡ് പരിധിയിലും കുറവാണെങ്കിൽ പോലും ഞാൻ സ്വമേധയാ റെജിസ്റ്റർ ചെയ്യുന്നു. റെജിസ്ട്രേഷന് ശേഷം നടത്തിയ സപ്ലൈകൾക്ക് ഞാൻ നികുതി അടയ്ക്കേണ്ട ആവശ്യമുണ്ടോ?

ഉ:അതെ. വിറ്റുവരവ് നിർദ്ദിഷ്ട ത്രെഷ്ഹോൾഡ് പരിധിയിലും കുറവാണെങ്കിൽ പോലും നിങ്ങൾ സ്വമേധയാ റെജിസ്റ്റർ എടുക്കുകയാണെങ്കിൽ, നിങ്ങളെ ഒരു സാധാരണ നികുതിവിധേയനായ വ്യക്തിയായി പരിഗണിക്കുന്നതും, സപ്ലൈകൾ റെഡിസ്ട്രേഷനുള്ള

ത്രെഷ്ഹോൾഡിനും താഴെയാണെങ്കിൽ പോലും അവയ്ക്ക് നിങ്ങൾ നികുതി അടയ്ക്കേണ്ടത് ആവശ്യമായിരിക്കുന്നതുമാണ്. നിങ്ങൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കുന്നതിനുള്ള അവകാശവും ഉണ്ടായിരിക്കുന്നതാണ്.

ചോ:നികുതിദായകന് എങ്ങനെയാണ് സർട്ടിഫിക്കറ്റ് ഓഫ് റെജിസ്ട്രേഷൻ ലഭിക്കുന്നത്?

ഉ:നികുതിദായകന് ജി.എസ്.ടി. കോമൺ പോർട്ടലിൽ (www.gst.gov.in) നിന്ന് ഓൺലൈനായി സർട്ടിഫിക്കറ്റ് ഓഫ് റെജിസ്ട്രേഷൻ സ്വയം ഡൗൺലോഡ് ചെയ്യാനാവും.

ചോ: ഒരിക്കൽ സമർപ്പിച്ച റെജിസ്ട്രേഷൻ വിശദാംശങ്ങൾ പിന്നീട് ഭേദഗതി ചെയ്യാനാവുമോ?

ഉ: അതെ, ഭേഗദതിയ്ക്കുള്ള അഭ്യർത്ഥന ഓൺലൈനായി നടത്തേണ്ടതാണ്. റെജിസ്ട്രേഷൻ വിശദാംശങ്ങളിലെ എല്ലാ ഭേദഗതികളും, അനുവദിക്കപ്പെട്ടിട്ടില്ലാത്ത ചില കാതലായ ഫീൾഡുകൾ ഒഴികെ, ഫോം ജി.എസ്.ടി. ആർ.ഇ.ജി-14ൽ ഭേദഗതിയുടെ വിശദാംശങ്ങൾ പൂരിപ്പിക്കുക മാത്രം ചെയ്ത്, ഒരുദ്യോഗസ്ഥന്റെയും ഇടപെടൽ കൂടാതെ സിസ്റ്റത്തിൽ ഭേദഗതി ചെയ്യാനാവും. ചില ഭേദഗതികൾക്ക്, അനുമതിയും ആവശ്യമായേക്കാം. അനുമതി ആവശ്യമായ ഫീൾഡുകൾക്കുള്ള ഉദാഹരണങ്ങളാണ് - ബിസിനസ്സിന്റെ നിയമപരമായ പേര്, ബിസിനസ്സിന്റെ സ്ഥലത്തിന്റെ മേൽവിലാസം, ബിസിനസ്സിന്റെ ദൈനംദിന കാര്യങ്ങളുടെ ഉത്തരവാദിത്തമുള്ള പാർട്ട്ണർമാർ അല്ലെങ്കിൽ ഡയറക്ടർമാർ മുതലായവരുടെ കൂട്ടിച്ചേർക്കൽ, ഒഴിവാക്കൽ അല്ലെങ്കിൽ വിരമിക്കൽ. ഒരുവിധ അനുമതിയും കൂടാതെ ഭേദഗതി ചെയ്യാനാവുന്ന ഫീൾഡുകൾക്കുള്ള ഉദാഹരണമാണ് - ടെലിഫോൺ നമ്പർ, ഇമെയിൽ ഐ.ഡി., ബാങ്ക് അക്കൗണ്ട് എന്നിവയിലെ വ്യത്യാസം

ചോ: ഒരു വ്യക്തി ഏത് സംസ്ഥാനത്താണ് റെജിസ്റ്റേർഡ് ആവുക?

ഉ: റെജിസ്റ്റേർഡ് ആകാൻ ബാദ്ധ്യസ്ഥനായ ഒരു വ്യക്തി ജി.എസ്.ടി.യ്ക്കു കീഴിൽ ഔട്ട്വേർഡ് സപ്ലൈകൾ നടത്തുന്നതോ നടത്താൻ ഉദ്ദേശിക്കുന്നതോ ഏത് സംസ്ഥാനത്ത് നിന്നാണോ ആ ഓരോ സംസ്ഥാനത്തും റെജിസ്ട്രേഷന് അപേക്ഷിക്കേണ്ടത് ആവശ്യമാണ്. ഒരു സംസ്ഥാനത്തിനുള്ളിൽ ഒന്നിൽ കൂടുതൽ റെജിസ്ട്രേഷൻ എടുക്കാൻ നികുതിദായകന് സ്വാതന്ത്ര്യമുണ്ടെങ്കിലും, ഓരോ സംസ്ഥാനത്തിനുള്ളിലും സാധാരണഗതിയിൽ ഒരു റെജിസ്ട്രേഷൻ മാത്രം എടുക്കേണ്ട ആവശ്യമേയുള്ളൂ.

ചോ: എല്ലാ ഉല്പാദകരും ജി.എസ്.ടി.യ്ക്ക് കീഴിൽ റെജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാണോ?

ഉ:അല്ല. ത്രെഷ്ഹോൾഡ് അല്ലെങ്കിൽ സപ്ലൈയുടെ സ്വഭാവം എന്തുതന്നെയായിരുന്നാലും ഒരു ഉല്പാദകൻജി.എസ്.ടി.യ്ക്ക് കീഴിൽ റെജിസ്റ്റർ ചെയ്യേണ്ടത് ആവശ്യമാക്കുന്ന ഒരു വ്യവസ്ഥയുമില്ല. ഉദാഹരണത്തിന്, ഒഴിവാക്കപ്പെട്ട ചരക്കുകൾ മാത്രം കൈകാര്യം ചെയ്യുന്ന ഉല്പാദകൻ അല്ലെങ്കിൽ തന്റെ വിറ്റുവരവ് ഒരു സംസ്ഥാനത്തിനുള്ളിൽ മാത്രമായിരിക്കുന്നതും 40 ലക്ഷത്തിൽ താഴെയായിരിക്കുന്നതുമായ ഉല്പാദകൻ, റെജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല.

ചോ: ഒരു നികുതി ഇൻവോയിസ് ഇഷ്യു ചെയ്യുന്നതിന് ആർക്കാണ് ബാദ്ധ്യത? എത്ര പകർപ്പുകളാണ് ഇഷ്യു ചെയ്യേണ്ടത്?

ഉ:ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ അല്ലെങ്കിൽ രണ്ടും കൂടി സപ്ലൈ ചെയ്യുന്ന ഓരോ റെജിസ്റ്റർഡ് വ്യക്തിയും (കോമ്പോസിഷന്റെ ആനുകൂല്യം പ്രയോജനപ്പെടുത്തുന്ന ഒരു റെജിസ്റ്റേർഡ് വ്യക്തിയും അല്ലെങ്കിൽ ഒഴിവാക്കപ്പെട്ട ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ വിതരണം ചെയ്യുന്ന ഒരു റെജിസ്റ്റേർഡ് വ്യക്തിയും അല്ലാതെയുള്ളവർ) നികുതി ഇൻവോയിസ് ഇഷ്യു ചെയ്യേണ്ടത് ആവശ്യമാണ്. ഇൻവോയിസ് ട്രിപ്ലിക്കേറ്റിലാണ് ഇഷ്യൂ ചെയ്യേണ്ടത്. ഒറിജിലൽ വാങ്ങുന്നയാൾക്കും, ഡ്യുപ്ലിക്കേറ്റ് ട്രാൻസ്പോർട്ടർക്കും ട്രിപ്ലിക്കേറ്റ് പകർപ്പ് വില്പനക്കാരന്റെ രേഖയ്ക്കും ഉള്ളതാണ്. കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള അല്ലെങ്കിൽ ഒഴിവാക്കപ്പെട്ട ചരക്കുകൾ അല്ലെങ്കിൽ സേവനങ്ങൾ വിതരണം ചെയ്യുന്ന ഒരു റെജിസ്റ്റേർഡ് വ്യക്തി നികുതി ഇൻവോയിസിനു പകരം ഒരു ബിൽ ഓഫ് സപ്ലൈ ഇഷ്യൂ ചെയ്യേണ്ടതാണ്.

ചോ: നികുതി ഇൻവോയിസിൽ അടങ്ങിയിരിക്കേണ്ട വിശദാംശങ്ങൾ എന്തെല്ലാമാണ്?

ഉ:നികുതി ഇൻവോയിസിൽ അതുമായി ബന്ധപ്പെട്ട ചട്ടം 46ൽ വ്യക്തമാക്കിയിട്ടുള്ള വിശദാംശങ്ങൾ അടങ്ങിയിരിക്കണം. ചട്ടങ്ങളിൽ വ്യക്തമാക്കിയിരിക്കുന്ന സുപ്രധാന വിശദാംശങ്ങൾ - സപ്ലൈയറുടെയും സ്വീകർത്താവിന്റെയും (ആവശ്യമെങ്കിൽ) പേര്, മേൽവിലാസം, ജി.എസ്.ടി.ഐ.എൻ എന്നിവ, ഇൻവോയിസിന്റെ ഒരു വ്യതിരിക്ത നമ്പറും ഇഷ്യു ചെയ്ത തീയതിയും, ചരക്കുകളുടെ വിവരണം, ചരക്കുകളുടെ മൂല്യം, നികുതിയുടെ നിരക്ക്, നികുതിയുടെ തുക, ഒപ്പ് മുതലായവ.

ചോ: ഇടപാടിന്റെ മൂല്യം തീരെ കുറവാണെങ്കിൽ പോലും ഇൻവോയിസുകൾ ഇഷ്യു ചെയ്യേണ്ടത് ആവശ്യമാണോ?

ഉ: സ്വീകർത്താവ് ഒരു റെജിസ്റ്റേർഡ് വ്യക്തി അല്ലാതിരിക്കുകയും സ്വീകർത്താവ് ഇൻവോയിസ് ആവശ്യപ്പെടാതിരിക്കുകയും ചെയ്യുന്നു എങ്കിൽ, സപ്ലൈചെയ്ത ചരക്കുകളുടെ/സേവനങ്ങളുടെ മൂല്യം 200 രൂപയിൽ കുറവാണെങ്കിൽ ഒരു റെജിസ്റ്റേർഡ് വ്യക്തി നികുതി ഇൻവോയിസ് ഇഷ്യൂ ചെയ്യേണ്ടതില്ല (സ്വീകർത്താവ് ഇൻവോയിസ് ആവശ്യപ്പെടുകയാണെങ്കിൽ, മൂല്യം എത്ര തന്നെയായാലും അത് ഇഷ്യു ചെയ്യേണ്ടതാണ്). അത്തരം കേസുകളിൽ, റെജിസ്റ്റേർഡ് വ്യക്തി അത്തരത്തിലുള്ള എല്ലാ സപ്ലൈകളെയും സംബന്ധിച്ച് ദിവസത്തിന്റെ അവസാനത്തിൽ ഒരു കൺസോളിഡേറ്റഡ് ഇൻവോയിസ് ഇഷ്യു ചെയ്യേണ്ടതാണ്.

ചോ: ചരക്കുകൾക്കുള്ള ഒരു നികുതി ഇൻവോയിസ് എപ്പോഴാണ് ഇഷ്യു ചെയ്യേണ്ടത്?

ഉ:ചരക്കുകൾക്കുള്ള നികുതി ഇൻവോയിസ് ചരക്കുകളുടെ നീക്കത്തിന്റെ/ഡെലിവറിയുടെ സമയത്തോ അതിനു മുമ്പോ ഇഷ്യു ചെയ്യേണ്ടതാണ്. ചരക്കുകളുടെ തുടർച്ചയായുള്ള സപ്ലൈയുടെ കാര്യത്തിൽ, അത് സ്റ്റേറ്റ്മെന്റ് ഓഫ് അക്കൗണ്ട്സ്/റിസീപ്റ്റ് ഓഫ് പേയ്മെന്റ് ഇഷ്യു ചെയ്യുന്ന സമയത്തോ അതിനു മുമ്പോ ഇഷ്യു ചെയ്യേണ്ടതാണ്.

ചോ: ഒഴിവാക്കപ്പെട്ട ചരക്കുകളുടെ സപ്ലൈയുടെ കാര്യത്തിൽ അല്ലെങ്കിൽ കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കുന്ന സാഹചര്യത്തിൽ, റെജിസ്റ്റേർഡ് വ്യക്തി ഒരു നികുതി ഇൻവോയിസ് ഇഷ്യൂ ചെയ്യേണ്ട ആവശ്യമുണ്ടോ? ഒരു ബിൽ ഓഫ് സപ്ലൈ ഒരു നികുതി ഇൻവോയിസിൽ നിന്നും എത്തരത്തിൽ വ്യത്യസ്തമായിരിക്കുന്നു?

ഉ: ഇല്ല. അത്തരം സാഹചര്യങ്ങളിൽ, റെജിസ്റ്റേർഡ് വ്യക്തി ഒരു ബിൽ ഓഫ് സപ്ലൈ ആണ് ഇഷ്യൂ ചെയ്യേണ്ടത്, ഒരു നികുതി ഇൻവോയിസ് അല്ല. ഒരു ബിൽ ഓഫ് സപ്ലൈ ഒരു നികുതി ഇൻവോയിസിൽ നിന്നും അതിന്റെ പേരിലും ഉള്ളടക്കത്തിലും വ്യത്യസ്തമായിരിക്കുന്നു. ഒരു ബിൽ ഓഫ് സപ്ലൈയിൽ പ്രദാനം ചെയ്യേണ്ട വിശദാംശങ്ങളിൽ മിക്കതും നികുതി ഇൻവോയിസിലേതിനു സമാനമായിരിക്കുമ്പോൾ തന്നെ, ബിൽ ഓഫ് സപ്ലൈയിൽ നികുതിയുടെ നിരക്കും ചാർജ് ചെയ്തിരിക്കുന്ന തുകയും, ആയത് പിരിക്കാനാവാത്തതിനാൽ, ഉൾപ്പെടുത്തിയിരിക്കില്ല.

ചോ: ചരക്കുകൾ സെമി-നോക്ക്ഡ് ഡൗൺ അവസ്ഥയിൽ ട്രാൻസ്പോർട്ട് ചെയ്യുകയാണെങ്കിൽ, എപ്പോഴാണ് പൂർണ്ണ ഇൻവോയിസ് ഇഷ്യൂ ചെയ്യേണ്ടത്?

ഉ: ചരക്കുകൾ സെമി-നോക്ക്ഡ് ഡൗൺ അവസ്ഥയിൽ ട്രാൻസ്പോർട്ട് ചെയ്യുമ്പോൾ, പൂർണ്ണ ഇൻവോയിസ് ആദ്യ കൺസൈൻമെന്റിന്റെ ഡിസ്പാച്ചിനു മുമ്പ് ഇഷ്യൂ ചെയ്യേണ്ടതാണ്. തുടർന്നുള്ള കൺസൈൻമെന്റുകൾക്ക് ഡെലിവറി ചെല്ലാൻ ഇഷ്യൂ ചെയ്യേണ്ടതാണ്. ഇൻവോയിസിന്റെ അസ്സൽ അവസാന കൺസൈൻമെന്റിനോടൊപ്പം അയച്ചുകൊടുക്കേണ്ടതാണ്.

ചോ: ചെറിയ വ്യാപാരികൾക്കും ഉല്പാദകർക്കും ജി.എസ്.ടി.യ്ക്കു കീഴിൽ നികുതികൾ അടയ്ക്കുന്നതിനുള്ള ഏതെങ്കിലും സ്കീമുണ്ടോ?

ഉ: അതെ. ചരക്കുകളുടെ സപ്ലൈയ്ക്ക് 150 ലക്ഷം രൂപ (ജമ്മു കാശ്മീരും ഉത്തരാഖണ്ഡും ഒഴികെയുള്ള സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങൾക്ക് 75 ലക്ഷം രൂപ) വരെ വിറ്റുവരവുള്ള ചെറിയ നികുതിദായകർക്ക് നികുതി ചുമത്തുന്നതിനായി രൂപകല്പന ചെയ്തിരിക്കുന്ന ഒരു ബദൽ രീതിയാണ് കോമ്പോസിഷൻ ലെവി. അത് ഒരു തരത്തിലുള്ള വിറ്റുവരവ് നികുതിയാണ്.സ്കീമിന്റെ ഉദ്ദേശ്യം ചെറിയ നികുതി ദായകർക്ക് ലളിതവത്കരിച്ച ഒരു നികുതി പേയ്മെന്റ് സംവിധാനം പ്രദാനം ചെയ്യുക എന്നുള്ളതാണ്. ഈ സ്കീം ഐച്ഛികവും പ്രധാനമായും ചെറിയ വ്യാപാരികൾക്കും, ഉല്പാദകർക്കും, റെസ്റ്റോറന്റുകൾക്കും ഉള്ളതുമാണ്.

കോമ്പോസിഷൻ സ്കീം, കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപ വരെ വാർഷിക വിറ്റുവരവുള്ള, സേവനങ്ങളുടെ സപ്ലൈയർമാർക്ക് (നിലവിൽ ലഭ്യമായ കോമ്പോസിഷൻ സ്കീമിന് അർഹതയില്ലാത്തവർക്ക്) 6% നികുതി നിരക്കിൽ 3% സി.ജി.എസ്.ടി. + 3% എസ്.ജി.എസ്.ടി.)കോമ്പോസിഷൻ സ്കീം ലഭ്യമാക്കിയിട്ടുണ്ട്. അവർ ത്രൈമാസ നികുതി അടവുകളോടെ ഒരു വാർഷിക റിട്ടേൺ ഫയൽ ചെയ്യുന്നതിന് ബാദ്ധ്യസ്ഥരാണ്. ഇത് 01.04.2019 മുതൽ പ്രാബല്യത്തിലാക്കിയിട്ടുണ്ട്.

ചോ: കോമ്പോസിഷൻ ലെവിക്ക് ഓപ്റ്റ് ചെയ്യുന്നതിനുള്ള അർഹതാ മാനദണ്ഡം എന്താണ്? സി.ജി.എസ്.ടി., എസ്.ജി.എസ്.ടി. ഉദ്ദേശ്യത്തിനായി കോമ്പൻസേഷൻ ലെവിയ്ക്കുള്ള വിറ്റുവരവ് പരിധി 50 ലക്ഷം രൂപ ആയിട്ടുള്ള സ്പെഷ്യൽ കാറ്റഗറി സംസ്ഥാനങ്ങൾ ഏതെല്ലാമാണ്?

ഉ: കോമ്പോസിഷൻ സ്കീം, കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ മൊത്തം വിറ്റുവർ 150 ലക്ഷം രൂപ അധികരിക്കാത്ത, ചരക്കുകളുടെ സപ്ലൈയിൽ ഇടപെടുന്ന ചെറിയ നികുതിദായകർക്ക് ജി.എസ്.ടി. അടയ്ക്കുന്നതിന് ലഭ്യമായിട്ടുള്ള ഒരു സ്കീം ആണ്. ചില സംസ്ഥാനങ്ങളുടെ കാര്യത്തിൽ കഴിഞ്ഞ ധനകാര്യ വർഷത്തിലെ വിറ്റുവരവിന്റെ പരിധി 75 ലക്ഷം രൂപയാണ് - അരുണാചൽ പ്രദേശ്, മണിപ്പൂർ, മേഘാലയ, മിസോറാം, നാഗാലാൻഡ്, സിക്കിം, ത്രിപുര, ഉത്തരാഖണ്ഡ് എന്നിവയാണ് ആ സംസ്ഥാനങ്ങൾ.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കുന്നതിനുള്ള അറിയിപ്പ് ഒരു നികുതി വിധേയനായ വ്യക്തിക്ക് നല്കേണ്ടത് ഏത് രൂപത്തിലാണ്?

ഉ: കോമ്പോസിഷൻ സ്കീം ഐച്ഛികമാണ്. ഒരു പുതിയ നികുതി ദായകൻ ആ ഓപ്ഷൻ പ്രയോജനപ്പെടുത്തി എന്നുള്ള അറിയിപ്പ് ഫോം ജി.എസ്.ടി. ആർ.ഇ.ജി-01ൽ ഇലക്ട്രോണിക്കായി നടത്തേണ്ടതാണ്. ഇതിനോടകം റെജിസ്ട്രേഷൻ കരസ്ഥമാക്കിയിട്ടുള്ളതും, പിന്നീട് കോമ്പോസിഷൻ ലെവിക്ക് കീഴിൽ പേയ്മെന്റിന് ഓപ്റ്റ് ചെയ്തിട്ടുള്ളതുമായ ഒരു വ്യക്തി ഫോം ജി.എസ്.ടി. ആർ.ഇ.ജി-02ൽ ഇലക്ട്രോണിക്കായി അറിയിപ്പ് നല്കേണ്ടത് ആവശ്യമാണ്.

ചോ: ഉല്പാദകർക്ക് കോമ്പോസിഷൻ ലെവി സ്കീമിലുള്ള നികുതിയുടെ നിരക്ക് എന്താണ്?

ഉ: ഉല്പാദകർക്കുള്ള കോമ്പോസിഷൻ നിരക്ക് സംസ്ഥാനത്തെ അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശത്തെ വിറ്റുവരവിന്റെ 1% ആണ് (0.5% സി.ജി.എസ്.ടി.യും 0.5% എസ്.ജി.എസ്.ടി.യും).

ചോ: എല്ലാ ഉല്പാദകർക്കും കോമ്പോസിഷൻ സ്കീമിന് അർഹതയുണ്ടോ?

ഉ: ചുവടെപറയുന്ന ഉല്പാദകർ ഒഴികെയുള്ള, ഉല്പാദകർക്ക് കോമ്പോസിഷൻ സ്കീം പ്രയോജനപ്പെടുത്തുന്നതിന് അർഹതയുണ്ട് -

എ) കഴിഞ്ഞ ധനകാര്യ വർഷത്തിലെ മൊത്തം വിറ്റുവരവ് 150 ലക്ഷം രൂപ അധികരിച്ചവർ;

ബി) ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അന്തർ സംസ്ഥാന ഔട്ട്വേർഡ് സപ്ലൈകൾ നടത്തുന്നവർ

സി) ഒരു ഇലക്ട്രോണിക് കൊമേഴ്സ് ഓപ്പറേറ്ററിലൂടെ ചരക്കുകളുടെ സപ്ലൈ നടത്തുന്നവർ

ഡി) ചുവടെ പറയുന്ന സാധനങ്ങളുടെ നിർമ്മാതാക്കൾ;

| ക്രമ നം. | താരിഫ് ശീർഷകം | വിവരണം |
|---|---|---|
| 1 | 2105 00 00 | ഐസ് ക്രീമും ഭക്ഷ്യയോഗ്യമായ മറ്റ് ഐസും, കൊക്കോ അടങ്ങിയതാണെങ്കിലും അല്ലെങ്കിലും |
| 2 | 2106 90 20 | പാൻ മസാല |
| 3 | 24 | പുകയിലയും നിർമ്മിതമായ പുകയില സബ്സ്റ്റിട്യൂട്ടുകളും |

ചോ: എപ്പോഴാണ് ഒരു റെജിസ്റ്റേർഡ് വ്യക്തി നികുതി അടയ്ക്കേണ്ടത്?

ഉ: ഒരു റെജിസ്റ്റേർഡ് വ്യക്തി പ്രതിമാസ അടിസ്ഥാനത്തിൽ തുടർന്നുള്ള മാസത്തിന്റെ 20ാം തീയതിക്ക് മുമ്പ് ജി.എസ്.ടി. അടയ്ക്കേണ്ടതാണ്. അയാൾ കോമ്പോസിഷൻ ലെവിക്ക് ഓപ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ ത്രൈമാസിക അടിസ്ഥാനത്തിൽ ത്രൈമാസം അവസാനിച്ച ശേഷമുള്ള മാസത്തിന്റെ 18ാം തീയതിക്ക് മുമ്പ് ജി.എസ്.ടി. അടയ്ക്കേണ്ടതാണ്.

ചോ: കോമ്പോസിഷൻ സ്കീം പ്രയോജനപ്പെടുത്തുന്ന ഒരു വ്യക്തി ഒരു ധനകാര്യ വർഷത്തിൽ, ആ ധനകാര്യ വർഷത്തിന്റെ നടപ്പിൽ വിറ്റുവരവ് 150 ലക്ഷം രൂപ/ 75 ലക്ഷം രൂപ അധികരിക്കുകയാണെങ്കിൽ, അതായത് അയാൾ ഡിസംബറിൽ വിറ്റുവരവ് 150 ലക്ഷം രൂപ/ 75 ലക്ഷം രൂപ അധികരിക്കുകയാണെങ്കിൽ, വർഷത്തിന്റെ ശേഷിക്കുന്ന ഭാഗത്തേക്ക്, അതായത് മാർച്ച് 31 വരെ, കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കാൻ അയാളെ അനുവദിക്കുമോ?

ഉ: ഇല്ല.കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കുന്നതിനുള്ള ഓപ്ഷൻധനകാര്യ വർഷത്തിന്റെ നടപ്പിൽ അയാളുടെ വിറ്റുവരവ് 150 ലക്ഷം രൂപ/ 75 ലക്ഷം രൂപ അധികരിക്കുന്ന ദിവസം മുതൽ ഇല്ലാതാകുന്നതാണ്. അയാൾ ത്രെഷ്ഹോൾഡ് പരിധി മറികടന്നു കഴിയുമ്പോൾ, അയാൾ സ്കീമിൽ നിന്ന് പിന്മാറുന്നതിനുള്ള ഒരു അറിയിപ്പ് അത് സംഭവിക്കുന്നതിന്റെ ഏഴ് ദിവസങ്ങൾക്കുള്ളിൽഫോം ജി.എസ്.ടി. സി.എം.പി.-04ൽ സമർപ്പിക്കേണ്ടതാണ്. അയാൾ ഇത് സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ഇൻപുട്ടുകളുടെയും മൂലധന ചരക്കുകളുടെയും സ്റ്റോക്കിന്റെ വിശദാംശങ്ങൾ അടങ്ങുന്ന ഒരു സ്റ്റേറ്റ്മെന്റും ഫോം ജി.എസ്.ടി. ഐ.ടി.സി.-01ൽ സമർപ്പിക്കേണ്ടതാണ്.ഇത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ചെയിനിൽ ചേരുന്നതിനും, പരിധി മറികടക്കുന്ന ദിവസത്തിൽ സ്റ്റോക്കിൽ കിടക്കുന്ന തന്റെ ഇൻപുട്ടുകൾക്ക്/ചരക്കുകൾക്ക് അയാൾ അയച്ച നികുതിയുടെ ക്രെഡിറ്റ് പ്രയോജനപ്പെടുത്തുന്നതിനും അയാളെ സഹായിക്കുന്നതാണ്.

ചോ: കോമ്പോസിഷൻ പ്രയോജനപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യത്തിനായി, കോമ്പോസിഷന്റെ ഉദ്ദേശ്യത്തിനായി മൊത്തം വിറ്റുവരവ് എങ്ങനെയാണ് കണക്കാക്കുന്നത്?

ഉ:മൊത്തം വിറ്റുവരവ് അഖിലേന്ത്യാ അടിസ്ഥാനത്തിലുള്ള വിറ്റുവരവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കേണ്ടതാണ്. അതിൽ പെർമനന്റ് അക്കൗണ്ട് നമ്പർ ഉള്ള വ്യക്തികളുടെ ചരക്കുകളുടെ അല്ലെങ്കിൽ സേവനങ്ങളുടെ അല്ലെങ്കിൽ രണ്ടിന്റെയും സപ്ലൈകൾ, കയറ്റുമതികൾ, അന്തർ സംസ്ഥാന സപ്ലൈകൾ എന്നിവയുടെ മൊത്തം മൂല്യം ഉൾപ്പെടുന്നതാണ് (റിവേഴ്സ് ചാർജ് അടിസ്ഥാനത്തിൽ ഒരു വ്യക്തി നികുതി അടയ്ക്കേണ്ടതായ ഇൻവേഡ് സപ്ലൈകളുടെ മൂല്യം ഒഴിവാക്കി) എന്നാൽ ജി.എസ്.ടി.യും സെസ്സും ഒഴിവാക്കുന്നതാണ്.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കാൻ ഓപ്റ്റ് ചെയ്ത ഒരു വ്യക്തിക്ക് തന്റെ ഇൻവേഡ് സപ്ലൈകളിന്മേൽ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്താനാവുമോ?

ഉ: ഇല്ല, കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കാൻ ഓപ്റ്റ് ചെയ്യുന്ന നികുതിവിധേയനായ ഒരു വ്യക്തി ക്രെഡിറ്റ് ചെയ്നിന് പുറത്താകുന്നതാണ്. കൈപ്പറ്റിയ സപ്ലൈകളിന്മേലുള്ള ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാൻ അയാൾക്കാവില്ല.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു നിർമ്മാതാവ് തന്റെ സപ്ലൈ ബില്ല് ചെയ്യേണ്ടത് എങ്ങനെയാണ്? ഒരു കോമ്പോസിഷൻ ഉല്പാദകനിൽ നിന്ന് ചരക്കുകൾ വാങ്ങുന്ന ഒരു റെജിസ്റ്റേർഡ് വ്യക്തിയ്ക്ക്ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാനാവുമോ?

ഉ: കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കാൻ ഓപ്റ്റ് ചെയ്ത ഒരു ഉല്പാദകന് തന്റെ പക്കൽ നിന്ന് സാധനം വാങ്ങിയ ആൾക്ക് ഒരു നികുതി ഇൻവോയിസ് നല്കാനാവില്ല, എന്നാൽ അയാൾ ഒരു ബിൽ ഓഫ് സപ്ലൈ ഇഷ്യൂ ചെയ്യേണ്ടതാണ്. അയാൾക്ക് തന്റെ ബിൽ ഓഫ് സപ്ലൈയിൽ നടത്തിയ സപ്ലൈകൾക്കു മേൽ നികുതിയൊന്നും പിരിക്കാനാവില്ല. സപ്ലൈയ്ക്ക് ചാർജ് ചെയ്തിരിക്കുന്ന വില മാത്രം അയാൾ കാണിക്കേണ്ടത് ആവശ്യമാണ്. അതിന്റെ അനന്തരഫലമായി, ഒരു കോമ്പോസിഷൻ ഉല്പാദകനിൽ നിന്ന് ചരക്കുകൾ വാങ്ങുന്ന റെജിസ്റ്റേർഡ് വ്യക്തിയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് എടുക്കാനാവില്ല.

ചോ: ഒരു വ്യക്തിക്ക് നിരവധി സംസ്ഥാനങ്ങളിൽ റെജിസ്ട്രേഷൻ ഉണ്ടെങ്കിൽ, അയാൾക്ക് ഒരു സംസ്ഥാനത്തിൽ മാത്രം, അതായത് മറ്റ് സംസ്ഥാനങ്ങളില്ലാതെ, കോമ്പോസിഷൻ ലെവിയ്ക്കു കീഴിൽ നികുതി അടയ്ക്കുന്നതിന് ഓപ്റ്റ് ചെയ്യാനാവുമോ?

ഉ: ഇല്ല. കോമ്പോസിഷൻ സ്കീം ഒരു സംസ്ഥാനത്ത് പ്രയോജനപ്പെടുത്തി എന്നുള്ളത്, മറ്റ് സംസ്ഥാനങ്ങളിൽ അതേ പെർമനന്റ് അക്കൗണ്ട് നമ്പറിൽ റെജിസ്റ്റർ ചെയ്തിട്ടുള്ള

ബിസിനസ്സിന്റെ മറ്റെല്ലാ സ്ഥലങ്ങളുമായി ബന്ധപ്പെട്ടുള്ള ഒരു അറിയിപ്പായി പരിഗണിക്കേണ്ടതാണ്.

ചോ: കോമ്പോസിഷൻ ലെവിയുടെ വാലിഡിറ്റി എന്താണ്?

ഉ: കോമ്പോസിഷൻ ലെവിക്കു കീഴിൽ നികുതി അടയ്ക്കാൻ ഒരു റെജിസ്റ്റേർഡ് വ്യക്തി തിരഞ്ഞെടുത്ത ഓപ്ഷൻ, നിയമത്തിൽ വ്യക്തമാക്കിയിട്ടുള്ള എല്ലാ വ്യവസ്ഥകളും അയാൾ പാലിക്കുന്നിടത്തോളം സാധുവായി തുടരുന്നതാണ്. ഓപ്ഷൻ പുതുക്കേണ്ട ആവശ്യമില്ല.

ചോ:കോമ്പോസിഷൻ ലെവിക്കു കീഴിൽ നികുതി അടയ്ക്കുന്ന ഒരു വ്യക്തിയ്ക്ക് സ്വമേധയാ സ്കീമിൽ നിന്ന് പിന്മാറാനാകുമോ?

ഉ: അതെ, കോമ്പൻസേഷൻ സ്കീമിൽ നിന്ന് പിന്മാറാൻ ഉദ്ദേശിക്കുന്ന റെജിസ്റ്റേർഡ് വ്യക്തിയ്ക്ക് ശരിയായി ഒപ്പിടുകയും വെരിഫൈ ചെയ്യുകയും ചെയ്ത ഫോം ജി.എസ്.ടി. സി.എം.പി.-04ലുള്ള അപേക്ഷ ഫയൽ ചെയ്യേണ്ടതാണ്. പിന്മാറുന്ന തീയതിയിൽ അയാൾ സ്റ്റോക്കിൽ സൂക്ഷിച്ചിട്ടുള്ള ഇൻപുട്ടുകളുടെ സ്റ്റോക്കിന്മേലും, പകുതി ഫിനിഷ് ചെയ്ത അല്ലെങ്കിൽ ഫിനിഷ് ചെയ്ത ചരക്കുകളിൽ അടങ്ങിയിട്ടുള്ള ഇൻപുട്ടുകളുടെ സ്റ്റോക്കിന്മേലും ഇൻപുട്ട് ടാക്സ് ക്ലെയിം ചെയ്യാൻ അയാൾ ആഗ്രഹിക്കുന്നു എങ്കിൽ, അയാൾ അത്തരം സ്റ്റോക്കിന്റെ വിശദാംശങ്ങൾ അടങ്ങിയ ഒരു സ്റ്റേറ്റ്മെന്റ് ഫോം ജി.എസ്.ടി. ഐ.ടി.സി.-01ൽ, പിന്മാറുന്നതിന്റെ മുപ്പത് ദിവസങ്ങൾക്കുള്ളിൽസമർപ്പിക്കേണ്ടത് ആവശ്യമാണ്.

ചോ: ഏതെങ്കിലും ഒരു സ്ഥലത്തെ പിന്മാറൽ അറിയിപ്പ് ബിസിനസ്സിന്റെ എല്ലാ സ്ഥലങ്ങൾക്കും ബാധകമാണോ?

ഉ: അതെ. ഏതെങ്കിലും സംസ്ഥാനത്തെ അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശത്തെ ഏതെങ്കിലും സ്ഥലത്തെ ബിസിനസ്സുമായി ബന്ധപ്പെട്ടുള്ള പിന്മാറലിന്റെ ഏത് അറിയിപ്പും അല്ലെങ്കിൽ അപേക്ഷയും, അതേ പെർമനന്റ് അക്കൗണ്ട് നമ്പറിന്മേൽ റെജിസ്റ്റർ ചെയ്തിട്ടുള്ള ബിസിനസ്സിന്റെ മറ്റ് സംസ്ഥാനങ്ങളെ സംബന്ധിച്ചുള്ള പിന്മാറലിനുള്ള ഒരു അറിയിപ്പായി പരിഗണിക്കേണ്ടതാണ്.

ചോ: കോമ്പോസിഷൻ സ്കീനു കീഴിൽ നികുതി അടയ്ക്കുന്ന ഒരു വ്യക്തിയ്ക്ക് ചരക്കുകൾ കയറ്റുമതി ചെയ്യാനോ എസ്.ഇ.സെഡിലേക്ക് സപ്ലൈ ചെയ്യാനോ സാധിക്കുമോ?

ഉ: ഇല്ല, കാരണം കയറ്റുമതികളും ഡൊമെസ്റ്റിക താരിഫ് ഏര്യയിൽ നിന്ന് എസ്.ഇ.സെഡിലേക്ക് സപ്ലൈകളും അന്തർ സംസ്ഥാന സപ്ലൈ ആയിട്ടാണ് പരിഗണിക്കുന്നത്. കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കുന്ന വ്യക്തിക്ക് ചരക്കുകളുടെ അന്തർ സംസ്ഥാന ഔട്ട്വേഡ് സപ്ലൈ നടത്താനാവില്ല.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിൽ ഒരു റെജിസ്റ്റേർഡ് വ്യക്തിയ്ക്ക് എങ്ങനെയാണ് പേയ്മെന്റുകൾ നടത്താനാവുക?

ഉ:കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു റെജിസ്റ്റേർഡ് വ്യക്തിയ്ക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ഉണ്ടായിരിക്കില്ല. അയാൾ തന്റെ എല്ലാ നികുതി പേയ്മെന്റുകളും കോമൺ പോർട്ടലിൽ നിലനിർത്തിയിട്ടുള്ള ക്യാഷ് ലെഡ്ജറിൽ ഡെബിറ്റ് ചെയ്ത് നടത്തേണ്ടതാണ്. നികുതിദായകന് തന്റെ സൗകര്യമനുസരിച്ച് ഏത് സമയത്തും ഇലക്ട്രോണിക് ക്യാഷ് ലെഡ്ജറിൽ ക്യാഷ് ഡെപോസിറ്റ് ചെയ്യാവുന്നതാണ്.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിൽ ഒരു റെജിസ്റ്റേർഡ് വ്യക്തി ഓരോ മാസവും തന്റെ നികുതി അടയ്ക്കണോ?

ഉ: വേണ്ട, കോമ്പോസിഷൻ സ്കീമിനു കീഴിൽ ഒരു റെജിസ്റ്റേർഡ് വ്യക്തി ഓരോ മാസവും തന്റെ നികുതി അടയ്ക്കുന്നതല്ല. കോമ്പോസിഷൻ സ്കീമിന് കീഴിലുള്ള നികുതിദായകരെ, ഒരു ത്രൈമാസിക അടിസ്ഥാനത്തിൽ അത്തരം ത്രൈമാസത്തിന്റെ തുടർന്നുള്ള മാസത്തിന്റെ 18ാം തീയതി വരെ സ്വയം കണക്കുകൂട്ടിയ നികുതി അടയ്ക്കാനും മുൻ ധനകാര്യ വർഷത്തേക്ക് ഏപ്രിൽ 30ാം തീയതി വരെ ഒരു റിട്ടേൺ ഫയൽ ചെയ്യാനും അനുവദിച്ചിട്ടുണ്ട്.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു ഉല്പാദകൻ പരിപാലിക്കേണ്ടത് ആവശ്യമായിട്ടുള്ള അക്കൗണ്ടുകൾ ഏതെല്ലാമാണ്?

ഉ: അക്കൗണ്ടുകളെയും റിക്കോർഡുകളെയും സംബന്ധിച്ചുള്ള നിയമങ്ങൾ പരിപാലിക്കേണ്ട അക്കൗണ്ടുകളുടെ വിശദാംശങ്ങൾ നല്കുന്നു. അവ ഏത് ചെറിയ ഉല്പാദകരും സാധാരണ ബിസിനസ്സിൽ പരിപാലിക്കുന്നവയാണ്.അക്കൗണ്ടുകളിൽ പരിപാലിക്കേണ്ട വിശദാംശങ്ങളിൽ, മറ്റുള്ളവയുടെ കൂട്ടത്തിൽ, സപ്ലൈ ചെയ്ത ചരക്കുകൾ, റിവേഴ്സ് ചാർജുകൾ ആകർഷിക്കുന്ന ഇൻവേഡ് സപ്ലൈകൾ, ഇൻവോയിസുകൾ, ബിൽസ് ഓഫ് സപ്ലൈ, ഡെലിവറി ചെല്ലാനുകൾ, ക്രെഡിറ്റ് നോട്ടുകൾ, ഡെബിറ്റ് നോട്ടുകൾ, രസീത് വൗച്ചറുകൾ, പേയ്മെന്റ് വൗച്ചറുകൾ, റീഫണ്ട് വൗച്ചറുകൾ മുതലായവയാണ്.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു ഉല്പാദകൻ സ്വീകരിക്കുകയും നടത്തുകയും ചെയ്ത ഓരോ സപ്ലൈയുടെയും അക്കൗണ്ടിന്റെ വിശദാംശങ്ങൾ പരിപാലിക്കേണ്ടത് ആവശ്യമാണോ?

ഉ: ഇല്ല, സ്വീകരിച്ചതും സപ്ലൈ ചെയ്തതുമായ ചരക്കുകൾ, ജോലിയിലെ പുരോഗതി, നഷ്ടമായവ, നശിച്ചുപോയവ മുതലായവയുമായി ബന്ധപ്പെട്ട് സ്റ്റോക്കുകളുടെ വിശദമായ അക്കൗണ്ടുകൾ പരിപാലിക്കേണ്ട ആവശ്യകത, കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു ഉല്പാദകന് ബാധകമാകുന്നതല്ല. അത്തരത്തിലുള്ള ഒരു വ്യക്തി ചരക്കുകളുടെ ഉല്പാദനത്തിന്റെ അല്ലെങ്കിൽ നിർമ്മാണത്തിന്റെ, ചരക്കുകളുടെ ഇൻവേഡ് സപ്ലൈയും ഔട്ട്വേഡ് സപ്ലൈയും, ചരക്കുകളുടെ സ്റ്റോക്ക്, അടയ്ക്കേണ്ട നികുതി, അടച്ച നികുതി എന്നിവയുടെ സത്യസന്ധമായ അക്കൗണ്ട് പരിപാലിക്കേണ്ടതാണ്.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു ഉല്പാദകൻ ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ അക്കൗണ്ട് പരിപാലിക്കേണ്ടത് ആവശ്യമാണോ?

ഉ: കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു ഉല്പാദകൻ ഇൻപുട്ട് ടാക്സ്, ക്ലെയിം ചെയ്യുന്ന ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് മുതലായവയുടെ അക്കൗണ്ട് പരിപാലിക്കേണ്ട് ആവശ്യമില്ല, കാരണം അയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്താനുള്ള അനുവാദമോ, വാങ്ങുന്നയാൾക്ക് ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് പ്രയോജനപ്പെടുത്താനാവുന്ന നികുതി കാണിക്കുന്ന ഒരു ഇൻവോയിസ് ഇഷ്യൂ ചെയ്യുന്നതിനോ സാധിക്കുക ഇല്ല.

ചോ: കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു ഉല്പാദകന് തന്റെ അക്കൗണ്ടുകൾ മാനുവലായി പരിപാലിക്കാനാവുമോ? അയാൾക്ക് തന്റെ ബിൽ ഓഫ് സപ്ലൈ മാനുവലായി ഇഷ്യൂ ചെയ്യാനാവുമോ?

ഉ: അതെ, കോമ്പോസിഷൻ സ്കീമിനു കീഴിലുള്ള ഒരു ഉല്പാദകന് മാനുവലായി തന്റെ അക്കൗണ്ടുകൾ ക്രമമായി നമ്പർ ചെയ്തിട്ടുള്ള റെജിസ്റ്ററുകളിൽ പരിപാലിക്കാനും, ഇതുമായി ബന്ധപ്പെട്ട ചട്ടങ്ങളിൽ വ്യക്തമാക്കിയിട്ടുള്ള വ്യവസ്ഥകൾ പാലിച്ചുകൊണ്ട് മാനുവലായി ബിൽ ഓഫ് സപ്ലൈ ഇഷ്യു ചെയ്യുന്നതിനും സാധിക്കും

ചോ: കോമ്പൻസേഷൻ സ്കീമിനു കീഴിലുള്ള ഒരു റെജിസ്റ്റേർഡ് വ്യക്തി ഏതെങ്കിലും ഇൻപുട്ട് പർച്ചേസുകളുടെയും ഔട്ട്പുട്ട് സപ്ലൈകളുടെയും എച്.എസ്.എൻ. കോഡ് പറിക്കേണ്ടത് ആവശ്യമാണോ?

ഉ:: കോമ്പൻസേഷൻ സ്കീമിനു കീഴിലുള്ള ഒരു റെജിസ്റ്റേർഡ് വ്യക്തി ബിൽ ഓഫ് സപ്ലൈ അല്ലെങ്കിൽ റിട്ടേണിൽ തങ്ങളുടെ ഉല്പന്നങ്ങളുടെ എച്.എസ്.എൻ. കോഡ് സൂചിപ്പിക്കേണ്ട ആവശ്യമില്ല.

ചോ:കോമ്പൻസേഷൻ സ്കീമിനു കീഴിലുള്ള ഒരു റെജിസ്റ്റേർഡ് വ്യക്തി ഫയൽ ചെയ്യേണ്ടതായ റിട്ടേണിൽ സമർപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്നത് ഏതെല്ലാം വിശദാംശങ്ങളാണ്?

ഉ: റിട്ടേണിൽ പൂരിപ്പിക്കേണ്ടത് ആവശ്യമായിരിക്കുന്ന വിശദാംശങ്ങൾക്ക് ജി.എസ്.ടി.ആർ.-4 കാണേണ്ടതാണ്. അത് ഔട്ട്വേഡ് സപ്ലൈകൾ, റിവേഴ്സ് ചാർജ് ആകർഷിക്കുന്ന സേവനങ്ങളുടെ അല്ലെങ്കിൽ സപ്ലൈകളുടെ ഇറക്കുമതി, ഇൻവേഡ് സപ്ലൈകൾ എന്നിവയുടെ വിശദാംശങ്ങൾ എന്നിവ അടങ്ങിയ വളരെ ലളിതമായ ഒരു റിട്ടേണാണ്.

ചോ: ഒരു ഉല്പാദകന്/ ചരക്കുകളുടെ വ്യാപാരിക്ക് തന്റെ സേവന ഘടകം വളരെ ചെറുതാണെങ്കിൽ കോമ്പോസിഷൻ സ്കീം ഓപ്റ്റ് ചെയ്യാനാവുമോ?

ഉ: കോമ്പോസിഷൻ സ്കീമിനു കീഴിൽ നികുതി അടയ്ക്കുന്നതിന് ഓപ്റ്റ് ചെയ്യുന്ന ഒരു വ്യക്തിക്ക്, ഒരു സംസ്ഥാനത്ത് അല്ലെങ്കിൽ കേന്ദ്ര ഭരണ പ്രദേശത്ത് മുൻ ധനകാര്യ വർഷത്തിലെ വിറ്റുവരവിന്റെ 10% അല്ലെങ്കിൽ 5 ലക്ഷം രൂപ ഇതിലേതാണോ കൂടുതൽ അതിനെ അധികരിക്കാത്ത മൂല്യത്തിനുള്ള സേവനങ്ങൾ (ഷെഡ്യൂൾ ന്റെ ഖണ്ഡിക 6ന്റെ ക്ലോസ് (ബി)യിൽ സൂചിപ്പിച്ചിരിക്കുന്നവ അല്ലാതെയുള്ളത്) സപ്ലൈ ചെയ്യാനാവും.

ചോ: ഒരു സേവന ദാതാവിന് കോമ്പൻസേഷൻ സ്കീം ഓപ്റ്റ് ചെയ്യാനാവുമോ?

ഉ: അതെ. 01.04.2019 മുതൽ പ്രാബല്യത്തോടെ, സേവനങ്ങളുടെ മാത്രം സപ്ലൈയർമാർക്ക് അല്ലെങ്കിൽ സേവനങ്ങളുയെടും ചരക്കുകളുടെയും ഒരുമിച്ചുള്ള സപ്ലൈയർമാർക്ക് 50 ലക്ഷം രുപ വരെയുള്ള ആദ്യ ക്ലിയറൻസുകൾക്ക് കോമ്പൻസേഷൻ സ്കീമിന് ഓപ്റ്റ് ചെയ്യാവുന്നതാണ്. ഇത്തരം കേസുകളിൽ കോമ്പോസിഷൻ നികുതിയുടെ നിരക്ക് 6%ൽ നിജപ്പെടുത്തിയിരിക്കുന്നു.

***സെൻട്രൽ ബോർഡ് ഓഫ് ഇൻഡയറക്ട് ടാക്സസ് ആന്റ് കസ്റ്റംസ്***

***www.cbic.gov.in***

***സെൻട്രൽ ടാക്സ്, സെൻട്രൽ എക്സൈസ് & കസ്റ്റംസ്***
***തിരുവനന്തപുരം സോൺ,***

***cenexcisekochi.gov.in***

***സി. ആർ. ബിൽഡിങ്ങ്, ഐ.എസ്.പ്രസ് റോഡ്, കൊച്ചി – 682 018.***
***0484 2390404 2394105***